# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പന്തളം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി2/179/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/03/2026
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പന്തളം മുനിസിപ്പാലിറ്റി

സർ,

വിഷയം : പന്തളം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (എയിംസിൽ)
ജോയിന്റ് ഡയറക്ടർ (ത.സ്വ.ഭ.വ), പത്തനംതിട്ട

നമ്പർ: കെ.എസ്.എ.പി.റ്റി.എ/പി2/179/2026 തീയ്യതി: 16/03/2026

## പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2025 മുതൽ 31-12-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2025 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2026 | 29-01-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2026 | 29-01-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി വീണ സി., ഓഡിറ്റ് ഓഫീസർ

ശ്രീമതി സൂര്യപ്രഭ പി.സി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയപ്രഭ പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പി.അനിൽകുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുശീല സന്തോഷ് | ചെയർപേഴ്സൺ | 01-04-2024 | 03-12-2024 |
| ശ്രീ.അച്ചൻകുഞ്ഞ് ജോൺ | ചെയർമാൻ | 23-01-2025 | 31-03-2025 |
| ശ്രീമതി അനിത ഇ.ബി. | സെക്രട്ടറി | 01-04-2024 | 09-03-2025 |
| ശ്രീ രാജഗോപാലൻ പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2025 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനോയ് ബി.ജി. | ക്ലീൻ സിറ്റി മാനേജർ | 01-04-2024 | 15-07-2024 |
| ശ്രീ.സോൻ സുന്ദർ എസ്.എൽ. | ക്ലീൻ സിറ്റി മാനേജർ | 16-07-2024 | 31-03-2025 |
| ശ്രീ.കൃഷ്ണകുമാർ വി. | പ്രോജക്ട് ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഗിരിജകുമാരി കെ.എസ്. | അസി.സെക്രട്ടറി | 01-04-2024 | 12-09-2024 |
| ശ്രീ രാജഗോപാലൻ പി. | അസി.സെക്രട്ടറി | 19-09-2024 | 31-03-2025 |
| ഡോ.നിഷ എ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.നീതു സുരേഷ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2024 | 15-12-2024 |

| | | | |
|---|---|---|---|
| ഡോ.ഹരികുമാർ ആർ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 16-12-2024 | 31-03-2025 |
| ഡോ.അനീസ് | ചീഫ് വെറ്ററിനറി സർജൻ | 01-04-2024 | 03-12-2024 |
| ഡോ.അനിത ജി. | ചീഫ് വെറ്ററിനറി സർജൻ | 04-12-2024 | 18-12-2024 |
| ഡോ.ജൂലിയറ്റ് ജി.പിള്ള | ചീഫ് വെറ്ററിനറി സർജൻ | 19-12-2024 | 29-12-2024 |
| ഡോ.ജിൻസി ജോർജ്ജ് | ചീഫ് വെറ്ററിനറി സർജൻ | 30-12-2024 | 31-03-2025 |
| ശ്രീ.വിപിൻ വി. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.സുനിൽ കുമാർ ജി. | പ്രിൻസിപ്പൽ, ഹയർ സെക്കൻഡറി സ്കൂൾ | 01-04-2024 | 23-12-2024 |
| ശ്രീമതി ഗിരിജ എൻ. | പ്രിൻസിപ്പൽ, ഹയർ സെക്കൻഡറി സ്കൂൾ | 24-12-2024 | 31-03-2025 |
| ശ്രീമതി ശരണ്യ എസ്. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 07-08-2024 |
| ശ്രീമതി അശ്വതി വി. | ഐസിഡിഎസ് സൂപ്പർവൈസർ | 08-08-2024 | 31-03-2025 |
| ശ്രീമതി രഞ്ജിനി പികെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സേതുലക്ഷ്മി കെ. | പട്ടികജാതി വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി രാധിക എസ്. | അസി.എഞ്ചിനീയർ | 01-04-2024 | 19-09-2024 |
| ശ്രീ. തൃശ്ശി എസ്.ബാലൻ | അസി.എഞ്ചിനീയർ | 20-09-2024 | 07-01-2025 |
| ശ്രീ.ജയകുമാർ കെ. | അസി.എഞ്ചിനീയർ | 08-01-2025 | 31-03-2025 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ബാങ്ക് റീക്കൺസിലിയേഷൻ- ചെക്കുകളുടെ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | കൃത്യമായ ഹെഡുകളിൽ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ഗ്രാന്റ് തുകകളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-5 |
| 7 | ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടില്ല | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അദർ ലയബിലിറ്റീസ്-കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | സ്ഥിര നിക്ഷേപം-അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-9 |
| 11 | റിഡംഷൻ- നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് കൃത്യമല്ല | 1-1-10 |
| 12 | വസ്തു നികുതി- ഡി.സി.ബി തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | പിരിച്ചെടുക്കാനുള്ള നികുതി/നികുതിയേതര വരവ് - കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-12 |
| 14 | ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ - വാർഷിക കണക്കിലെയും രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ലേല വരവ് ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്തു | 1-1-14 |
| 16 | തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തില്ല | 1-1-15 |
| 17 | ഡെപ്പോസിറ്റുകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-16 |
| 18 | Prior Period Items-കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-17 |
| 19 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-18 |
| 20 | സാമൂഹ്യ സുരക്ഷാ പെൻഷൻ-വരവ് ചെലവുകൾ നെഗറ്റീവ് സംഖ്യകൾ | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 26 | ക്ഷേമ പദ്ധതികൾ | 1-7 |
| 27 | ക്യാഷ് പരിശോധന | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചു | 1-11 |
| 31 | വാണിജ്യ കെട്ടിടത്തിന് സ്റ്റോറേജ് ഗണത്തിൽ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചത് ചട്ടവിരുദ്ധം | 1-12 |
| 32 | അപ്പാർട്ട്മെന്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 1-13 |
| 33 | റോഡിന്റെ തരം, നികുതി നിരക്ക് എന്നിവ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 34 | നികുതി നിരക്കുകൾ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം വരുമാന നഷ്ടം | 1-15 |
| 35 | വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതകൾ | 1-16 |
| 36 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-17 |
| 37 | ചട്ട വിരുദ്ധമായി ഡെവലപ്പ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ അനുവദിച്ചു | 1-18 |
| 38 | മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-19 |
| 39 | വസ്തു നികുതി പരിഷ്ക്കരണം, കെ-സ്മാർട്ട് ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല | 1-20 |
| 40 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-21 |
| 41 | വിനോദ നികുതി ഈടാക്കുന്നില്ല | 1-22 |
| 42 | ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-23 |
| 43 | ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-24 |
| 44 | 2.91 കോടി രൂപ ചെലവഴിച്ച സ്കൂൾ കെട്ടിട നിർമ്മാണത്തിൽ അപാകം | 1-25 |
| 45 | ഭവന നിർമ്മാണം - പൂർത്തീകരിച്ച ഘട്ടത്തിന്റെ നിരക്കിലും അധികം തുക നൽകി | 1-26 |
| 46 | മൊബൈൽ എഫ് എസ്സ് റ്റി പി - പ്രവർത്തനം കാര്യക്ഷമമല്ല | 1-27 |
| 47 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങൽ - അപാകതകൾ | 1-28 |
| 48 | മുൻകൂർ തുക നൽകി - സമയപരിധി കഴിഞ്ഞിട്ടും ഡി.പി.ആർ ലഭ്യമാക്കിയില്ല | 1-29 |
| 49 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-30 |

| | | |
|---|---|---|
| 50 | വീട് മെയിന്റനൻസ്-മുൻകൂർ നൽകിയത് വ്യത്യസ്ത നിരക്കിൽ | 1-31 |
| 51 | ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 1-32 |
| 52 | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ - നിർവഹണചുമതലയിൽ ഉണ്ടായിരുന്ന പദ്ധതികൾ നടപ്പാക്കിയില്ല. | 1-33 |
| 53 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല. | 1-34 |
| 54 | അംഗൻവാടി പോഷകാഹാര പദ്ധതിക്കുള്ള കേന്ദ്ര വിഹിതം- പൂർണ്ണമായി ചെലവഴിക്കുന്നില്ല | 1-35 |
| 55 | വൃത്തി 2025 പദ്ധതി -അധികം ട്രാൻസ്ഫർ ചെയ്ത തുക തിരികെ ലഭിച്ചില്ല | 1-36 |
| 56 | സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ ഉണ്ടായിരുന്ന പദ്ധതികളിൽ പകുതി പോലും നടപ്പിലാക്കിയില്ല | 1-37 |
| 57 | ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല, വേതനക്കുടിശ്ശിക ഇനത്തിൽ അധിക തുക അനുവദിച്ചു | 1-38 |
| 58 | ഉപകരണങ്ങളും തൊഴിലാളികൾക്കുള്ള സുരക്ഷാ ഉപാധികളും വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു. | 1-39 |
| 59 | ടെണ്ടർ നടപടി കൂടാതെ ലാബ് സാമഗ്രികൾ വാങ്ങി | 1-40 |
| 60 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് പ്രതി വർഷം അധികം നൽകുന്നത് 8.06 ലക്ഷം രൂപ | 1-41 |
| 61 | നൽകിയത് 3.4 കോടി രൂപ - വെള്ളക്കരം കുറവ് ചെയ്തത് 11.37 ലക്ഷം രൂപ മാത്രം | 1-42 |
| 62 | ഡിസ്കണക്ഷൻ ഫീസ് ഒടുക്കിയിട്ടും പൊതുടാപ്പുകളുടെ എണ്ണം യഥാസമയം കുറവ് ചെയ്യുന്നില്ല | 1-43 |
| 63 | കൗൺസിൽ യോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം | 1-44 |
| 64 | പെൻഷൻ ഫണ്ട്- അവലോകനം | 1-45 |
| 65 | ചെലവഴിക്കാത്ത മുൻകൂർ തുക യഥാസമയം തിരിച്ചടച്ചില്ല- പലിശ ഈടാക്കാനുള്ളത് 40500രൂപ | 1-46 |
| 66 | ഓരോ ഇടപാടിനും ബാങ്ക് അധിക ചാർജ് ഈടാക്കുന്നു | 1-47 |
| 67 | എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഒടുക്കുന്നതിൽ കാലതാമസം-ഡാമേജ് ഒടുക്കിയത് 90292 രൂപ | 1-48 |
| 68 | തനത് ഫണ്ടിലേയ്ക്ക് തുക റീകൂപ്പ് ചെയ്യാൻ അവശേഷിക്കുന്നു | 1-49 |
| 69 | തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-50 |
| 70 | തനത് നികുതി സമാഹരണത്തിൽ കുറവ്- വികസന | 1-51 |

| | | |
|---|---|---|
| | ഫണ്ടിൽ നിന്നും നഷ്ടമായത് 3.27 ലക്ഷം രൂപ | |
| 71 | നഗരസഭയുടെ വികസനത്തിന് ലഭ്യമായ 5.15 കോടി രൂപ നഷ്ടപ്പെട്ടു | 1-52 |
| 72 | കരാറിലേർപ്പെടുന്നതിൽ ഉണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല | 1-53 |
| 73 | തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളില്ല | 1-54 |
| 74 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-55 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം അടച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പന്തളം മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 04-11-2025 തീയതിയിലെ 21(7)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 06-01-2026 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1 & 11.3, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്തളം മുനിസിപ്പാലിറ്റിയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31-03-2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
16/03/2026

## 1-1-1 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരമുള്ള അനുബന്ധ പത്രികയായ സെക്രട്ടറിയുടെ കുറിപ്പുകൾ (പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധന സഹായ റിപ്പോർട്ടുകൾ, അക്കൗണ്ടിംഗ് സംബന്ധിച്ച മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ കാണിക്കുന്നത്) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ബാങ്ക് റീക്കൺസിലിയേഷൻ- ചെക്കുകളുടെ വിശദാംശം ലഭ്യമല്ല

കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം ബാങ്ക് ട്രഷറി റീക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വർഷാവസാനം മാത്രമാണ് ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ

റീക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്. കെ-സ്മാർട്ടിലെ ഫിനാൻസ് റിപ്പോർട്ടിൽ നിന്ന് ലഭ്യമായ ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷനിൽ ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിലുള്ള ആകെ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്ത ചെക്കുകളുടേയും പണമാക്കാത്ത ചെക്കുകളുടേയും ചെക്ക് നമ്പർ/തീയതി, തുക ഉൾപ്പെടെയുള്ള വിശദാംശം രേഖപ്പെടുത്താത്തതിനാൽ റീക്കൺസിലിയേഷൻ പത്രികയിലെ രേഖപ്പെടുത്തൽ കൃത്യമാണെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

## 1-1-3 കൃത്യമായ ഹെഡുകളിൽ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല

വരവ് ചെലവുകൾ കൃത്യമായ ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല. ഉദാ. വാർഷിക കണക്ക് പ്രകാരം സെക്രട്ടറിയുടെ സാലറിയിനത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്ന തുക 7008191 രൂപയാണ്. ജീവനക്കാരുടെ ശമ്പളം അക്കൗണ്ട് ചെയ്യുന്നതിന് കെ-സ്മാർട്ടിൽ കൃത്യമായ ഹെഡ് ഉണ്ടെങ്കിലും സെക്രട്ടറിയുടെ ശമ്പളം അക്കൗണ്ട് ചെയ്യേണ്ട ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തത് മൂലമാണ് ഇങ്ങനെ സംഭവിച്ചത്.

അക്കൗണ്ടിംഗിലെ അപാകതമൂലം ബാലൻസ്ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് എന്നിവ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ, ആസ്തി ബാധ്യത എന്നിവയെ പ്രതിഫലിപ്പിക്കുന്നില്ല.

## 1-1-4 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

1) സ്പെസിഫിക് ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഉദാഹരണത്തിന് ശുചിത്വ മിഷൻ ഗ്രാന്റിന്റെ പി.എഫ്.എം.എസ്. അക്കൗണ്ടിൽ നിന്നും 10 ലക്ഷം രൂപ പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ എത്ര രൂപ നീക്കിയിരിപ്പുണ്ടെന്ന വിശദാംശം ലഭ്യമല്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

3) തൊഴിൽ നികുതി, വാടക, ലേലം തുടങ്ങിയ വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4) സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സ്റ്റോക്ക് ബാലൻസിന്റെ വിശദാംശങ്ങൾ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 ഗ്രാന്റ് തുകകളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി 4: Grants And Contributions For Specific Purpose: പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അനുബന്ധ രജിസ്റ്ററുകൾ, അലോട്ട്മെന്റ് രേഖകൾ എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഹെഡുകളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ലഭിക്കുന്ന ഗ്രാന്റുകളും അവയുടെ ചെലവും അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

ഉദാഹരണമായി ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം സെൻട്രൽ ഷെയർ ഇനത്തിൽ 72,89,692 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ തൻ വർഷം വരവ് വന്ന 44,46,097 രൂപ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 1-1-6 ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടില്ല

ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ നീക്കിയിരിപ്പില്ല. എന്നാൽ റിംഗ് കംപോസ്റ്റ് വിതരണ പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ നഗരസഭാ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത 46875 രൂപ സാമ്പത്തിക വർഷം തിരികെ നൽകിയതിന്റെ രേഖകൾ ലഭ്യമായില്ല. എ.സി.ആർ എഴുതി സൂക്ഷിക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ചെലവ് തുക പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്/അൺടൈഡ്) ഗ്രാന്റുകളുടെ വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ഗ്രാന്റിനം | വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവ്(I-6+ Capital Contribution) | സുലേഖ ചെലവ് പത്രിക | വ്യത്യാസം |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 14855462 | 14672638 | 182824 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് | 8425488+3276039= 11701527 | 6926194 | 4775333 |

## 1-1-8 അദർ ലയബിലിറ്റീസ്-കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി-9: Other Liabilities - ബാധ്യത സംബന്ധിച്ച കൃത്യമായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. മുൻ വർഷം ബാധ്യത കാണിച്ചിരിക്കുന്ന തുകകൾ ഈ വർഷവും ബാധ്യതയായി തുടരുകയാണ്.
നഗരസഭയുടെ ബാധ്യത സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. വിവിധ ഹെഡുകളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകളല്ല പിന്നീട് പേയ്മെന്റ് നടത്തിയിട്ടുള്ളത്.

## 1-1-9 സ്ഥിര നിക്ഷേപം-അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-12: Investments - നിലവിലുണ്ടായിരുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് പുറമേ തൻവർഷം 7100000 രൂപ ഐ.സി.ഐ.സി.ഐ ബാങ്കിൽ നിക്ഷേപിച്ചിരുന്നു. മേൽ ഇടപാട് ഷെഡ്യൂൾ ബി-12-ൽ സ്ഥിര നിക്ഷേപമായി അക്കൗണ്ട് ചെയ്യുന്നതിന് പകരം ബാങ്ക് നീക്കിയിരിപ്പായാണ് അക്കൗണ്ട് ചെയ്തത്.

## 1-1-10 റിഡംഷൻ- നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത് കൃത്യമല്ല

Receivables From Govt.-Redemption- കൃത്യമായ തുകയല്ല അക്കൗണ്ട് ചെയ്തിട്ടുള്ളത്. മുൻവർഷത്തെ തുക (₹1293289) തിരികെ ലഭിച്ചെങ്കിലും അക്കൗണ്ടിൽ ക്രമീകരിച്ചിട്ടില്ല.

## 1-1-11 വസ്തു നികുതി- ഡി.സി.ബി തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ കെ.സ്മാർട്ട് സോഫ്റ്റ്‌വെയറിലെ വസ്തുനികുതി മൊഡ്യൂളിലെ ഡി.സി.ബി. കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-12 പിരിച്ചെടുക്കാനുള്ള നികുതി/നികുതിയേതര വരവ് -കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

ഷെഡ്യൂൾ ബി-15: Sundry Debtors (Receivables)- തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക എന്നീ വരവിനങ്ങളുടെ തൻവർഷ/കുടിശ്ശിക തുകകളായി ലക്ഷങ്ങൾ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. ഈ നീക്കിയിരിപ്പ് തുകകളുടെ കൃത്യത രേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല

## 1-1-13 ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ - വാർഷിക കണക്കിലെയും രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-18: Miscellaneous Advance- ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല. വാർഷിക കണക്കിലെ തുകയും ബന്ധപ്പെട്ട രജിസ്റ്ററിലെ തുകയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസ് നൽകുന്നതിന്റേയും ക്രമീകരിക്കുന്നതിന്റേയും വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

## 1-1-14 ലേല വരവ് ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്തു

മാർക്കറ്റ് ലേലം ഉൾപ്പെടെയുള്ള ലേല വരവുകൾ Auction Deposit എന്ന ബാധ്യതാ ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തു.

## 1-1-15 തൊഴിലുറപ്പ് പദ്ധതിയുടെ വരവ്, ചെലവ് കണക്കുകൾ അക്കൗണ്ട് ചെയ്തില്ല

വാർഷിക കണക്കുകളിലെ I-14 ഷെഡ്യൂൾ (250200100 On Poverty Eradication Programme ) പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ചെലവും I-6 ഷെഡ്യൂൾ പ്രകാരം വരവും അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-16 ഡെപ്പോസിറ്റുകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

ഷെഡ്യൂൾ ബി-7: Deposits Received - നഗരസഭയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് നീക്കിയിരിപ്പുകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

## 1-1-17 Prior Period Items-കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

ഷെഡ്യൂൾ ഐ-19- Prior Period Items എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന അഡ്ജസ്റ്റ്മെന്റ് എൻട്രികളുടേയും കറക്ഷൻ എൻട്രികളുടേയും ആധികാരികത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല.

## 1-1-18 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

നഗരസഭ വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തൽ നടത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

## 1-1-19 സാമൂഹ്യ സുരക്ഷാ പെൻഷൻ-വരവ് ചെലവുകൾ നെഗറ്റീവ് സംഖ്യകൾ

അക്കൗണ്ടിംഗിലുണ്ടായ പിഴവ് നിമിത്തം വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ഡിഫറന്റ്ലി ഏബിൾഡ് പെൻഷൻ എന്നിവയുടെ വരവ് ചെലവുകൾ നെഗറ്റീവ് സംഖ്യകളായി രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 07.02.2024ലെ കൗൺസിലിന്റെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 837871941 രൂപയും, പ്രതീക്ഷിത ചെലവ് 793813732 രൂപയും, നീക്കിയിരിപ്പ് 44058209 രൂപയുമാണ്. വാർഷിക പദ്ധതിച്ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 07.02.2024ൽ കൂടിയ കൗൺസിലിന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 81667773.28 | |
| വരവ് | 186208213 | 179098374 |
| ആകെ | 267875986.28 | |
| ചെലവ് | 171758308 | 166919331 |
| നീക്കിയിരിപ്പ് | 96117678 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 32394780 | 32394780 | 27976899 | -- | 4417881 |
| വികസന ഫണ്ട് -എസ്.സി.പി. | -- | 37320000 | 37320000 | 32994819 | -- | 4325181 |
| വികസന ഫണ്ട് - റ്റി.എസ്.പി. | -- | -- | -- | -- | -- | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 21540132 | 9383176 | 30923308 | 14855462 | 16067846 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (അൺ-ടൈഡ്) | 12342093 | 8638082 | 20980175 | 11701527 | 9278648 | -- |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | -- | 76667000 | 76667000 | 43349289 | | 33317711 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | -- | 17640000 | 17640000 | 8182847 | | 9457153 |
| സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഹെൽത്ത് ഗ്രാന്റ് | 4942151 | 2907920 | 7850071 | 4429874 | 3420197 | |
| ഹെൽത്ത് ഗ്രാന്റ് | 3156403 | 94582 | 3250985 | 1703668 | 1547317 | |
| ഐ.സി.ഡി.എസ്. | 4937986 | 4446097 | 9384083 | 2094391 | 7289692 | |
| പി.എം.എ.വൈ(പി.എഫ്.എം.എസ്) | -- | 15960000 | 15960000 | 15960000 | | |
| അമൃത് | -- | 37250548 | 37250548 | 37250548 | 0 | |
| പ്രീ മൺസൂൺ | -- | 165000 | 165000 | 165000 | 0 | |
| പ്രത്യേക ഗ്രാന്റ്/അവാർഡ് | | | | | | |
| ശബരിമല | | 2000000 | 2000000 | 1995280 | | 4720 |

* നികുതി പിരിവിലെ കുറവ് മൂലം 3,27,220 രൂപ, പൊതുവിഭാഗം വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽനിന്നും കുറച്ചാണ് ലഭിച്ചിട്ടുള്ളത്.

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

1. ലൈഫ് മിഷൻ വായ്പ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസ്സിൽ കുറവ് ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്- ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 50,13,333 |
| വികസന ഫണ്ട്- ജനറൽ | അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം | 21,02,400 |
| വികസന ഫണ്ട്- എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 18,13,333 |

2. സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. കെ-സ്മാർട്ടിലും എ.സി.ആർ ലഭ്യമല്ല. ആയതിനാൽ ബാങ്ക് ബുക്ക് അടിസ്ഥാനമാക്കിയാണ് ഗ്രാന്റ് വിനിയോഗം തയ്യാറാക്കിയിരിക്കുന്നത്. പി.എം.എ.വൈ. നഗരസഭാ വിഹിതം സൂക്ഷിക്കുന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം 23924961 രൂപ ശേഷിക്കുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 604 | 304742574 | 328 | 153526380 | 276 | 54 |

| ക്രമ നം | | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 17 | 15 | 12517686 | 4540757 | 36 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 4245866 | 916312 | 22 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 6 | 7621181 | 6380194 | 84 |

| | | | | | | |
|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 875000 | 844561 | 97 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 575000 | 574942 | 100 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം | 4 | 4 | 4008850 | 1482500 | 37 |
| 7 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 18 | 15 | 15640375 | 5877696 | 38 |
| 8 | പട്ടികജാതി വികസന ഓഫീസർ | 21 | 18 | 31240487 | 21888035 | 70 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 12 | 9285885 | 7460416 | 80 |
| 10 | സെക്രട്ടറി | 39 | 14 | 29201803 | 18975964 | 65 |
| 11 | മുനിസിപ്പൽ എഞ്ചിനീയർ | 443 | 220 | 168386195 | 73285700 | 44 |
| 12 | പ്രിൻസിപ്പൽ, ഗവ. ഹയർസെക്കന്ററി സ്കൂൾ | 6 | 6 | 2492500 | 2492003 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 40000 | 16000 | 40 |
| 14 | ക്ളീൻ സിറ്റി മാനേജർ | 19 | 7 | 16151746 | 8791300 | 54 |
| 15 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 0 | 2460000 | 0 | 0 |
| | ആകെ | 604 | 328 | 304742574 | 153526380 | |

* സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സെക്രട്ടറിയുടെ ചെലവിൽ ഉൾപ്പെടുത്തിയെങ്കിലും അടങ്കൽ തുകയിൽ ഉൾപ്പെടുത്താത്തതിനാൽ സുലേഖ പത്രികയിലെ ആകെ അടങ്കൽ തുകയിൽ 8929066 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 7455 | ശമ്പളവും ആനുകൂല്യങ്ങളും | 5527455 |
| തൊഴിലാളികൾക്കുള്ള വേതനം, മെറ്റീരിയൽസ്, അഡ്മിനിസ്ട്രേഷൻ വരവ് | 29150000 | തൊഴിലാളികൾക്കുള്ള വേതനം, മെറ്റീരിയൽസ് | 23927909 |
| മുനിസിപ്പാലിറ്റിയിൽ നിന്നും അനുവദിച്ച തുക | 321520 | ഓഡിറ്റ് ഫീ | 8000 |
| പലിശ വരവ് | 214 | പ്രിന്റർ | 5700 |
| | | സ്റ്റേഷനറി എക്സ്പെൻസ് | 2456 |
| | | നീക്കിയിരിപ്പ് (31/03/2025) | 7669 |
| ആകെ | 29479189 | ആകെ | 29479189 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6004800 |
| വിധവാപെൻഷൻ | 33070800 |
| വാർദ്ധക്യകാലപെൻഷൻ | 62805600 |

| | |
|---|---|
| ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 9148800 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1219200 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 19.01.2026, 03.00 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരുപ്പ് തുകയായ 36,611 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച പൊതുവായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
1) 2015 നവംബർ മാസം ഗ്രാമ പഞ്ചായത്ത് നഗരസഭയായി ഉയർത്തപ്പെട്ടുവെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാരുടെ എണ്ണം എന്നിവ ആനുപാതികമായി വർദ്ധിച്ചിട്ടില്ലാത്തതു സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. നിലവിലുള്ള ഓഫീസ് കെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഒരു പോലെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

2) തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച് അവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റിഫോമേഷൻ ആൻഡ് ട്രാൻസ്ഫോമേഷൻ (കെ-സ്മാർട്ട് ) നഗരസഭയിൽ 2024 ജനുവരി ഒന്ന് മുതൽ വിന്യസിച്ചിട്ടുണ്ട്. എന്നാൽ കെ-സ്മാർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നഗരസഭയിലുണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. കമ്പ്യൂട്ടറുകളുടേയും സ്കാനറുകളുടേയും അഭാവം രേഖകൾ കൃത്യമായി അപ്‌ലോഡ് ചെയ്യുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. ഫോൺ ഉപയോഗിച്ച് ഫോട്ടോ എടുത്ത് രേഖകൾ അപ്‌ലോഡ് ചെയ്തത് പരിശോധന ദുഷ്കരമാക്കി. തനത് ഫണ്ട് വൗച്ചറുകൾക്കാധാരമായ രേഖകൾ പൂർണ്ണമായും കെ-സ്മാർട്ടിൽ അപ് ലോഡ് ചെയ്തിട്ടില്ല.
3) വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. ഒക്യുപ്പെൻസി നൽകുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി അസ്സസ്സ്മെന്റ് വിവരങ്ങൾ 01/04/2023-ന് ശേഷമാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി തുടങ്ങിയത്. ഫീൽഡു തല വിവരശേഖരണം നടത്തിയതു പ്രകാരമുള്ള കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല. വസ്തു നികുതി ഇനത്തിൽ കോടികളാണ് കുടിശ്ശിക ഈടാക്കാനുള്ളത്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനു തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളുടെ കൃത്യമായ ഡേറ്റാ ബേസ് ഇല്ലാത്തതിനാൽ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിലുള്ള ഡിമാന്റ് കൃത്യമല്ല. സ്ഥാപനങ്ങളുടെ മേലുള്ള ഫലപ്രദമായ നിയന്ത്രണവും സാധ്യമാകാതെ വരുന്നു. നഗരസഭയിൽ നിന്നും ഒക്യുപ്പെൻസി, പെർമിറ്റ് എന്നിവ അനുവദിച്ചതിൽ അപാകതയുണ്ട്. വാടകക്കുടിശ്ശിക ഇനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് ഈടാക്കുവാൻ അവശേഷിക്കുന്നത്.
4) ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ടി ഗ്രാന്റുകളുടെ വരവ് ചെലവുകളുടേയും 31/03/2025-ലെ നീക്കിയിരിപ്പിന്റെയും കൃത്യത വ്യക്തമാക്കുന്ന രേഖകളില്ല. വിവിധ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യത കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല. പെൻഷൻ ഫണ്ടിനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ല.
5) തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഇതേവരെ കഴിഞ്ഞിട്ടില്ല. പ്രതിമാസ വൈദ്യുത ചാർജ് 3.42 ലക്ഷം രൂപയാണ്. ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് പ്രതിവർഷം 8 ലക്ഷത്തോളം രൂപ നഗരസഭ അധികം നൽകുന്നുണ്ട്. ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് ഡിസ്കണക്ഷൻ ഫീസ് ഒടുക്കിയെങ്കിലും വാട്ടർ അതോറിറ്റി യഥാസമയം ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നില്ല.
6)ജീവനക്കാർക്കു നൽകിയിട്ടുള്ള മുൻകൂറുകൾ ദീർഘകാലമായി ക്രമീകരിക്കാതെ നിലനിർത്തിയിട്ടുള്ളത് ഗുരുതരമായ വീഴ്ചയാണ്.

7) പ്രോജക്കുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്കുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുകയും വീതം വയ്ക്കുന്ന ഫണ്ട് ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി വിഭജിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ നൽകുന്നതു കാരണം ഓരോ വാർഡിലുമുള്ള ഗുണഭോക്താക്കൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകാൻ

ഇടവരുന്നു. പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട് ഓഫീസർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായ പ്രോജക്ടുകളിലാണ് ഇത്തരത്തിൽ വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകിയിട്ടുള്ളത്. മൊബൈൽ എഫ് എസ്സ് റ്റി പി - പ്രവർത്തനം കാര്യക്ഷമമല്ല. നഗരസഭാ സൂപ്രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ഗുരുതര വീഴ്ചകളുണ്ടായിട്ടുണ്ട്. എസ്.സി. ഡവലപ്പ്മെന്റ് ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥനെങ്കിലും എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണം നടത്തിയിരിക്കുന്നത് നഗരസഭാ സൂപ്രണ്ടാണ്.

8) മുൻവർഷം കരാർ ഏൽപ്പിച്ച ഒട്ടേറെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നാളിതുവരെയും ആരംഭിച്ചിട്ടില്ല. കരാർ ഏൽപ്പിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് യാതൊരു മോണിട്ടറിംഗും നടക്കുന്നില്ല. പദ്ധതികളുടെ ആസൂത്രണം, മോണിട്ടറിംഗ് എന്നിവയിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകാത്തതും മേൽനോട്ടത്തിന്റെ അഭാവുമാണ് പദ്ധതി നിർവ്വഹണത്തിലെ മേൽസൂചിപ്പിച്ച അപാകങ്ങൾക്ക് കാരണം.

9) 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 14(3), ചട്ടം 14(4) എന്നിവ പ്രകാരം മിനിട്ട്സ് തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല .

10) 1997 ലെ കേരള മുനിസിപ്പിലാറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 1 മാസത്തിനുള്ളിൽ കൗൺസിലിന്റെ പ്രത്യേക യോഗം കൂടേണ്ടതും റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതുമാണ്. എന്നാൽ 2023-24 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് 03/2025-ൽ നഗരസഭയിൽ ലഭിച്ചുവെങ്കിലും നാളിതു വരെ കൗൺസിൽ ചർച്ച ചെയ്ത് ഓഡിറ്റ് റിപ്പോർട്ടിന് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

11) കെ-സ്മാർട്ട് നിലവിൽ വന്നതിനു ശേഷവും ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തപ്പെടുന്നില്ല. ബാങ്ക് ബുക്കിലെ ബാലൻസും പാസ് ബുക്കിലെ ബാലൻസും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുന്നതാണ് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്. ആയത് നടത്താത്ത പക്ഷം പണം ഒടുക്കൽ, പിൻവലിക്കലുകൾ എന്നിവയുടെ ആധികാരികത ഉറപ്പാക്കാൻ സാധിക്കില്ല.
അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.12.2025 | 2022-23, 2023-24 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചു

കരമ്പാല വില്ലേജിൽ, 236/19, 236/19-1-1, 236/19-1, 236-19-1-2 എന്നീ സർവ്വേ നമ്പരുകളിലുള്ള 955 ച.മീ. പ്ലോട്ടിൽ 1694.96 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ഷംസുദ്ദീൻ റാവുത്തർ, ശ്രീ. സജാദ് എസ്., സജാദ് മൻസിൽ, കടയ്ക്കാട് എന്നിവർക്ക് 21.07.2023-ൽ ബി.എ.നം.640/2022-23 നമ്പറായി പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം (ച.മീ.) |
|---|---|
| തറനിരപ്പ് നില | 537.14 |
| ഒന്നാം നില | 550.83 |
| രണ്ടാം നില | 550.83 |
| മൂന്നാം നില (സ്റ്റെയർ കാബിൻ) | 56.16 |
| ആകെ | 1,694.96 |

പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 03.09.2024-ൽ ഒക്യുപ്പൻസി അനുവദിച്ച് 9/127/1, 9/127/2, 9/127/3, 9/250/4 എന്നീ കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്. (കെ-സ്മാർട്ട് ഫയൽ നം. 2645142-2024) ശ്രീ. സജാദ് എസ്-ന്റെ പേരിലാണ് കെട്ടിടത്തിന്റെ ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | ആകെ വിസ്തീർണ്ണം (ച.മീ.) | കെട്ടിട നമ്പർ | നികുതി നിർണ്ണയിച്ച വിസ്തീർണ്ണം |
|---|---|---|---|
| തറനിരപ്പ് നില | 525.34 (484.63 (പാർക്കിംഗ്)+40.71) | 9/250/4 | 38.94 |
| ഒന്നാം നില | 525.34 | 9/127/1 | 525.34 |
| രണ്ടാം നില | 525.34 | 9/127/2 | 525.34 |
| മൂന്നാം നില (സ്റ്റെയർ കാബിൻ) | 60.05 | 9/127/3 | 60.05 |
| ആകെ | 1,636.07 | | |


പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു:

1. പ്ലോട്ടുമായി ചേർന്നു കിടക്കുന്ന അപേക്ഷകരുടെ തന്നെ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും അതിൽ സ്ഥിതി ചെയ്യുന്ന നാല് നിലകളിലുള്ള വാണിജ്യകെട്ടിടങ്ങളുടെയും വിവരങ്ങൾ പ്ലാനിൽ കാണിച്ചിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ എഫ്.എസ്.ഐ., കവറേജ്, വാഹന പാർക്കിംഗ് സൗകര്യം എന്നിവ കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുമില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 6(4)(a)(i) പ്രകാരം നിർദ്ദിഷ്ട നിർമ്മാണത്തിനായി ഉദ്ദേശിച്ചിട്ടുള്ള പ്ലോട്ടിന്റെയും അതേ ഉടമയുടെ ചേർന്നിരിക്കുന്ന ഭൂമിയുടേയും പ്ലോട്ട് അതിരുകൾ, സബ് ഡിവിഷനോടു കൂടിയ സർവ്വേ നമ്പർ, ബ്ലോക്ക്, വില്ലേജ്, താലൂക്ക്, പ്ലോട്ടിന്റെ വ്യാപ്തി മുതലായവ ഉൾപ്പെടെയുള്ള വിവരങ്ങൾ സൈറ്റ് പ്ലാനിൽ ചേർക്കേണ്ടതാണ്. കൂടാതെ ചട്ടം 6(4)(a)(iv) പ്രകാരം ഭൂനിരപ്പിലുള്ള നിലവിലുള്ളതും നിർദ്ദിഷ്ടവുമായ എല്ലാ കെട്ടിടങ്ങളുടേയും തുറസ്സായ സ്ഥലങ്ങളും ഭൂനിരപ്പിന് മുകളിലോ, താഴെയോ ഉള്ള നിർദ്ദിഷ്ടവും നിലവിലുള്ളതുമായ കെട്ടിടങ്ങളും അവയുടെ ഉപയോഗം സഹിതം സൈറ്റ് പ്ലാനിൽ കൃത്യമായി കാണിക്കേണ്ടതും 6(4)(a)(v) പ്രകാരം പ്ലോട്ട് വിസ്തീർണ്ണത്തിന്റെ സംക്ഷിപ്ത പട്ടിക, കവേർഡ് ഏരിയ, നിലവിലുള്ളതും നിർദ്ദിഷ്ടവുമായ എല്ലാ കെട്ടിടങ്ങളുടേയും അനുബന്ധ കെട്ടിടങ്ങളുടേയും ഫ്ളോർ തലത്തിലും ഉപയോഗ തലത്തിലുള്ളതുമായ നിർമ്മിത വിസ്തൃതി, ഫ്ലോർ സ്പേസ് ഇൻഡക്സ്, കവറേജ് എന്നിവയും സൈറ്റ് പ്ലാനിൽ കാണിക്കേണ്ടതാണ്. കൂടാതെ എഫ്.എസ്.ഐ., കവറേജ്, പാർക്കിംഗ് എന്നിവ കണക്കാക്കുന്നതിന് പ്ലോട്ടിൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിസ്തീർണ്ണം പരിഗണിക്കേണ്ടതാണെന്ന് ചട്ടം 3(1)(d)-യിലും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ രണ്ട് കെട്ടിടങ്ങളും പരസ്പരം ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു.




2. കുറുന്തോട്ടയം പാലത്തിന്റെ സൈഡിലായാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ള പ്ലോട്ട് സ്ഥിതി ചെയ്യുന്നത്. പന്തളം മുനിസിപ്പാലിറ്റിയുടെ അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം കുറുന്തോട്ടയം തോടിന്റെ സൈഡിൽ 5 മീറ്റർ വീതിയിൽ ഒരു ഗ്രീൻ സ്ട്രിപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രസ്തുത വ്യവസ്ഥ പരിഗണിക്കാതെയാണ് പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിട്ടുള്ളത്. തോടിന്റെ അതിരിൽ നിന്നും 5 മീറ്റർ

വീതിയിൽ ഗ്രീൻ സ്ട്രിപ്പിനുള്ള സ്ഥലം വിട്ടതിന് ശേഷം 1.5 മീറ്റർ വീതിയിൽ തുറസ്സായ സ്ഥലം ഉറപ്പു വരുത്തിയായിരുന്നു കെട്ടിടം നിർമ്മിക്കേണ്ടിയിരുന്നത്. എന്നാൽ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിൽ കെട്ടിടവും തോടും തമ്മിൽ ശരാശരി 3.35 മീറ്റർ ((2.73+3.97)/2) വീതിയിലുള്ള തുറസ്സായ സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്.




3. അംഗീകരിച്ച കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ളതിൽ അധികം സ്ഥലം കെട്ടിടത്തിന്റെ പിൻവശത്ത് ലഭ്യമായിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. തോടിന്റെ സൈഡിൽ സ്ഥിതി ചെയ്യുന്ന പ്ലോട്ട് ആയതിനാൽ തോട് പുറമ്പോക്ക് സ്ഥലം പ്ലോട്ടിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധനകളൊന്നും നടത്തിയിട്ടില്ല.

4. കെട്ടിടത്തിന്റെ പിൻഭാഗത്തായി നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്തേക്ക് ഇറക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് നിലകളുള്ള ഷെഡ് നിർമ്മിച്ച് ഒന്നാം നിലയിൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുള്ളതാണ്.


5. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് രണ്ട് നിലകളും സ്റ്റെയർ ക്യാബിനുമാണുള്ളത്. എന്നാൽ സാങ്കേതിക വിഭാഗം ഓവർസിയറോടൊപ്പം ഓഡിറ്റ് നടത്തിയ പരിശോധനയിൽ കെട്ടിടത്തിന് നാലാം നിലയിലേക്ക് ഒരു സ്റ്റെയർകേസ് കാബിനും യൂട്ടിലിറ്റി റൂമും നിർമ്മിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. കൂടാതെ ട്രസ്സ് വർക്ക് ചെയ്ത് മൂന്നാം നില നിർമ്മിച്ച് സ്റ്റോർ റൂമായും ഉപയോഗിച്ച് വരുന്നുണ്ട്.

6. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിലും അപാകതകളുണ്ട്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 500 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുന്ന പ്രസ്തുത കെട്ടിടത്തിന്റെ തറനിരപ്പ് നിലയുടെയും (9/250/4) മൂന്നാം നിലയുടെയും (9/127/3) വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 100ച.മീ. വരെ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ നിരക്കിലാണ്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 500 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക് 105 രൂപയും, 100ച.മീ. വരെ വിസ്തീർണ്ണമുള്ളവയ്ക്ക് 78.75 രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക്.

7. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ നാലാം നില പിന്നീട് കൂട്ടിച്ചേർക്കൽ വരുത്തിയിട്ടുള്ളതാണ്. പ്രസ്തുത നിലയുടെ അസ്സസ്സ്മെന്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നാലാം നില നിയമാനുസൃതം കൂട്ടിച്ചേർക്കൽ വരുത്തിയിട്ടുള്ളതാണോയെന്നും നികുതി നിർണ്ണയിച്ചിട്ടുള്ളതാണോയെന്നും വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 21/24.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പ്ലോട്ടിനോട് ചേർന്നുള്ള ഭൂമിയും നിലവിലുണ്ടായിരുന്ന കെട്ടിടവും പെർമിറ്റ് അനുവദിക്കുന്ന

സമയത്ത് സജാദിന്റെ പിതാവ് ഷംസുദ്ദീന്റെ പേരിലായിരുന്നെന്നും ഒക്യുപ്പൻസി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പാണ് അവ സജാദിന്റെ പേരിലേക്ക് മാറ്റിയിട്ടുള്ളതെന്നും പെർമിറ്റ് അനുവദിക്കുന്ന സമയത്ത് സജാദിന്റെ പേരിലല്ലാത്തതിനാൽ ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടമായി കണക്കാക്കാനാവില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസി നൽകുന്ന സമയത്ത് കുറുന്തോട്ടയം തോടിന്റെ വശത്ത് നിന്നും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള അകലം പാലിച്ചാണ് ഒക്യുപ്പൻസി നൽകിയതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മറുപടികൾ വസ്തുതാവിരുദ്ധമായതിനാൽ അംഗീകരിക്കാൻ സാധിക്കുന്നതല്ല. പ്രസ്തുത കെട്ടിടത്തിന് 21.07.2023-ൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളത് ശ്രീ. ഷംസുദ്ദീൻ റാവുത്തർ, ശ്രീ. സജാദ് എസ് എന്നിവരുടെ പേരിലാണ്. അതുകൊണ്ടു തന്നെ ശ്രീ. ഷംസുദ്ദീൻ റാവുത്തരുടെ ഉടമസ്ഥതയിൽ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെയും വിവരങ്ങൾ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവയ്ക്കായി കണക്കാക്കേണ്ടതുണ്ട്. കുറുന്തോട്ടയം തോടിന്റെ വശത്ത് നിന്നും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള അകലം പാലിച്ചിട്ടില്ലായെന്ന് പെർമിറ്റിനായി അംഗീകരിച്ച പ്ലാൻ, കംപ്ലീഷൻ പ്ലാൻ എന്നിവയിൽ നിന്നും വ്യക്തവുമാണ്.


APPENDIX B2

[See rule 6(17)&9(4)]

SITE APPROVAL AND BUILDING PERMIT

Pandalam Panchayat / Municipal Corporation / Municipal Council / Town

No. E3-5799/2023
Dated. 21/07/2023

Ref— Application dated 06/03/2023 from Sri./Smt. Shamsudeen Rawther & Safad, Safad Manzil, Kadakkad.

Site approval and permission is granted for the construct/reconstruct/erection/re-erection/addition/alteration of building/hut/digging of well/ New construction (specify the construction) in building No. ... or near the building No. ... in Survey/Re survey No 236/19, 236/19-1-1, 236/19-1-2, 236/19 Village Pandalam Taluk Adoor District Pathanamthitta for Commercial (specify the occupancy) purpose subject to the conditions stated below:

(1) Adequate safety measures shall be ensured for protection against damage to health, life, buildings and property of the workers and inhabitants around, during and after building construction. The owner and the developer shall be solely responsible for any such damages.

(2) ...
(3) ...
(4) ...

Building Permit granted ... KMBR 2019
Order No. B.A No:-640/22-23
Valid from 21/07/2023 to 20/07/2028

(a) Setbacks (m) (minimum & average)

Building 1 Front 16.75 m Rear Side 2.73 m Side - 1 1.50 m Side 2 2.00 m

Building 2 Front Rear Side Side - 1 Side 2

Building 3 Front Rear Side Side - 1 Side 2

This is a digitally signed Document.
Authenticity may be verified through https://ksmart.lsgkerala.gov.in/

നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്ത് നടത്തിയ നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്നതിനും മറ്റ് അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ പൊളിച്ചു നീക്കുന്നതിനോ നടപടി സ്വീകരിക്കുന്നതിനും നോട്ടീസ് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതിലുണ്ടായിട്ടുള്ള അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുകയോ പൊളിച്ചുകളയുകയോ ചെയ്യുന്നത് വരെ കേരള മുനിസിപ്പാലിറ്റി നിയമം 1994 സെക്ഷൻ 242-ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ചട്ട വിരുദ്ധമായി പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ആഭ്യന്തര പരിശോധനാ വിഭാഗം അന്വേഷണവിധേയമാക്കുന്നതും ശിപാർശ ചെയ്യുന്നു.

## 1-12 വാണിജ്യ കെട്ടിടത്തിന് സ്റ്റോറേജ് ഗണത്തിൽ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചത് ചട്ടവിരുദ്ധം

കുരമ്പാല വില്ലേജിൽ 435/3/3-1, 435/3/4, 435/3/3, 435/3/3-2 എന്നീ സർവ്വേ നമ്പരുകളിലുള്ള 1860ച.മീ. പ്ലോട്ടിൽ 739.20 ച.മീ. വിസ്തീർണ്ണമുള്ള സ്റ്റോറേജ് കെട്ടിടം (ഗണം-എച്ച്) നിർമ്മിക്കുന്നതിന് തുമ്പമൺ, മുട്ടം, തുണ്ടുവേലിൽ താവളത്തിൽ വീട്ടിൽ ശ്രീമതി ഏലിയാമ്മ ചെറിയാൻ, ശ്രീ ജോൺ ചെറിയാൻ, ശ്രീ ബോണി ചെറിയാൻ, ശ്രീ റോഷൻ റോയ് എന്നിവർ 15.05.2024-ൽ -ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18.06.2024-ൽ ബി.പി./4679/2024നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 18.01.2025-ൽ ഒ.സി.1136/2025

നമ്പരായി ഒക്യുപ്പൻസി അനുവദിച്ച് 13/126/1, 13/126/2 എന്നീ കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്.

<u>പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു</u>

1. 18.01.2025-ൽ ഒ.സി.1136/2025 നമ്പരായി അനുവദിച്ച ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് പ്രകാരം (ഫയൽ നം. 2645142-2024) കെട്ടിടം 719.25 ച.മീ. വീസ്തീർണ്ണമുള്ള സ്റ്റോറേജ് കെട്ടിടമാണ്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ 224.85ച.മീ. ഭാഗം വാണിജ്യാവശ്യത്തിനായും 284.05ച.മീ., 210.35ച.മീ. എന്നിങ്ങനെ വിസ്തീർണ്ണം വരുന്ന ഭാഗങ്ങൾ ഗോഡൗൺ-ടൈൽ ഡിസ്പ്ളേ (ഗ്രൂപ്പ് എച്ച്) എന്നുമാണ് കാണിച്ചിട്ടുള്ളത്. പ്രസ്തുത ഒക്യുപ്പൻസി പ്രകാരമാണ് കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്.

| കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|
| 13/126/1 | 224.85 | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ 500ച.മീ. വരെ വിസ്തീർണ്ണമുള്ളവ |
| 13/126/2 | 494.40 | സ്റ്റോറേജ് കെട്ടിടങ്ങൾ-500ച.മീ. വരെ |
| ആകെ | 719.25 | |

പെർമിറ്റ്, അപ്രൂവ്ഡ് പ്ലാൻ എന്നിവ പ്രകാരമുള്ള ഒക്യുപ്പൻസിയിൽ നിന്നും 224.85 ച.മീ. വാണിജ്യാവശ്യത്തിലേക്ക് മാറ്റിയത് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവത്ക്കരിച്ചിട്ടില്ല.

2. പ്രസ്തുത കെട്ടിടങ്ങളിൽ നിലവിൽ ആർ.ജെ. ടൈൽസ് & ഗ്രാനൈറ്റ്സ് എന്ന സ്ഥാപനം പ്രവർത്തിച്ച് വരികയാണ്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 25(2)(g) പ്രകാരം സാധനങ്ങളുടെ മൊത്തം/ചില്ലറ വിൽപ്പനയ്ക്കായി സാധനങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമുള്ള ഷോപ്പുകൾ, സ്റ്റോറുകൾ, മാർക്കറ്റുകൾ മുതലായവയ്ക്കുള്ള കെട്ടിടങ്ങൾ/ഭാഗം എന്നിവ ഗണം എഫ്-വ്യാപാരം/വാണിജ്യം വിഭാഗത്തിൽപ്പെടുന്നു. ടൈൽസ്, ഗ്രാനൈറ്റ്സ് എന്നിവ പ്രദർശിപ്പിക്കുന്നതും വിൽക്കുന്നതിനുമായി ഉപയോഗിക്കുന്ന കെട്ടിട ഭാഗങ്ങൾ ഗ്രൂപ്പ് എച്ച് വിഭാഗത്തിൽപ്പെടുത്തി പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചത് ചട്ടവിരുദ്ധമാണ്. മുഴുവൻ കെട്ടിട ഭാഗങ്ങളും വാണിജ്യാവശ്യത്തിനുള്ള വിനിയോഗ ഗണത്തിൽപ്പെടുത്തിയായിരുന്നു പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിക്കേണ്ടിയിരുന്നത്.

3. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലും അപാകതകളുണ്ട്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 224.85ച.മീ. (കെട്ടിട നം. 13/126/1) 100ച.മീറ്ററിന് മുകളിൽ 500ച.മീ. വരെ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തിയും 494.40ച.മീ. (കെട്ടിട നം. 13/126/1) ഗോഡൗൺ ഉൾപ്പെടെയുള്ള സ്റ്റോറേജ് കെട്ടിടങ്ങൾ-500ച.മീ. വരെ എന്ന ഗണത്തിൽപ്പെടുത്തിയുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടൈൽസ്, ഗ്രാനൈറ്റ്സ് എന്നിവ പ്രദർശിപ്പിക്കുന്നതും വിൽക്കുന്നതിനുമായി ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടം പൂർണ്ണമായും ഗ്രൂപ്പ് എഫ് ഗണത്തിലാണ് ഉൾപ്പെടുത്തേണ്ടത് എന്നതിനാൽ മുഴുവൻ വീസ്തീർണ്ണത്തിനും 500ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്.

4. പ്രസ്തുത കെട്ടിടത്തിന്റെ ഇരുവശങ്ങളിലും മുൻഭാഗത്തുമായിട്ടാണ് പാർക്കിംഗ്, ലോഡിംഗ് & അൺലോഡിംഗ് സൗകര്യം എന്നിവ കാണിച്ചിരുന്നത്. പ്രസ്തുത ഭാഗത്തും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്തും നിലവിൽ അനധികൃതമായി ഷെഡുകൾ നിർമ്മിച്ച് ഗ്രാനൈറ്റ്, ടൈലുകൾ എന്നിവ ഡിസ്പ്ലേ ചെയ്തിരിക്കുകയാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർച്ചിട്ടുള്ളതാണ്.

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് സ്റ്റോറേജ് ഗണത്തിൽപ്പെടുത്തി പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (29/27.01.2026) ഗ്രൂപ്പ് എച്ച് ഒക്യുപ്പൻസിയിൽ ഉൾപ്പെടുത്തിയാണ് കെട്ടിടത്തിന് പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിരുന്നതെന്നും ഒക്യുപ്പൻസി നൽകിയ ആവശ്യത്തിനല്ലാതെ സാധനങ്ങൾ വിൽപ്പന നടത്തുന്നതിനായി ടി. കെട്ടിടം ഉപയോഗിക്കുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഒക്യുപ്പൻസി ചെയ്ഞ്ച് ചെയ്യുന്നതിന് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രൂപ്പ് എച്ച് വിഭാഗത്തിൽ പെർമിറ്റ് നേടുകയും നിലവിൽ വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതുമായ 224.85ച.മീ. കെട്ടിടഭാഗം

കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്നതിനും ബാക്കിയുള്ള 494.40ച.മീ. കെട്ടിടഭാഗങ്ങളുടെ ഒക്യുപ്പൻസി വാണിജ്യാ വശ്യത്തിലേക്ക് മാറ്റുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 അപ്പാർട്ട്മെന്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ച.മീ. തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് 05.04.2023-ലെ സ.ഉ.(അച്ചടി) നം.26/ 2023/തസ്വഭവ (എസ്.ആർ.ഒ. നം.480/2023 തീയതി: 10.04.2023) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നഗരസഭ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 300 ച.മീ. വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ എന്നിവയ്ക്ക് 12 രൂപയും, ഈ വിഭാഗത്തിൽപ്പെട്ട 300 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക് 14 രൂപയുമാണ് പുതുക്കിയ നിരക്ക്. എന്നാൽ വാടകയ്ക്ക് നൽകുന്നതിനും മറ്റുമായി നിർമ്മിച്ചിട്ടുള്ള അപ്പാർട്ട്മെന്റ് കെട്ടിടങ്ങൾക്കും പ്രസ്തുത നിരക്കിലാണ് നിലവിൽ നികുതി നിർണ്ണയിച്ച് വരുന്നത്. എല്ലാ പാർപ്പിട യൂണിറ്റുകളും ഉടമയുടെ സ്വന്തം താമസാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണിച്ചാണ് നികുതി നിർണ്ണയിക്കുന്നത്. എന്നാൽ വാടകയ്ക്ക് നൽകുന്നതിന് വേണ്ടിയാണ് പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തിയായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഈ ഗണത്തിൽപ്പെടുന്ന 300 ച.മീറ്റർ വരെയുള്ള കെട്ടിങ്ങൾക്ക് ച.മീറ്ററിന് 75 രൂപയും 300ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 80 രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക്. കെട്ടിടങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഉടമയിൽ നിന്നും വിവരങ്ങൾ തേടുകയോ, പരിശോധന നടത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | നികുതി നിർണ്ണയിച്ച ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കേണ്ടിയിരുന്ന ഉപയോഗ ക്രമം |
|---|---|---|---|---|---|
| 1 | ശ്രീമതി ഇന്ദുബാല ജി, ശങ്കരമംഗലം , പൂഴിക്കാട് | 25/120/3 | 87 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, ഹോം, ഹോംസ്റ്റേ-300ച.മീ. വരെയുള്ളവ | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300ച.മീ.-ൽ മുകളിൽ |
| | | 25/120/4 | 87 | | |
| | | 25/120/5 | 87 | | |
| | | 25/120/6 | 87 | | |
| | | 25/120/7 | 21.01 | | |
| 2 | ശ്രീ ശിവകുമാർ ആർ., രാമകൃഷ്ണാലയം, പൂഴിക്കാട്, പന്തളം | 21/218/3 | 60.73 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, ഹോം, ഹോംസ്റ്റേ-300ച.മീ. വരെയുള്ളവ | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300ച.മീ. വരെ |
| | | 21/218/4 | 57.86 | | |
| | | 21/218/5 | 57.55 | | |
| | | 21/218/6 | 58.96 | | |
| 3 | ശ്രീ സുനിൽ വർഗ്ഗീസ്, മേരി വില്ല, കാട്ടുശ്ശേരിൽ പുത്തൻവീട്, കുരമ്പാല സൗത്ത് | 15/115/1 | 90.08 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, ഹോം, ഹോംസ്റ്റേ-300ച.മീറ്ററിന് മുകളിൽ | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300ച.മീ.-ൽ മുകളിൽ |
| | | 15/115/2 | 90.08 | | |
| | | 15/115/3 | 89.59 | | |
| | | 15/115/4 | 89.59 | | |
| | | 15/115/5 | 89.59 | | |
| | | 15/115/6 | 89.59 | | |
| 4 | ശ്രീ ജോസഫ് കുഞ്ഞുകുട്ടി, ജോസഫ് ഭവനം, | 12/231/2 | 102.44 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ, ഹോം, | പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ-300ച.മീ.-ൽ മുകളിൽ |
| | | 12/231/3 | 96.98 | | |
| | | 12/231/4 | 68.88 | | |
| | | 12/231/5 | 78.82 | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | പാലമേൽ, കുടശ്ശനാട് | 12/231/6 | 73.89 | ഹോംസ്റ്റേ-300ച.മീ. വരെയുള്ളവ | |
| | | 12/231/7 | 68.88 | | |
| | | 12/231/8 | 60.09 | | |
| | | 12/231/9 | 78.82 | | |
| | | 12/231/10 | 73.89 | | |
| | | 12/231/11 | 68.88 | | |
| | | 12/231/12 | 60.09 | | |
| | | 12/231/13 | 132.56 | | |

കൂടാതെ ശ്രീ ജോസഫ് കുഞ്ഞുകുട്ടി, ജോസഫ് ഭവനം, പാലമേൽ, കുടശ്ശനാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള 12/231/2 മുതൽ 12/231/13 വരെയുള്ള കെട്ടിടങ്ങൾ 12/230/8 (313.24 ച.മീ.), 12/230/9 (311.6 ച.മീ.) 12/230/10 (311.6 ച.മീ.), 12/230/11 (27.78ച.മീ.) എന്നീ നമ്പരുകളിൽ വീണ്ടും അസ്സസ്സ് ചെയ്തിട്ടുള്ളതായി കാണുന്നു.

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 22/24.01.2026-നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളും, സമാന സ്വഭാവമുള്ള മറ്റ് കെട്ടിടങ്ങളും വീണ്ടും പരിശോധിക്കുന്നതാണെന്നും കെട്ടിട ഉടമ സമർപ്പിച്ച ഫോം 6-ന് വിരുദ്ധമായി കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ള പക്ഷം ടി. കെട്ടിടങ്ങൾ റീ അസ്സസ്സ് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ. ജോസഫ് കുഞ്ഞുകുട്ടി, ജോസഫ് ഭവനം, പാലമേൽ, കുടശ്ശനാട് എന്നയാൾക്ക് അനുവദിച്ചിട്ടുള്ള 12/230/8, 12/230/9, 12/230/10, 12/230/11 എന്നീ കെട്ടിട നമ്പരുകൾ ഇരട്ടിപ്പ് വന്നിട്ടുള്ളതാണെന്നും ആയത് കെ-സ്മാർട്ടിൽ നിന്നും ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 റോഡിന്റെ തരം, നികുതി നിരക്ക് എന്നിവ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

പന്തളം വില്ലേജ് സർവ്വേ നം. 257/2-3- ലുള്ള 243ച.മീ. പ്ലോട്ടിൽ ശ്രീ സന്തോഷ് കോശി, അമ്പല്ലൂർ ഹൗസ്, തുമ്പമൺ എന്ന വ്യക്തി നഗരസഭയിൽ നിന്നും പെർമിറ്റെടുത്ത് (ബി.എ./22/18-19/07.05.2022) നിർമ്മാണം പൂർത്തിയാക്കിയ 197.94ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 01.06.2024-ൽ ഒക്യുപൻസി അനുവദിച്ച് 6/54/2, 6/54/3, 6/54/4 എന്നിങ്ങനെ കെട്ടിട നമ്പരുകളും അനുവദിച്ചിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം |
|---|---|---|
| 6/54/2 | 87.02 | വാണിജ്യാവശ്യത്തിനുള്ള 500ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവ |
| 6/54/3 | 110.92 | -ടി- |
| 6/54/4 | 15.52 | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ 500ച.മീ. വരെ വിസ്തീർണ്ണമുള്ളവ |
| ആകെ | 213.46 | |

<u>കെട്ടിടത്തിന്റെ അസ്സസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. നഗരസഭയിലെ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് എം.സി.റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം '5 മീറ്ററിൽ താഴെയും 1.5 മീറ്ററിൽ കൂടുതലും' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. ആകെ 197.94ച.മീ. മാത്രം വിസ്തീർണ്ണമുള്ള (GF-87.02M2, FF-95.40M2, TF(Stair Cabin) -15.52M2) പ്രസ്തുത കെട്ടിടത്തിന്റെ തറനിരപ്പ് നില, ഒന്നാം നില, എന്നിവയുടെ നികുതി 100ച.മീറ്ററിനു മുകളിൽ 500 ച.മീ.

വരെ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ നിരക്കിന് പകരം 500 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 500 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക് 105 രൂപയും 100 ച.മീ.-ന് മുകളിൽ 500 ച.മീ. വരെയുള്ളവയ്ക്ക് 89.25 രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക്. കൂടാതെ കെട്ടിടത്തിന്റെ സ്റ്റെയർ കാബിൻ 6/54/3 എന്ന കെട്ടിടനമ്പരിൽ ഉൾപ്പെടുത്തിയും 6/54/4 എന്ന കെട്ടിട നമ്പർ പ്രത്യേകമായി നൽകിയും രണ്ട് തവണ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 26/27.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച് കെട്ടിടം റീ അസ്സസ്സ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 നികുതി നിരക്കുകൾ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം വരുമാന നഷ്ടം

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ഉപയോഗ ക്രമത്തിന്റെയും തറവിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിലുള്ള കൃത്യമായ നികുതി നിരക്കുകൾ തിരഞ്ഞെടുക്കാത്തത് മൂലം നികുതി വരുമാനത്തിൽ കുറവ് വരികയും അത് ആവർത്തന സ്വഭാവത്തിലുള്ള നികുതി നഷ്ടത്തിന് ഇടയാക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ മനോജ്കുമാർ, തെക്കേമല മുരുപ്പേൽ, കുരമ്പാല എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ കുരമ്പാല വില്ലേജ് സർവ്വേ നം. 491/17-1-1-1-1- ലുള്ള 202 ച.മീ. പ്ലോട്ടിൽ നിർമ്മാണം പൂർത്തിയാക്കിയ വാണിജ്യകെട്ടിടം അസ്സസ്സ് ചെയ്ത് 14/220/1- 88.57ച.മീ., 14/220/2- 107.67 ച.മീ., 14/220/3- 13.69 ച.മീ. എന്നിങ്ങനെ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ തറനിരപ്പ് നിലയുടെയും രണ്ടാം നിലയുടെയും വസ്തുനികുതി കണക്കാക്കിയതിൽ അപാകതകളുണ്ട്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീറ്ററിനു മുകളിൽ 500ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം 100ച.മീ. വരെ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 78.75രൂപയും 100ച.മീ.-ന് മുകളിൽ 500ച.മീ. വരെയുള്ളവയ്ക്ക് 89.25 രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിലും സർവ്വീസ് സെസ്സിലുമായി ഓഡിറ്റ് വർഷം 1470രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

2. പന്തളം വില്ലേജ് സർവ്വേ നം. 68/8 - ലുള്ള 1160 ച.മീ. പ്ലോട്ടിൽ ശ്രീ സണ്ണിജോൺ, കിഴക്കേപ്പുറത്ത്, വെൺമണി എന്നയാൾ നഗരസഭയിൽ നിന്നും പെർമിറ്റ് എടുത്ത് (ബി.എ.നം.264/20-21/21.01.2021) നിർമ്മാണം പൂർത്തിയാക്കിയ 380.75ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടത്തിന് 03.03.2025-ൽ ഒക്യുപ്പൻസി അനുവദിച്ച് 28/151/1 എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കിയതിൽ അപാകതകളുണ്ട്. 300 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം 300 ച.മീ. വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ എന്നിവയ്ക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 300 ച.മീ. വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ എന്നിവയ്ക്ക് 12.60രൂപയും ഈ വിഭാഗത്തിൽപ്പെട്ട 300ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക് 14.70രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിലും സർവ്വീസ് സെസ്സിലുമായി ഓഡിറ്റ് വർഷം 912രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

അടിസ്ഥാന വസ്തുനികുതി എല്ലാ വർഷവും 5ശതമാനം വർദ്ധിക്കുന്നതിനാൽ ഓരോ വർഷം കഴിയുന്തോറും നികുതി നഷ്ടവും വർദ്ധിക്കുന്നതാണ്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 28/27.01.2026, 31/27.01.2026 നമ്പരുകളിലായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വസ്തുനികുതി നിർണ്ണയിച്ചതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിച്ച് അധികമായ ലഭിക്കേണ്ട വസ്തുനികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതകൾ

പന്തളം വില്ലേജ് സർവ്വേ നം. 258/4- ലുള്ള 486ച.മീ. പ്ലോട്ടിൽ ശ്രീ സതീഷ് ജി. നായർ, കോയിപ്പുറത്ത് ഹൗസ്,

വെൺമണി എന്ന വ്യക്തി നഗരസഭയിൽ നിന്നും പെർമിറ്റെടുത്ത് (ബി.എ./245/21-22/03.04.2023) നിർമ്മാണം പൂർത്തിയാക്കിയ 635.44ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 04.04.2024-ൽ ഒക്യുപ്പൻസി അനുവദിച്ച് 6/60/3, 6/60/4, 6/60/5, 6/60/6 എന്നീ കെട്ടിട നമ്പരുകളും അനുവദിച്ചിട്ടുണ്ട്.

| നില | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | ഉപയോഗ ക്രമം |
|---|---|---|---|
| തറനിരപ്പ് നില | 6/60/3 | 179.49 | വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിന് മുകളിൽ 500ച.മീ. വരെ വിസ്തീർണ്ണമുള്ളവ |
| ഒന്നാം നില | 6/60/4 | 215.25 | -ടി- |
| രണ്ടാം നില | 6/60/5 | 215.25 | -ടി- |
| മൂന്നാം നില (സ്റ്റെയർ കാബിൻ) | 6/60/6 | 25.45 | -ടി- |
| ആകെ | | 635.44 | |

കെട്ടിടത്തിന്റെ അസ്സസ്സ്മെന്റ് വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 500ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം 100ച.മീറ്ററിനു മുകളിൽ 500ച.മീ. വരെ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 500ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവയ്ക്ക് 105രൂപയും 100ച.മീ.-ന് മുകളിൽ 500ച.മീ. വരെയുള്ളവയ്ക്ക് 89.25 രൂപയുമാണ് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്ക്.

2. നഗരസഭയിലെ 6-ാം വാർഡിൽ എം.സി.റോഡിൽ നിന്നും തോന്നല്ലൂർ പാട്ടുപുരക്കാവ് ക്ഷേത്രത്തിലേക്ക് പോകുന്ന റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 6.30 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 5 മീറ്ററിൽ താഴെയും 1.5മീറ്ററിൽ കൂടുതലും ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3. എയർകണ്ടീഷനിംഗ് സംവിധാനം സ്ഥാപിച്ചിട്ടുള്ളതിനാൽ 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 8 പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ അടിസ്ഥാന നികുതിയിൽ 10% ശതമാനം വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടില്ല.

4. കെട്ടിടത്തിന്റെ രണ്ടാം നിലയ്ക്ക് സെക്കൻഡ് ബേസ്മെന്റ് എന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം ബഹുനില വാണിജ്യ കെട്ടിടത്തിന്റെ രണ്ടാം നിലയ്ക്ക് 2011-ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 9(5) പ്രകാരം ലഭിക്കേണ്ടിയിരുന്ന 10% നികുതി ഇളവ് ലഭിക്കാത്ത സാഹചര്യമുണ്ടായി.

5. 2011-ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം ഒരു പൊതു ഉപയോഗത്തിനായി നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. കെട്ടിടത്തിന്റെ മൂന്നാം നിലയിലുള്ള സ്റ്റെയർ കാബിനിന്റെ വിസ്തീർണ്ണം മറ്റ് നിലകളുടെ വിസ്തീർണ്ണത്തോട് ചേർത്ത് നികുതി നിർണ്ണയിക്കാതെ 6/60/6 എന്ന കെട്ടിട നമ്പർ നൽകിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മാത്രമല്ല മൂന്നാം നിലയ്ക്ക് പകരം ടെറസ്സ് ഫ്ലോർ എന്ന് രേഖപ്പെടുത്തി നിർണ്ണയിച്ചത് മൂലം 2011-ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 9(5) പ്രകാരം ലഭിക്കേണ്ടിയിരുന്ന 10% നികുതി ഇളവിന് പകരം 25% നികുതി ഇളവ് ലഭിക്കുന്ന സാഹചര്യവുമുണ്ടായി.

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത മൂലം ഓഡിറ്റ് വർഷം 32186രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | നിലവിലെ നികുതി (89.25/ ച.മീ. നിരക്കിൽ) (സർവ്വീസ് ടാക്സും ലൈബ്രറി സെസ്സും ഉൾപ്പെടെ) | നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് (105/ച.മീ. നിരക്കിൽ ) (സർവ്വീസ് ടാക്സും ലൈബ്രറി സെസ്സും ഉൾപ്പെടെ) |
|---|---|---|---|
| 6/60/3 | 179.49 | 19064 | 29158 |
| 6/60/4 | 215.25 | 21721 | 33621 |
| 6/60/5 | 215.25 | 22863 | 32277 |
| 6/60/6 | 25.45 | 2029 | 2807 |
| | 635.44 | 65677 | 97863 |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(27/27.01.2026), വസ്തുനികുതി നിർണ്ണയിച്ചതിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിച്ച്, കുറവ് വന്നിട്ടുള്ള നികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു


ശ്രീ കെ.എ. റഷീദ്, വിസ്മയ, പന്തളം എന്നയാളുടെ ഉടമസ്ഥതയിൽ കുരമ്പാല വില്ലേജ് സർവ്വേ നം. 98/4-8-1, 97/4-5, 97/4 എന്നിവയിലുള്ള 2585ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 145.22ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടത്തിൽ നഗരസഭയിൽ നിന്നും നിർമ്മാണാനുമതി വാങ്ങാതെ 255.01ച.മീ. കൂട്ടിച്ചേർക്കൽ വരുത്തിയിരുന്നു. ആയത് ക്രമവത്ക്കരിച്ച് 04.04.2024-ൽ ഒക്യുപ്പൻസി അനുവദിച്ചിട്ടുണ്ട്. ആകെ വിസ്തീർണ്ണത്തിൽ കാർ പോർച്ച് (23.44ച.മീ.) ഒഴിച്ചുള്ള 376.79 ച.മീ. ഭാഗത്തിന്റെ നികുതി നിർണ്ണയിച്ച് 22/217/1 എന്ന കെട്ടിട നമ്പറും അനുവദിച്ചിട്ടുണ്ട്. നഗരസഭയിലെ 22-ാം വാർഡിൽ മെഡിക്കൽ മിഷൻ ജം. -പൂഴിക്കാട് റോഡ് അതിരിലാണ് ടി.കെട്ടിടം സ്ഥിതി ചെയ്യുന്നത്. ടി.റോഡിന്റെ വീതി 10 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 5 മീറ്ററിൽ താഴെയും 1.5മീറ്ററിൽ കൂടുതലും ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി. കെട്ടിടം ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/27.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച്, കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ചട്ട വിരുദ്ധമായി ഡെവലപ്പ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ അനുവദിച്ചു


കെട്ടിടത്തിനും അതിനു ചുറ്റും ചട്ടപ്രകാരം ആവശ്യമായ തുറസ്സായസ്ഥലത്തിനും സുരക്ഷാ കാരണങ്ങളാൽ വേണ്ടി വരുന്ന സ്ഥലത്തിനും ആവശ്യമായ കൃത്യമായ വിസ്തീർണ്ണത്തിൽ മാത്രമേ ലാൻഡ് ഡവലപ്പ്മെന്റ് നടത്തി മണ്ണ് പുറത്ത് കൊണ്ടുപോകാൻ അനുവദിക്കാവൂയെന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 ഉപചട്ടം 2(a)-ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയത് പ്ലാനുകളുടെ പരിശോധനയും സ്ഥലപരിശോധനയും നടത്തുന്ന സാങ്കേതികവിഭാഗം ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണമെന്ന് 18.09.2021-ലെ സ.ഉ.(സാധാ.) നം. 1795/2021/ ത.സ്വ.ഭ.വ. ഉത്തരവിലും നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ നഗരസഭയിൽ ഡെവലപ്പ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ അനുവദിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. ലാൻഡ് ഡെവലപ്പ്മെന്റ് സംബന്ധിച്ച വിവരങ്ങൾ കാണിക്കാതെ വീടിന് സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് എടുക്കുകയും പിന്നീട് ഡെവലപ്പ്മെന്റ് പ്ലാൻ ഹാജരാക്കി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി വാങ്ങുകയുമാണ് ചെയ്തുവരുന്നത്. ഡെവലപ്പ്മെന്റ് പ്ലാൻ സമർപ്പിക്കുമ്പോൾ പെർമിറ്റിൽ നിന്നും വ്യത്യസ്തമായി കെട്ടിടത്തിന് പുറകിൽ വലിയ പശുത്തൊഴുത്ത് നിർമ്മിക്കുന്നതായും മറ്റും കാണിക്കുകയും കൂടുതൽ അളവ് മണ്ണും നീക്കം ചെയ്യുന്നതിന് അനുമതി നേടിയെടുക്കുകയും ചെയ്യുന്നു. മണ്ണ് നീക്കം ചെയ്തതിന് ശേഷം പെർമിറ്റ് പ്രകാരമുള്ള യാതൊരു നിർമ്മാണ

പ്രവർത്തനങ്ങളും നടത്തുന്നുമില്ല. ഇത്തരത്തിൽ പെർമിറ്റ് അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.


1. കുരമ്പാല വില്ലേജിൽ സർവ്വേ നം. 448/2-2-ലുള്ള 300ച.മീ പ്ലോട്ടിൽ 78.87 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. അശോകൻ & കോമളവല്ലി, പനച്ചക്കൽ വീട്, കുരമ്പാല എന്നിവർക്ക് 27.04.2024-ൽ എസ്.സി.പി./4769/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിനായി 280ച.മീ. ലാൻഡ് ഡെവലപ്പ് ചെയ്ത് 364.70ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. 78.87ച.മീ. മാത്രം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് 280 ച.മീ. വിസ്തീർണ്ണത്തിൽ ഭ്രവികസനം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സാങ്കേതിക വിഭാഗം അസി.എഞ്ചിനീയറുടെ 04.05.24-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 06.05.2024-ൽ ഇ3-റ്റി/1111/2024 നമ്പരായി ധാതു ഗതാഗത പെർമിറ്റും അനുവദിച്ചു. പ്രസ്തുത കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മുൻവശത്ത് 3മീറ്ററും പിൻവശത്ത് 1.5മീറ്ററും തുറസ്സായ സ്ഥലം മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ മുൻവശത്ത് 10 മീറ്ററും പിൻവശത്ത് 11.28മീറ്ററും വീതിയിൽ ലാൻഡ് ഡെവലപ്പ് ചെയ്യുന്നതിന് അനുമതിയും മണ്ണ് നീക്കം ചെയ്യുന്നതിന് ട്രാൻസിറ്റ് പാസ്സും അനുവദിച്ചിട്ടുണ്ട്.




2. കുരമ്പാല വില്ലേജിൽ സർവ്വേ നം. 385/7-2-ലുള്ള 1800ച.മീ പ്ലോട്ടിൽ 140 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. എൻ.വി. മാത്യു, നെടിയവിള വടക്കേതിൽ, കുരമ്പാല എന്ന വ്യക്തിയ്ക്ക് 09.04.2024-ൽ എസ്.സി.പി./3729/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിനായി 437ച.മീ. ലാൻഡ് ഡെവലപ്പ് ചെയ്ത് 656.91ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. ഡെവലപ്പ്മെന്റ് പ്ലാനിൽ കെട്ടിടത്തിന് പുറകിലായി പശുത്തൊഴുത്ത് കൂടി കാണിച്ചിട്ടുണ്ട്. 140ച.മീ. മാത്രം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് 437 ച.മീ. വിസ്തീർണ്ണത്തിൽ ഭ്രവികസനം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സാങ്കേതിക വിഭാഗം അസി.എഞ്ചിനീയറുടെ 15.04.24-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 16.04.2024-ൽ ഇ3-റ്റി/1098/2024 നമ്പരായി ധാതു ഗതാഗത പെർമിറ്റും അനുവദിച്ചു. റോഡിനോട് ചേർന്ന് പ്ലോട്ടിൽ 21.64മീറ്റർ വീതിയിൽ നിരപ്പായ സ്ഥലം ലഭ്യമായിരുന്നിട്ടും അതിന് ശേഷമുള്ള സ്ഥലത്തുനിന്നും 48.66മീറ്റർ വീതിയിൽ മണ്ണ് നീക്കം ചെയ്യുന്നതിനാണ് പെർമിറ്റ് അനുവദിച്ചത്. റോഡ് അതിരിൽനിന്നും 30മീറ്റർ ഉള്ളിലേക്ക് മാറിയുള്ള സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നതായി കാണിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മുൻവശത്ത് 3മീറ്ററും പിൻവശത്ത് 1.5മീറ്ററും തുറസ്സായ സ്ഥലം മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ മുൻവശത്ത് 21.64മീറ്റർ വീതിയിൽ നിരപ്പായ സ്ഥലം ലഭ്യമായിരുന്നിട്ടും മുൻവശത്ത് നിന്നും വീണ്ടും 10 മീറ്റർ കൂടി വീതിയിൽ മണ്ണെടുക്കുന്നതിന് അനുവാദം നൽകി. പിൻവശത്ത് പശുത്തൊഴുത്ത് നിർമ്മിക്കുന്നതിന് മാത്രമായി 154.44ച.മീ. വിസ്തീർണ്ണത്തിൽ 231.66 ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിനും അനുവാദം നൽകി.




3. കുരമ്പാല വില്ലേജിൽ സർവ്വേ നം. 385/7-1-ലുള്ള 1800ച.മീ  പ്ലോട്ടിൽ 79.20 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി ശോശാമ്മ വർഗ്ഗീസ്, നെടിയവിള വടക്കേതിൽ, കുരമ്പാല എന്ന വ്യക്തിയ്ക്ക് 06.05.2024-ൽ എസ്.സി.പി./5280/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിനായി 758ച.മീ. ലാൻഡ് ഡെവലപ്പ് ചെയ്ത് 1137ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. ഡെവലപ്പ്മെന്റ് പ്ലാനിൽ കെട്ടിടത്തിന് പുറകിലായി പശുത്തൊഴുത്ത് കൂടി കാണിച്ചിട്ടുണ്ട്. 79.20ച.മീ. മാത്രം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് 758 ച.മീ. വിസ്തീർണ്ണത്തിൽ ഭൂവികസനം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സാങ്കേതിക വിഭാഗം അസി.എഞ്ചിനീയറുടെ 27.05.24-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 04.06.2024-ൽ ഇ3-റ്റി/2024 നമ്പരായി ധാതു ഗതാഗത പെർമിറ്റും അനുവദിച്ചു. പ്രസ്തുത കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മുൻവശത്ത് 3മീറ്ററും പിൻവശത്ത് 1.5മീറ്ററും തുറസ്സായ സ്ഥലം മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ മുൻവശത്ത് 20 മീറ്ററും പിൻവശത്ത് 17.27 മീറ്ററും വീതിയിൽ ലാൻഡ് ഡെവലപ്പ് ചെയ്യുന്നതിന് അനുമതിയും മണ്ണ് നീക്കം ചെയ്യുന്നതിന് ട്രാൻസിറ്റ് പാസ്സും അനുവദിച്ചിട്ടുണ്ട്. പിൻവശത്ത് പശുത്തൊഴുത്ത് നിർമ്മിക്കുന്നതിന് മാത്രമായി 236.55ച.മീ. വിസ്തീർണ്ണത്തിൽ 354.82 ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിനും അനുവാദം നൽകി.




4. കുരമ്പാല വില്ലേജിൽ സർവ്വേ നം. 511/21-1-ലുള്ള 648ച.മീ  പ്ലോട്ടിൽ 140 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ഡോ. ദേവി ആർ. നായർ, മേലേ മഠം വീട്ടിൽ, ഏഴംകുളം എന്ന വ്യക്തിയ്ക്ക് 06.03.2024-ൽ എസ്.സി.പി./1429/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിനായി 406ച.മീ. ലാൻഡ് ഡെവലപ്പ് ചെയ്ത് 609ക്യു.മീ. മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. 140 ച.മീ. മാത്രം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് 406 ച.മീ. വിസ്തീർണ്ണത്തിൽ ഭൂവികസനം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത്. സാങ്കേതിക വിഭാഗം അസി.എഞ്ചിനീയറുടെ 15.04.24-ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 15.04.2025-ൽ ഇ3-റ്റി/563/2024 നമ്പരായി

ധാതു ഗതാഗത പെർമിറ്റും അനുവദിച്ചു. പ്രസ്തുത കെട്ടിടത്തിന് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മുൻവശത്ത് 3മീറ്ററും പിൻവശത്ത് 1.5മീറ്ററും തുറസ്സായ സ്ഥലം മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ മുൻവശത്ത് 10 മീറ്ററും പിൻവശത്ത് 4 മീറ്ററും വീതിയിൽ ലാൻഡ് ഡെവലപ്പ് ചെയ്യുന്നതിന് അനുമതിയും മണ്ണ് നീക്കം ചെയ്യുന്നതിന് ട്രാൻസിറ്റ് പാസ്സും അനുവദിച്ചിട്ടുണ്ട്.

ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി ഡെവലപ്പ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനും പെർമിറ്റ് ഉടമകൾ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും 23/24.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡെവലപ്പ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ അനുവദിച്ച് നൽകിയിട്ടുള്ളതെന്നും അപാകതകൾ സംബന്ധിച്ച് അന്നത്തെ നഗരസഭാ എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെവലപ്പ്മെന്റ് പെർമിറ്റ്, മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ അനുവദിച്ചതിലെ ക്രമവിരുദ്ധമായ നടപടികൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-19 മിനറൽ ട്രാൻസിറ്റ് പാസ്സ് അനുവദിച്ചതിന് ശേഷം തുടർനടപടികൾ സ്വീകരിക്കുന്നില്ല

2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 ഉപചട്ടം 6 പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കണം. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ, ചട്ടം 14 ഉപചട്ടം 7 ലെ വ്യവസ്ഥകൾ പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോയൽറ്റിക്ക് പുറമെ റോയൽറ്റിയുടെ 5 മടങ്ങ് പിഴ അടയ്ക്കാൻ ധാതു ഗതാഗത പെർമിറ്റ് ഉടമ ബാധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ ധാതു ഗതാഗത പെർമിറ്റിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് നിന്ന് സാധാരണ മണ്ണ് അധികമായി എടുക്കുകയോ അനുവദനീയമായ സ്ഥലത്തിന് പുറത്ത് നിന്ന് സാധാരണമണ്ണ് എടുക്കുകയോ ചെയ്യുന്നത് നിയമവിരുദ്ധമായി കണക്കാക്കി ധാതു ഗതാഗത പെർമിറ്റ് റദ്ദാക്കപ്പെടുന്നതും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 ഉപചട്ടം 8-ലെ വ്യവസ്ഥകൾ പ്രകാരം അധികമായി ഖനനം ചെയ്ത സാധാരണ മണ്ണിന്റെ അളവിന് റോയൽറ്റിയുടെ അഞ്ചിരട്ടിക്ക് തുല്യമായ തുക അടയ്ക്കാൻ ധാതുഗതാഗതപെർമിറ്റ് ഉടമ ബാധ്യസ്ഥനായിരിക്കുന്നതുമാണ്. എന്നാൽ നഗരസഭയിൽ നിന്നും ധാതുഗതാഗത പെർമിറ്റ് വാങ്ങി മണ്ണ് നീക്കം ചെയ്തിട്ടുള്ളവർ അനുവദിച്ചതിലും അധികം അളവിൽ മണ്ണ് നീക്കംചെയ്തിട്ടുണ്ടോയെന്നും പെർമിറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്നും പരിശോധനയ്ക്ക് വിധേയമാക്കി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല. ആയത് മുതലാക്കി അനുവദിച്ച പെർമിറ്റിന്റെ മറവിൽ അനധികൃതമായി മണ്ണെടുപ്പ് നടക്കുന്ന സാഹചര്യം പഞ്ചായത്ത് പ്രദേശത്ത് നിലനിൽക്കുന്നുണ്ട്. കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാത്തത് കാരണം റോയൽറ്റി, ഫൈൻ എന്നീ ഇനങ്ങളിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടു പോകുന്നതിനും ഇടയാക്കുന്നുണ്ട്.

നഗരസഭയിൽ നിന്നും ധാതുഗതാഗത പെർമിറ്റ് വാങ്ങി മണ്ണ് നീക്കം ചെയ്ത ചുവടെ പരാമർശിച്ചിട്ടുള്ളവർ അനുവദിച്ചതിലും അധികം അളവിൽ മണ്ണ് നീക്കംചെയ്തിട്ടുണ്ടോയെന്നും കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണ നിർമ്മാണമെങ്കിലും പൂർത്തിയാക്കിയിട്ടുണ്ടെന്നും പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്നതിനും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും അനുവദിച്ച അളവിലും കൂടുതൽ മണ്ണ് നീക്കം ചെയ്തവരിൽ നിന്നും നിന്നും പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും 24/24.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പെർമിറ്റ് ഉടമയുടെ വിവരങ്ങൾ | പ്ലോട്ട് സ്ഥിതി ചെയ്യുന്ന വില്ലേജും സർവ്വേ നമ്പറും | കെട്ടിടനിർമ്മാണ പെർമിറ്റ് നമ്പരും തീയതിയും | ധാതുഗതാഗത പെർമിറ്റ് നമ്പരും തീയതിയും | നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ്(M3) |
|---|---|---|---|---|---|
| 1 | ശ്രീ പ്രമോദ്കുമാർ, മുണ്ടുമഠത്തിൽ ലക്ഷ്മിനിവാസ്, കുരമ്പാല | കുരമ്പാല 445/16 | എസ്.സി.പി./1692/2024 | ഇ3-റ്റി/500/2024/ 02.04.2024 | 248 |
| 2 | ശ്രീ ജേക്കബ് ഡാനിയൽ, മാടകുളങ്ങര വീട്, പൂഴിക്കാട് | കുരമ്പാല 333/3-2 | ബി.എ./1058/300/ 2023/ എസ്.സി. | ഇ3-റ്റി/431/2024/ 07.09.2024 | 123.63 |

| | | | | | |
|---|---|---|---|---|---|
| 3 | ശ്രീമതി സീമ, പനയറ വീട്, കടയ്ക്കാട് | കുരമ്പാല 298/11-1 | ബി.എ./1058/0225/ 2023/ എസ്.സി./17.08.2023 | ഇ3-16785/2023/ 26.10.2023 | 595.50 |
| 4 | ശ്രീ സുധീർകുമാർ, പനയറവീട്, കടയ്ക്കാട് | കുരമ്പാല 298/11 | ബി.എ./1058/0226/ 2023/ എസ്.സി./17.08.2023 | ഇ3-16784/2023/ 03.11.2023 | 713.60 |
| 5 | ശ്രീമതി ശോശാമ്മ വർഗ്ഗീസ്, നെടിയവിള വടക്കേതിൽ, കുരമ്പാല | കുരമ്പാല 385/71 | എസ്.സി.പി./5280/2024 | ഇ3-റ്റി/2024/ 04.06.2024 | 1137 |
| 6 | ശ്രീമതി കുട്ടി, പ്ലാവിള പടിഞ്ഞാറ്റേതിൽ, കുരമ്പാല | കുരമ്പാല 506/17 | ബി.എ./1058/0324/2023/ എസ്.സി./14.11.2023 | ഇ3-19890/2023/ 02.05.2024 | 342.49 |
| 7 | ശ്രീമതി കോമളവല്ലി & അശോകൻ, പനച്ചക്കൽ വീട്ടിൽ, കടയ്ക്കാട് | കുരമ്പാല 448/22 | എസ്.സി.പി./4769/2024/ 27.04.2024 | ഇ3-റ്റി/1111/2024/ 06.05.2024 | 364.70 |
| 8 | ശ്രീ മാത്യു വർഗ്ഗീസ്, നെടിയവിള വടക്കേതിൽ, കുരമ്പാല, പന്തളം | കുരമ്പാല 385/7 | എസ്.സി.പി./3729/2024/ 09.04.2024 | ഇ3-റ്റി/1098/2024/ 16.04.2024 | 656.91 |
| 9 | ശ്രീമതി രേണുക, പനങ്ങാട്ട് കിഴക്കേതിൽ, പാറക്കൂട്ടം പി.ഒ. മുണ്ടപ്പള്ളി | കുരമ്പാല 467/1-1-1 | ബി.എ./1058/0372/2023/ എസ്.സി./13.12.2023 | ഇ3-21447/2023/ 06.03.2024 | 246.22 |
| 10 | ശ്രീമതി മുനീറ ബീവി, കുരുവിക്കാട്ടിൽ ഹൗസ്, പത്തനംതിട്ട | കുരമ്പാല 503/26-1-2-1, 503/26-1-1-1, 506/26-1-3 | ബി.എ./1058/0221/2023/ എസ്.സി./14.08.2023 | ഇ3-15684/2023/ 27.01.2024 | 373.95 |
| 11 | ശ്രീ മോഹന മേനോൻ, ഐശ്വര്യ വീട്, അടൂർ | കുരമ്പാല 503/26-1, 503/26-1-1 | ബി.എ./1058/0219/2023/ എസ്.സി./11.08.2023 | ഇ3-15685/2023/ 20.01.2024 | 373.95 |
| 12 | ശ്രീ ജയപ്രകാശ്, മാങ്ങാലമുകിടിയിൽ, മുടിയൂർക്കോണം | കുരമ്പാല 413/7-2 | 129540/2024/09.04.2024 | ഇ3-റ്റി/1293/ 2024/ 22.11.2024 | 194.40 |
| 13 | ശ്രീ മുഹമ്മദ് ബിലാൽ നാസർ, പടിപ്പുരത്തുണ്ടിൽ ഷൈല മൻസിൽ, പന്തളം | കുരമ്പാല 340/12 | എസ്.സി.പി./1012/2024/ 28.02.2024 | ഇ3-റ്റി/555/ 2024/12.03.2024 | 637.63 |
| 14 | ശ്രീ ബിജുകുമാർ കെ.പി., കാഞ്ഞിരംനിൽക്കുന്നതിൽ, തേക്കുതോട്, പത്തനംതിട്ട | കുരമ്പാല 476/3-1 | ബി.എ./540/22-23/ 25.01.2023 | ഇ3-16610/2023/ 05.02.2024 | 200.55 |

മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള ധാതു ഗതാഗത പെർമിറ്റ് ഉടമകൾ പെർമിറ്റിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തി അറിയിക്കേണ്ടതാണ്. വ്യവസ്ഥകൾ പാലിക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള ഫൈൻ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 വസ്തു നികുതി പരിഷ്കരണം, കെ-സ്മാർട്ട് ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല

നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം, കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലേക്കുള്ള കെട്ടിടങ്ങളുടെ പോർട്ടിംഗ്, വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ എന്നീ നടപടികൾ പൂർത്തിയായിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 16864 എണ്ണം കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. അതിൽ 16543 എണ്ണം കെട്ടിടങ്ങൾക്ക് പുതിയ കെട്ടിട നമ്പർ അനുവദിച്ച് കെ സ്മാർട്ടിലേക്ക് പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന കെട്ടിടങ്ങളിൽ

ഭൂരിഭാഗവും വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളാണ്. പ്രസ്തുത കെട്ടിടങ്ങളിൽ പലതും അധിക നിർമാണം നടത്തിയിട്ടുള്ളതിനാൽ, ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നടത്തിയ പത്തനംതിട്ട ജില്ലാ തദ്ദേശ അദാലത്തിലെ നിർദ്ദേശങ്ങളും ഉത്തരവും അനുസരിച്ച് സാങ്കേതിക വിഭാഗം പരിശോധന നടത്തി നഗരസഭാ അസസ്മെന്റ് രജിസ്റ്ററിൽ പറയുന്ന ഭാഗത്തിന് നമ്പറും മറ്റ് അനധികൃത ഭാഗത്തിന് യു.എ. നമ്പറും നൽകി നിയമ പ്രകാരം വസ്തുനികുതി ഡിമാൻഡ് ചെയ്ത് കെ സ്മാർട്ടിലേക്ക് പോർട്ട് ചെയ്യുന്ന പ്രവർത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും. ടി. പ്രവർത്തി 31.03.2026-ന് മുമ്പ് പൂർത്തീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി 32/27.01.2026-ന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

വസ്തുനികുതി പരിഷ്കരണത്തിന്റെ 01.04.2016 മുതൽ ഡിമാന്റ് നോട്ടീസ് നൽകിയത് വരെയുള്ള കാലയളവിലെ പിഴപ്പലിശ ഒഴിവാക്കുകയും നികുതി കുടിശ്ശിക തുകകൾ 31.03.2025-നകം ഗഡുക്കളായി അടയ്ക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ കുടിശ്ശിക തുകകൾ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ആയതിന് വിശദീകരണം ഓഡിറ്റ് എൻക്വയറിയിൽ(32/27.01.2026) ആവശ്യപ്പെട്ടിരുന്നു. 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539 പ്രകാരം 3 വർഷത്തിൽ പിന്നോട്ട് വസ്ഉനികുതി ഡിമാൻഡ് നോട്ടീസ് നൽകാൻ കഴിയില്ലെന്നും 2016-ൽ നടക്കേണ്ടിയിരുന്ന വസ്ഉനികുതി പരിഷ്കരണം 2024 ലാണ് നഗരസഭയിൽ നിലവിൽ വന്നത് എന്നതിനാൽ 2016 മുതലുള്ള കുടിശികയാണ് നിലവിൽ ഡിമാൻഡ് ചെയ്യുന്നതെന്നും 3 വർഷത്തിന് പിറകിലേക്കുള്ള വസ്ഉനികുതി ഡിമാൻഡ് ചെയ്യാൻ പാടില്ലായെന്ന് ബഹു.കേരളാ ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 3 വർഷത്തിന് പിറകിലേക്കുള്ള കാലയളവിലെ വസ്തുനികുതി ഒഴിവാക്കി ഡിമാൻഡ് നോട്ടീസ് കെട്ടിടമുടമകൾക്ക് നൽകുന്നതിന് അനുമതിക്കായി 22.10.2025-ലെ നഗരസഭാ കൗൺസിലിന്റെ 20/1-ാം നമ്പർ തീരുമാനം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശ പ്രകാരം അനന്തര നടപടി സ്വീകരിച്ച് കുടിശിക പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നഗരസഭയിൽ കെ-സ്മാർട്ട് മുഖേനയുള്ള വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡിമാന്റ് രജിസ്റ്റർ കുറ്റമറ്റതാക്കിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ സമയബന്ധിതമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ 06.07.2024-ലെ സ.ഉ.(സാധാ) നം.1228/2024/എൽ.എസ്.ജി.ഡി. ഉത്തരവിലൂടെ പുറപ്പെടുവിക്കുകയും 2024 സെപ്റ്റംബർ 30-നകം ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കെ-സ്മാർട്ട് എൽ.ഡി.എം.എസ്-ൽ നിലവിൽ 1429 കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെന്നും ഇതിൽ ഇരട്ടിപ്പായ 357 കെട്ടിടങ്ങൾ എൽ.ഡി.എം.എസ്.-ൽ നിന്ന് ഒഴിവാക്കുന്നതിന് കെ-സ്മാർട്ടിലേക്ക് കത്ത് നൽകിയിട്ടുള്ളതായും 209 കെട്ടിടങ്ങളുടെ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്ത് വെരിഫൈറുടെ ലോഗിനിൽ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത ഡാറ്റാ വെരിഫൈ ചെയ്ത് അപ്രൂവർക്ക് അയച്ച് 31.03.2026- ന് മുമ്പ് പോർട്ട് ചെയ്യുന്നതാണെന്നും ഓഡിറ്റ് എൻക്വയറി 30/27.01.2026-ന് മറുപടിയായി സെക്രട്ടറി അറിയിച്ചു. അവശേഷിക്കുന്ന 863 കെട്ടിടങ്ങൾ പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം, കെ-സ്മാർട്ട് ഡാറ്റ പോർട്ടിംഗ്, ഡാറ്റ പ്യൂരിഫിക്കേഷൻ എന്നിവ പൂർത്തീകരിക്കുന്നതിനും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

നഗരസഭയിൽ വാടക സംബന്ധിച്ച കൃത്യമായ ഡി.സി.ബി വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് പ്രകാരം വാടകയിനത്തിൽ ആകെ 4761148 രൂപ മാത്രമാണ് കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | തുക |
|---|---|
| Rent Receivable From Building (Current) (4314001) | 2383483 |
| Rent Receivable From Building (Arrears) (4314002) | 2377665 |

വാടകയിനത്തിൽ കുടിശ്ശികയുള്ള തുകകളുടെ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5, 17.01.2025)മറുപടി ലഭിച്ചു. മറുപടി പ്രകാരം 31.03.2025 ന് ആകെ വാടകയിനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നത് 7477293 രൂപയാണ്. ഇതിൽ 4864826 രൂപ മുൻവർഷങ്ങളിലേതും, 2612467 രൂപ

2024-25 വർഷത്തേതുമാണ്. 2025-26 വർഷത്തിൽ 2130817 രൂപ കുടിശ്ശിക ഈടാക്കിയതായും അറിയിച്ചു. വാടക സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയിലെ കണക്കുകളിലുള്ള പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക ഇനത്തിൽ ബാക്കിയുള്ള തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനോദ നികുതി ഈടാക്കുന്നില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ത്രിലോക് സിനിമാസ് എന്ന തിയേറ്റർ നഗരസഭയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ പ്രകാരം 2024 -25 വർഷത്തേക്ക് ബാധകമായ വിനോദ നികുതി 650857 രൂപയാണ്. കെ-സ്മാർട്ടിലെ വിനോദ നികുതിയുടെ ലെഡ്ജർ പരിശോധിച്ചതിൽ 2022 ജനവരി മുതൽ 2022 മാർച്ച് വരെ മാസങ്ങളിലെ വിനോദനികുതിയിനത്തിൽ 100000 രൂപ മാത്രമാണ് 2024-25 വർഷത്തിൽ അടവാക്കിയിട്ടുള്ളത് എന്ന് കണ്ടു. വിനോദ നികുതിയിനത്തിൽ സ്ഥാപനത്തിൽ നിന്നും എല്ലാ മാസവും സ്റ്റേറ്റ്മെന്റ് ലഭ്യമാകുന്നുണ്ടെങ്കിലും തുക ഈടാക്കുകയോ, കുടിശ്ശിക തുക സംബന്ധിച്ച വിവരം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. നാളിതുവരെ വിനോദ നികുതിയിനത്തിൽ കുടിശ്ശികയുള്ള തുക സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17,22.01.2026) മറുപടി ലഭിച്ചു. 31.03.2025 വരെ ആകെ കുടിശ്ശിക ഉള്ളത് 1881665.99 രൂപയാണെന്നും ഇതിൽ 1339280.55 രൂപ 2025-26 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ തനത്ഫണ്ടിൽ നേരിട്ട് ഒടുക്കിയിട്ടുണ്ടെന്നും അറിയിച്ചു. തുക അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനോദ നികുതി അടവാക്കാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ല എന്നും, ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതിന് സ്ഥാപനം അടച്ചു പൂട്ടിയെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനം അടച്ചു പൂട്ടിയ നഗരസഭയുടെ നടപടി ഹൈക്കോടതി 14.11.2025 ൽ സ്റ്റേ ചെയ്തതായും അറിയിച്ചു. കേസുമായി (WP(C)No.42909/25) ബന്ധപ്പെട്ട തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. കുടിശ്ശിക തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ലേലത്തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

KSRTC ബസ് സ്റ്റാന്റിന് സമീപമുള്ള പുതിയ കംഫർട്ട് സ്റ്റേഷൻ 2024-25 വർഷത്തേക്ക് ശ്രീ അമിത് എന്ന വ്യക്തി ലേലം കൊണ്ടത് 102000 രൂപക്കാണ്. 11.06.2024 ന് R-M030400-24001821 രസീത് പ്രകാരം 40000 രൂപ അടവാക്കിയിട്ടുണ്ട്. ബാക്കി തുകയായ 62000 രൂപ നാളിതുവരെയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18, 23.01.2026) തുക ഈടാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കാനറാ ബാങ്കിന്റെ പന്തളം ശാഖയിലാണ് നഗരസഭയുടെ തനത്ഫണ്ട് അക്കൗണ്ട് (നം. 2495101068623) ഉള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ്, നഗരസഭയുടെ ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ സംബന്ധിച്ച് എൻക്വയറി (നം.40, 28.01.2026) നൽകിയിരുന്നു. എൻക്വയറിക്ക് ലഭിച്ച വിശദീകരണം ചുവടെ ചേർക്കുന്നു.

| അപാകത | ലഭ്യമാക്കിയ മറുപടി |
|---|---|
| ബാങ്ക് സ്റ്റേറ്റ്മെന്റിൽ ചില തുകകൾ പിൻവലിക്കുന്ന രേഖപ്പെടുത്തലുകളിൽ ചെക്ക് നമ്പറുകൾ രേഖപ്പെടുത്തിയിട്ടില്ല. | ചെക്ക് നമ്പറുകൾ രേഖപ്പെടുത്തുന്നില്ല എന്നത് സംബന്ധിച്ച് ബാങ്കിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് എന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകി |
| ബാങ്ക് ബുക്കിൽ ചെക്കിന്റെ തീയതിയായി രേഖപ്പെടുത്തിയ തീയതിക്ക് മുമ്പായിട്ടാണ് ബാങ്കിൽ നിന്നും തുക പിൻവലിച്ചിട്ടുള്ളത്.(ഉദാ:- 111294 എന്ന ചെക്കിന്റെ തീയതി ബാങ്ക് ബുക്ക് പ്രകാരം 03.03.2025 ആണ്. എന്നാൽ ഈ ചെക്ക് പ്രകാരമുള്ള തുകകൾ 01.03.2025 ൽ തന്നെ പിൻവലിച്ചതായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ കാണുന്നു.) | കെ സ്മാർട്ടിൽ അക്കൗണ്ടന്റിന്റെ ലോഗിനിൽ പേയ്മെന്റ് ചെയ്തതിന് ശേഷമാണ് ചെക്ക് ബാങ്കിൽ സമർപ്പിക്കുന്നത്. എന്നാൽ സെക്രട്ടറിയുടെ ലോഗിനിൽ അപ്രൂവ് ചെയ്യുന്ന തീയതിയിലാണ് ബാങ്ക് ബുക്കിൽ പേയ്മെന്റ് രേഖപ്പെടുത്തുന്നതെന്നും ഇനി മുതൽ സെക്രട്ടറി അപ്രൂവ് ചെയ്തതിന് ശേഷം മാത്രം ചെക്ക് ഇഷ്യൂ ചെയ്യുന്നതിന് |

| | |
|---|---|
| | ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി. |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 111259 നമ്പർ ചെക്ക് മുഖേന 07.02.2025 ന് 127400 രൂപ പിൻവലിച്ചിട്ടുണ്ട്. ബാങ്ക് ബുക്കിൽ ചെക്ക് നമ്പർ 111259 മുഖേന 05.02.2025, 19.12.2024 തീയതികളിൽ 63700 രൂപ വീതമാണ് പിൻവലിച്ചിട്ടുള്ളത്. ഒരു ചെക്ക് ബാങ്ക് ബുക്കിൽ വ്യത്യസ്ത തീയതികളിൽ ഉൾപ്പെടുത്തിയതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. | ഈ രണ്ട് പേയ്മെന്റുകളും 111259 മുഖേന 05.02.2025 തീയതിയിൽ തന്നെ നടന്നതാണെന്നും, കെസ്മാർട്ട് സോഫ്റ്റ് വെയറിന്റെ പിഴവ് മൂലമാണ് രണ്ട് തീയതിയിൽ രേഖപ്പെടുത്തിയതെന്നും മറുപടി നൽകി. |
| പ്രതിമാസ റീകൺസിലേഷനുകളിൽ ഇൻസ്ട്രുമെന്റ് നമ്പർ, തീയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാർച്ച് 2025 ലെ റീകൺസിലേഷനിൽ തുകകളുടെ വിശദ വിവരങ്ങൾക്കായി സെലക്ട് ചെയ്യുമ്പോൾ 'Internal Server Error' എന്ന സന്ദേശമാണ് ലഭിക്കുന്നത്. | കെ-സ്മാർട്ടിന്റെ സാങ്കേതിക പിഴവ് മൂലമാണ് മാർച്ച് 2025 ലെ റീകൺസിലേഷൻ ലഭിക്കാത്തതെന്ന് മറുപടി നൽകി |

കെസ്മാർട്ട് സോഫ്റ്റ് വെയറിലെ പിഴവും, നടപടിക്രമങ്ങളിലെ വീഴ്ചയും പണം പിൻവലിക്കലുകൾ പരിശോധിക്കുന്നതിന് വെല്ലുവിളിയാണ്. പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 2.91 കോടി രൂപ ചെലവഴിച്ച സ്കൂൾ കെട്ടിട നിർമ്മാണത്തിൽ അപാകം

തോട്ടക്കോണം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് WAPCOS (Water And Power Consultancy Services (India) Limited) ന്റെ മേൽനോട്ടത്തിൽ നടത്തിയ കെട്ടിട നിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ. 22.05.2022ൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ തറയിൽ പാകിയ ടൈലുകൾ ഇളകിപ്പോകുകയും, സ്വിച്ചുകൾ ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ ഭാഗങ്ങൾ പ്രവർത്തനരഹിതമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പൈപ്പുകളും വാഷ് ബേസിനും തകർന്ന നിലയിലുമാണ്.



തറയോടുകൾ പൊട്ടിയ നിലയിൽ

ഫിറ്റ്നസ് സർട്ടിഫിക്കറ്റും സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും ലഭിച്ചിട്ടില്ലാത്ത പ്രസ്തുത കെട്ടിടത്തിലാണ് ഹയർ സെക്കൻഡറി വിഭാഗം പ്രവർത്തിച്ചു വരുന്നത്.

സംസ്ഥാനത്തെ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുമായി ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിരുന്നത് KITE (*Kerala* Infrastructure And Technology For Education) നെയാണ്. പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കിയത് KITCOയും (Kerala Industrial And Technical Consultancy Organisation Ltd.), സാങ്കേതിക അനുമതി നൽകിയത് KITE ഉം ആണ്. സെന്റേജ് ചാർജ്ജ് കൈപ്പറ്റിയതും ടി സ്ഥാപനങ്ങളാണ്. തുടർന്ന്, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി WAPCOSനെ സർക്കാർ ചുമതലപ്പെടുത്തി. KITCOനൽകിയ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെണ്ടർ നടത്തിയ WAPCOS, 29130000 രൂപയ്ക്ക് സൗത്ത് ഇൻഡ്യൻ കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് നിർമ്മാണ കരാർ നൽകി.

2022 മെയ് മാസം നിർമ്മാണം പൂർത്തിയായ സ്കൂൾ കെട്ടിടത്തിൽ, കരാർ പ്രകാരമുള്ള 'ഡിഫെക്റ്റ് ലയബിലിറ്റി പീരീഡി'നുള്ളിലാണ് (Defect Liability Period) ഗുരുതരമായ വിള്ളലുകളും മറ്റ് നിർമ്മാണ അപാകതകളും (Structural & Maintenance Defects) ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. കരാർ വ്യവസ്ഥകൾ പ്രകാരം, നിർമ്മാണം കൈമാറി നിശ്ചിത കാലയളവിനുള്ളിൽ (സാധാരണയായി 3 മുതൽ 5 വർഷം വരെ) ഉണ്ടാകുന്ന എല്ലാ അറ്റകുറ്റപ്പണികളും കരാറുകാരന്റെ സ്വന്തം ചെലവിൽ (At Contractor's Own Risk And Cost) പരിഹരിക്കാൻ കരാറുകാരൻ നിയമപരമായി ബാധ്യസ്ഥനാണ്.

കേരള പിഡബ്ല്യുഡി മാന്വൽ കൃത്യമായി അനുശാസിക്കുന്നത് ഇപ്രകാരമാണ് :

"നിർമ്മാണത്തിന് ശേഷം ഡിഫെക്റ്റ് ലയബിലിറ്റി കാലയളവിൽ ഉണ്ടാകുന്ന ഏതൊരു കേടുപാടും കരാറുകാരന്റെ ഉത്തരവാദിത്തമാണ് നിശ്ചിത സമയത്തിനുള്ളിൽ കരാറുകാരൻ അത് പരിഹരിച്ചില്ലെങ്കിൽ, റീട്ടെൻഷൻ തുകയിൽനിന്നോ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ തുക ഈടാക്കി വകുപ്പിന് നേരിട്ട് പണി നടത്താവുന്നതാണ്." എന്നാൽ, തറയോടുകൾ പൊട്ടുകയും, പ്ലംബിംഗ്-ഇലക്ട്രിക്കൽ സംവിധാനങ്ങൾ തകരാറിലാവുകയും ചെയ്തിട്ടും കരാറുകാരനെക്കൊണ്ട് അത് പരിഹരിപ്പിക്കുന്നതിൽ നിർവ്വഹണ ഏജൻസിയായ WAPCOS ഗുരുതരമായ വീഴ്ച വരുത്തി.

ഡിഫെക്റ്റ് ലയബിലിറ്റി കാലയളവിൽത്തന്നെ കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചത് നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മയെയും നിർമ്മാണ വേളയിലെ മേൽനോട്ടക്കുറവിനെയും സൂചിപ്പിക്കുന്നു. കരാറുകാരൻ യഥാസമയം അപാകതകൾ പരിഹരിക്കാത്തതാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന് പ്രധാന കാരണം.

കെട്ടിട നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് നഗരസഭാ കൗൺസിലിൽ ചർച്ച നടന്നിട്ടില്ല. പിഡബ്ല്യുഡി മാന്വലിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ നോട്ടീസ് നൽകിയിട്ടില്ല. യഥാസമയം കരാറുകാരനെക്കൊണ്ട് അറ്റകുറ്റപ്പണി നടത്താതിരുന്നാൽ ഡിഫെക്ട് ലയബിലിറ്റി കാലയളവിനുശേഷം നഗരസഭാ ഫണ്ടുപയോഗിച്ച് ഈ പ്രവൃത്തികളെല്ലാം നിർവ്വഹിക്കേണ്ടതായി വരും.

ഓഡിറ്റ് ശുപാർശ

പിഡബ്ല്യുഡി മാന്വലിലെ വ്യവസ്ഥകൾ പ്രകാരം, കരാറുകാരന്റെ 'Risk And Cost'-ൽ (നഷ്ടോത്തരവാദിത്വത്തിൽ) അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ നോട്ടീസ് നൽകേണ്ടതും വീഴ്ച വരുത്തുന്ന പക്ഷം, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാവുന്നതുമാണ്.
ഈ വിഷയം അടിയന്തിര നടപടിക്കായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്

## 1-26 ഭവന നിർമ്മാണം - പൂർത്തീകരിച്ച ഘട്ടത്തിന്റെ നിരക്കിലും അധികം തുക നൽകി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ സന്തോഷ് കുമാർ കെ കെ, കീപ്പള്ളിൽ വീട്, മുടിയൂർക്കോണം എന്ന വിലാസത്തിലുള്ള ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി മുൻകൂറായി ₹40,000 അനുവദിച്ചിരുന്നു. തുടർന്ന്, ഫൗണ്ടേഷൻ, ബേസ്മെന്റ് ഘട്ടം പൂർത്തിയാക്കിയതിന് ശേഷം രണ്ടാം ഗഡുവായി 21.12.2024 തീയതിയിൽ ₹1,60,000 അനുവദിച്ചു. എന്നാൽ, സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനമില്ലാതെ 10.01.2025-ന് മൂന്നാം ഗഡുവായി ₹80,000 കൂടി അനുവദിച്ചതായി കണ്ടെത്തി.

20.01.2026-ന് നടത്തിയ ഓഡിറ്റ് സ്ഥലപരിശോധനയിൽ, ബേസ്മെന്റ് ലെവൽ പൂർത്തിയാക്കിയതിന് ശേഷം ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ലെന്ന് വ്യക്തമായി. ബേസ്മെന്റ് ലെവൽ വരെ അനുവദനീയമായ പരമാവധി തുക ₹2,00,000 മാത്രമാണെങ്കിലും, നിലവിൽ ₹80,000 അധികമായി കൈപ്പറ്റിയിട്ടുണ്ട്. വ്യക്തിഗത ഫയലിൽ ₹80,000 രണ്ടാം ഗഡുവായി നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ധനവിതരണ രജിസ്റ്ററിൽ ഇതിന്റെ രേഖപ്പെടുത്തൽ നടന്നിട്ടുമില്ല.

ഓഡിറ്റ് എൻക്വയറി (നം. 10/20.01.2026) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അധികമായി തുക നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ഫയലിലും രജിസ്റ്ററിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായും ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഗുണഭോക്താവിന് അറിയിപ്പ് നൽകിയതായും സെക്രട്ടറി മറുപടി നൽകി.

ഭവന നിർമ്മാണം പുനരാരംഭിക്കാത്ത പക്ഷം ഇതുവരെ നൽകിയ മുഴവൻ തുകയും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-27 മൊബൈൽ എഫ് എസ്സ് റ്റി പി - പ്രവർത്തനം കാര്യക്ഷമമല്ല

നഗരസഭ 2024-25 വർഷം മൊബൈൽ എഫ്.എസ്സ്.റ്റി.പി. വാങ്ങുന്നതിന് പ്രോജക്ട് നമ്പർ 681/2025 പ്രകാരം 4796110 രൂപ (2721110 -നഗരസഭാ വിഹിതം, 1250000 – കേന്ദ്ര വിഹിതം, 825000 – സംസ്ഥാന വിഹിതം) ചെലവഴിച്ചിട്ടുണ്ട്. ഭൗമ എൻവിറോടെക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് മൊബൈൽ ട്രീറ്റ്മെന്റ് പ്ളാന്റ് വാങ്ങിയിട്ടുള്ളത്. പ്രോജക്ടിന്റെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.01.2024 ലെ 4744/G/2023/SM നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസിയായ WASH Institute ന്റെ (Water, Sanitation And Hygeine Institute) ലൈസൻസ് ഉള്ള സ്ഥാപനങ്ങളായ Bhouma Envirotech Pvt. Ltd,KAM- AVIDA ENVIRO ENGINEERS PVT LTD എന്നീ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ടെണ്ടർ ക്ഷണിച്ചു വേണമായിരുന്നു വാങ്ങലുകൾ നടത്തേണ്ടിയിരുന്നത്. എന്നാൽ ഇ ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്. Bhouma Envirotech Pvt. Ltd, FAZA Enterprises എന്നീ സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിൽ FAZA Enterprises എന്ന സ്ഥാപനത്തിന് ലൈസൻസ് ഇല്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നത്.

2. പ്ലാന്റ് വാങ്ങുമ്പോൾ ടെക്നിക്കൽ സ്പെസിഫിക്കേഷൻ, വില, പ്രവർത്തന പരിചയം , ഡെലിവെറി ഷെഡ്യൂൾ, വില്പനാനന്തര സേവനം, അറ്റകുറ്റപ്പണികൾ മുതലായവ പരിഗണിച്ചുവേണം വാങ്ങലുകൾ നടത്തേണ്ടതെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത് പരിഗണിക്കാതെയാണ് വാങ്ങലുകൾ നടത്തിയത്.

3. പ്രതിമാസം നികുതി ഉൾപ്പെടെ 200600 രൂപയാണ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ചാർജായി സ്ഥാപനത്തിന് നൽകുന്നത്. ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ് ചാർജ് തുക നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

4.10 സ്ഥാപനങ്ങൾ/വീടുകളാണ് 16.01.2026 തീയതി വരെ MTP യുടെ സേവനം പ്രയോജനപ്പെടുത്തിയത്. ഈയിനത്തിൽ നാളിതുവരെയായി 33600 രൂപ മാത്രമാണ് നഗരസഭയ്ക്ക് വരുമാനമായി ലഭിച്ചത്.

5.ജനങ്ങളിൽ പ്ളാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിന് പ്രചാരണം നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല

6. MTP യുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല.

നഗരസഭയ്ക്ക് മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ലഭിക്കുന്ന വരുമാനം വളരെ തുച്ഛമാണ്. പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ആവശ്യമായ രീതിയിൽ പ്രചാരണം നടത്തുകയോ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയോ ചെയ്തിട്ടില്ല. പ്രതിമാസം പ്ലാന്റിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചാർജിനായി നഗരസഭയ്ക്ക് ഭീമമായ തുക ചെലവഴിക്കേണ്ടിയും വരുന്നു.

പ്രവർത്തനങ്ങൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യാത്ത പക്ഷം, പ്ലാന്റിന്റെ ചെലവ് നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യതയായി മാറാൻ സാധ്യതയുണ്ട്. അതിനാൽ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടലും ഉചിതമായ നടപടികളും ആവശ്യമാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങൽ - അപാകതകൾ

സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 190 (പട്ടികജാതി കുട്ടികൾക്കുള്ള ലാപ്പ്ടോപ്പ് വിതരണം) എന്ന പ്രോജക്ട് പ്രകാരം 77 ലാപ്പ്ടോപ്പുകളും പ്രോജക്ട് നമ്പർ 747 പ്രകാരം 11 ലാപ്പ് ടോപ്പുകളും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് രേഖകൾ, വിതരണ രജിസ്റ്റർ, ലഭ്യമായ ഫയലുകൾ ഇവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജെം പോർട്ടൽ മുഖേന ആൻടി .കോം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ലാപ്പ് ടോപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലാപ്പ്ടോപ്പുകൾ ലഭ്യമാക്കിയത് ഏത് തീയതിയിലാണെന്ന് വ്യക്തമല്ല. വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | | എണ്ണം | തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 190 | ടാക്സ് ഇൻവോയിസ് നം. ACS/12815/23-24 തീയതി 18.02.2025 | 22 | 999242 | 24050647001801515157 തീയതി 12/03/2025 |
| 2 | 190 | ടാക്സ് ഇൻവോയിസ് നം. ACS/12902/23-24 തീയതി 22.03.2025 | 55 | 2443650 | 24050647001801645078 തീയതി 22/03/2025 |
| 3 | 747 | ടാക്സ് ഇൻവോയിസ് നം. ACS/12816/23-24 തീയതി 28.02.2025 | 11 | 499621 | 24050647001801443089 തീയതി 06/03/2025 |
| | | ആകെ | | 3942513 | |

ആകെ 88 ലാപ്പ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളത്. ക്രമ നമ്പർ 2 പ്രകാരമുള്ള ബില്ലിൽ വാങ്ങിയ ലാപ്പ്ടോപ്പുകളുടെ

സ്പെസിഫിക്കേഷൻ, സീരിയൽ നമ്പറുകൾ ഇവ രേഖപ്പെടുത്തിയിട്ടില്ല. ജെം പോർട്ടലിൽ സ്ഥാപനം ക്വോട്ട് ചെയ്ത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പുകളാണോ ലഭ്യമായിട്ടുള്ളത് എന്നത് ഇക്കാരണത്താൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. സീരിയൽ നമ്പർ രേഖപ്പെടുത്താത്തതിനാൽ ലാപ്പ് ടോപ്പുകൾക്ക് സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള 3 വർഷ വാറന്റി ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

2. ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിൽ സൂക്ഷിക്കുകയോ കെ സ്മാർട്ടിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതുകൊണ്ടു തന്നെ വിതരണ രജിസ്ററിൽ ലാപ്പ്ടോപ്പ് കൈപ്പറ്റിയതായ കൈയൊപ്പിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. വിതരണ രജിസ്റ്ററിൽ ലാപ്പ്ടോപ്പ് കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയിരിക്കുന്നത് 03.05.2025 തീയതിയിലാണ്. ടാക്സ് ഇൻവോയിസുകളിലെ തീയതികൾ 18.02.2025, 28.02.2025, 22.03.2025 ആണെന്നിരിക്കേ ലാപ്പ് ടോപ്പ് വിതരണം ചെയ്യാൻ വൈകിയതിന് കാരണം വ്യക്തമല്ല.

4. ആകെ രണ്ടു പ്രോജക്ടുകളിലുമായി 88 എണ്ണം വാങ്ങിയതിൽ 87 ലാപ്പ് ടോപ്പുകളാണ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാതെ ശേഷിച്ച ലാപ്പ്ടോപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5.വാർഡ് 33 ൽ ദേവനാരായണൻ എന്ന വ്യക്തിക്ക് നൽകിയ ലാപ്പ് ടോപ്പ് തിരികെ നൽകിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ ലഭിച്ച ലാപ്പ് ടോപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

6. രണ്ട് പ്രോജക്ടുകൾക്കുമായി ഒരു വിതരണ രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഓരോ പ്രോജക്ടിലുമുള്ള ഗുണഭോക്താക്കളുടെ വിവരം ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

7. വിതരണ രജിസ്റ്റർ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ലാപ്പ് ടോപ്പ് നൽകിയ ഗുണഭോക്താവിന്റെ പേരു വിവരം |
|---|---|---|
| 1 | 2 | രമ്യ രഘു, ചോനേക്കാട്ട് വീട് |
| 2 | 4 | മിന്നു, (രജിസ്റ്ററിൽ മേൽവിലാസം രേഖപ്പെടുത്തിയിട്ടില്ല) |
| 3 | 6 | ലക്ഷ്മി, പുത്തൻ പുരയ്ക്കൽ വീട് |
| 4 | 9 | വർഷ ഉത്തമൻ,(രജിസ്റ്ററിൽ മേൽ വിലാസം രേഖപ്പെടുത്തിയിട്ടില്ല) |
| 5 | 11 | അഷിജ് എസ്സ്, വേലശ്ശേരിൽ |
| 6 | 11 | ആദിത്യൻ എസ്സ്, വേലശ്ശേരിൽ |
| 7 | 12 | അഷ്ടമി എസ്സ്, മൂലക്കത്തെറിയിൽ |
| 8 | 12 | പ്രിയ കെ, കുറ്റിപ്പാലവിളയിൽ |
| 9 | 13 | അശ്വതി ചന്ദ്രൻ, കുരുമ്പേലിൽ മുകളിൽ |
| 10. | 13 | ശില്പ ആർ, മാവര പുത്തൻ വീട് |
| 11. | 14 | ശരത്ത് എസ്സ്, പാറക്കുന്നിൽ |
| 12. | 14 | സുമി കൃഷ്ണൻ എസ്സ്, പാറയിൽ |
| 13. | 16 | നന്ദന എസ്സ്, നന്ദനം ഹൗസ് |
| 14. | 17 | അഖിൽ എസ്സ്, ഉള്ളമയിൽ കാവിൽ |
| 15. | 17 | അഭിനന്ദ് പ്രകാശ്, കിഴക്കേ ചാരുവിളയിൽ |
| 16. | 17 | സൂര്യ എസ്സ്, മണ്ണാകോണത്ത് മേലേതിൽ |
| 17. | 19 | സൂര്യ സുരേഷ്, പനയംചേരിൽ |
| 18. | 20 | അഭിരാമി, അഭിജിത്ത് ഭവനം |
| 19. | 21 | അദ്വൈത് സത്യൻ, മുരളി സദനം |
| 20. | 22 | അഷിത കൃഷ്ണ, മാസ് 197 |
| 21. | 22 | പ്രജിത്ത് എം, അയത്തിയിൽ |

| | | |
|---|---|---|
| 22. | 23 | നിധിൻ എസ്സ്, വെള്ളപ്പാറവിളയിൽ |
| 23. | 25 | അർച്ചന ജി, ശാസ്താം വിള പടിഞ്ഞാറ്റേതിൽ |
| 24. | 25 | നന്ദിത എസ്സ്, വലിയ്യത്ത് തെക്കേതിൽ |
| 25. | 25 | മായ മധു, മലമുകളിൽ |
| 26. | 25 | മുരളി കൃഷ്ണൻ, നാല്വതുണ്ടിൽ |
| 27. | 25 | ശ്രീരാജ് എസ്സ് , വലികെട്ട് തെക്കേതിൽ |
| 28. | 28 | അർച്ചന ശശി, ശശി ഭവനം |
| 29. | 28 | ആദർശ് സോമൻ, കുട്ടപാളക്കുഴി പടി |
| 30. | 29 | അഖില എസ്സ്, അനിലാലയം |
| 31. | 30 | അഭിജിത്ത് എ, ഉണ്ടത്തിൽ |
| 32. | 31 | നിരഞ്ജന രാമചന്ദ്രൻ |
| 33. | 31 | പ്രീത ആറ്, കളരിക്കൽ ഉണ്ടിൽ പുത്തൻവീട് |
| 34. | 31 | സർഗ്ഗപ്രിയ, തടത്തിൽ |
| 35. | 31 | സുരേഷ് പി എം, നെല്ലിക്കൽ |
| 36. | 32 | ആശ, കാർത്തിക |
| 37. | 32 | രാഖിരാജ് റ്റി ആർ, രാഹുൽ ഭവനം |
| 38. | 33 | അദിഷ ദാസ്, വാലിയിൽ വീട് |

8. ചരക്കുസേവന നികുതി നിയമം വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിന് മുകളിൽ വരുന്ന പർച്ചേസ് ബില്ലുകളിൽ നിന്നും 2% തുക TDSആയി കുറവ് ചെയ്യേണ്ടതും 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000 രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക നൽകുമ്പോൾ 2% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതുമാണ്. എന്നാൽ നികുതികൾ കുറവു ചെയ്യാതെയാണ് സ്ഥാപനത്തിന് തുക നൽകിയത്.

9. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികളെ മറികടന്ന് ലിസ്റ്റിൽ ഇല്ലാത്ത നിരവധി പേർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) 16 -ാം വാർഡിലെ ലിസ്റ്റിൽ 3 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരിൽ ആർക്കും ആനുകൂല്യം നൽകാതെ നന്ദന എസ്സ്, നന്ദനം ഹൗസ് എന്നമേൽവിലാസത്തിലുള്ള വ്യക്തിക്ക് ആനുകൂല്യം നൽകി.

2) 19 -ാം വാർഡിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മൂന്ന് പേർക്ക് ആനുകൂല്യം നൽകാതെ സൂര്യ സുരേഷ്, പനയംചേരിൽ പന്തളം എന്നമേൽവിലാസത്തിലുള്ള വ്യക്തിക്ക് ആനുകൂല്യം നൽകി.

നിയമപ്രകാരമല്ലാതെ ആനുകൂല്യം നൽകാനിടയായ കാരണം വ്യക്തമല്ല

10 . ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല എന്ന് കാണുന്നു. ഗുണഭോക്തൃ ലിസ്ററിൽ ഇല്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകാനിടയായ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച് കൗൺസിൽ തീരുമാനമോ ഗുണഭോക്താക്കളുടെ പേര് പിന്നീടുള്ള വാർഡ് സഭകളിൽ വച്ച് അംഗീകാരം നേടിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വാർഡ് | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ പേരും വിലാസവും |
|---|---|---|
| 1. | 1 | അർജ്ജുൻ, അടയ്ക്കാത്തോട്ടത്തിൽ |
| 2. | 1 | ആദിത്യ ആർ, വള്ളിക്കുഴിയിൽ |
| 3. | 4 | മിന്നു, (വീട്ടു പേര് രേഖപ്പെടുത്തിയിട്ടില്ല) |
| 4. | 9 | വർഷ ഉത്തമൻ, പടിഞ്ഞാറേ ..... |

| | | |
|---|---|---|
| 5. | 11 | അനഘ വിശ്വനാഥ്, (വീട്ടു പേര് വ്യക്തമല്ല) |
| 6. | 11 | അഷിജ് എസ്സ്, വേലശ്ശേരിൽ |
| 7. | 12 | രേഷ്മ ആർ, വാല്യുതുണ്ടിൽ |
| 8. | 12 | പ്രിയ കെ, കുറ്റിപ്പാലവിളയിൽ |
| 9. | 13 | അശ്വതി ചന്ദ്രൻ, കുരുമ്പേലിൽ മുകളിൽ |
| 10. | 13 | ദേവിക രാജേഷ്, കുരുമ്പേലിൽ മുകളിൽ |
| 11. | 14 | സുമി കൃഷ്ണൻ എസ്സ്, പാറയിൽ |
| 12. | 14 | ശരത്ത് എസ്സ്, പാറക്കുന്നിൽ |
| 13. | 16 | നന്ദന എസ്സ്, നന്ദനം ഹൗസ് |
| 14. | 17 | അർജ്ജുൻ രമേശ്, ചരുവിള മേലേതിൽ |
| 15. | 17 | സൂര്യ എസ്സ്, മണ്ണാകോണത്ത് മേലേതിൽ |
| 16. | 18 | രുദ്ര രാജൻ, (വീട്ടുപേര് വ്യക്തമല്ല) |
| 17. | 18 | വൃന്ദ വിജയൻ , (വീട്ടുപേര് വ്യക്തമല്ല) |
| 18. | 19 | സൂര്യ സുരേഷ്, പനയം ചേരിൽ |
| 19. | 20 | ശാലിനി എസ്സ്, ശരത് ഭവനം |
| 20. | 21 | ആര്യ രാജൻ, രാമനിലയം |
| 21. | 22 | പ്രജിത്ത് എം, അയത്തിയിൽ |
| 22. | 22 | അഷിത കൃഷ്ണ, മാസ് 197 |
| 23. | 23 | ആഷ എം, പാലമുരുപ്പേൽ |
| 24. | 23 | നിധിൻ എസ്സ്, വെള്ളപ്പാറ വിളയിൽ |
| 25. | 25 | ശ്രീരാജ് എസ്സ്, വലികെട്ട് തെക്കേതിൽ |
| 26. | 25 | അർച്ചന ജി, ശാസ്താം വിള പടിഞ്ഞാറ്റേതിൽ |
| 27. | 25 | നന്ദിത എസ്സ്, വലിയത്ത് തെക്കേതിൽ |
| 28. | 25 | മായ മധു, മലമുകളിൽ |
| 29. | 26 | അശ്വതി എസ്സ്, കല്ലയ്യത്ത് |
| 30. | 27 | കീർത്തന എസ്സ്, വടക്കേവാല്യതുണ്ടിൽ |
| 31. | 29 | സുധീഷ് എസ്സ്, മുട്ടാണി കിഴക്കേതിൽ |
| 32. | 31 | സായന്ത് സുരേഷ്, മുപ്പത്താറ് വിളയിൽ |
| 33. | 31 | സർഗ്ഗപ്രിയ, തടത്തിൽ |
| 34. | 31 | അശ്വന്ത് എസ്സ് കിഷോർ, മുപ്പത്താറുവിളയിൽ |
| 35. | 31 | നിരഞ്ജന രാമചന്ദ്രൻ, പടിഞ്ഞാറ്റേതിൽ തെക്കേതിൽ |

| | | |
|---|---|---|
| 36. | 32 | അഭിമന്യു എസ്സ്, കാഞ്ഞിരം നിൽക്കുന്നതിൽ |
| 37. | 32 | സോജു സനിൽ, പിള്ളശ്ശേരിൽ |
| 38. | 32 | മേഘ എം എസ്സ് , കിഴക്കേക്കര പടിഞ്ഞാറ്റേതിൽ |
| 39. | 32 | അർജ്ജുൻ എസ്സ്, കാഞ്ഞിരം നിൽക്കുന്നതിൽ |
| 40. | 32 | അഭിനവ് എസ്സ് കൃഷ്ണ, അജിത ഭവനം |
| 41. | 32 | രാഖിരാജ് റ്റി ആർ, രാഹുൽ ഭവനം |
| 42. | 32 | ആശ, കാർത്തിക |
| 43. | 33 | സുബിൻ എസ്സ്, പുന്നല തെക്കേതിൽ |

11. ലാപ്പ് ടോപ്പുകൾ ഗുണഭോക്താക്കളല്ലാതെ മറ്റു വ്യക്തികൾ കൈപ്പറ്റിയതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ലാപ്പ് ടോപ്പുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഉറപ്പു വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഗുണഭോക്താവിന്റെ പേര്, വീട്ടുപേര് | ലാപ്പ് ടോപ്പ് കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|
| 1 | 1 | ആദിത്യ ആർ, വള്ളിക്കുഴിയിൽ | കൗൺസിലർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | 9 | ഉദീഷ് യു, വേട്ടപ്പറമ്പിൽ | കൗൺസിലർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | 9 | വർഷ ഉത്തമൻ, പടിഞ്ഞാറേ....... | കൗൺസിലർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 4 | 17 | അർജ്ജുൻ രമേശ്, ചരുവിള മേലേതിൽ | ഒരാൾ തന്നെ നാലുപേരുടേയും ലാപ്പ് ടോപ്പ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 5 | 17 | അഭിനന്ദ് പ്രകാശ്, കിഴക്കേ ചരുവിളയിൽ | |
| 6 | 17 | അഖിൽ എസ്സ്, ഉള്ളമയിൽ കാവിൽ | |
| 7 | 17 | സൂര്യ എസ്സ്, മണ്ണാകോണത്ത് | |
| 8 | 33 | സൗഭാഗ്യ പി വി, പാണ്ടിശ്ശേരിൽ | ഒരാൾ തന്നെ ഏഴ് പേരുടേയും ലാപ്പ് ടോപ്പ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 9 | 33 | അനുഗ്രഹ എസ്സ് സുരേഷ്, ചെറുകോണത്ത് | |
| 10 | 33 | ദേവനാരായണൻ, വാലിയിൽ വീട് | |
| 11 | 33 | സോന സുഭാഷ്, സോപാനം | |
| 12 | 33 | അദിഷ ദാസ്, വടക്കേ ചെറുകോണത്ത് | |

| | | | |
|---|---|---|---|
| 13 | 33 | അഭിജിത്ത് വടക്കേ ചെറുകോണത്ത്, സുബിൻ എസ്സ് | |
| 14 | 33 | സുബിൻ എസ്സ്, പുന്നല തെക്കേതിൽ | |

12. ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എൻജിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമാ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയിഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനത്തിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹത. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് റിമാർക്സിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കുന്നില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|---|
| 1 | 28 | രാഹുൽ ആർ, രാജേഷ് ഭവനം | FINPROV Learning Private Limited, Pandalam എന്ന സ്ഥാപനത്തിൽ നിന്നുള്ള PG Diploma In Indian And Foreign Accounting Course. |
| 2 | 19 | അനഘ പി എസ്സ്, മണ്ണിൽ തെക്കേതിൽ | Diploma Course, HRD Centre- ഏത് കോഴ്സാണെന്ന് വ്യക്തമല്ല. |
| 3 | 14 | രാജലക്ഷ്മി ആർ, പറയിൽ തെക്കേതിൽ | DCA, Micro College Of Computer Engineering(അംഗീകാരത്തിന്റെ വിവരം ലഭിച്ചിട്ടില്ല) |
| 4 | 33 | സുബിൻ എസ്സ് ബിനു, പുന്നല തെക്കേതിൽ | Diploma In Smart Phone Engineering, Militia Smart Phone Engineering, Mavelikkara |
| 5 | 26 | അശ്വതി എസ്സ്, കല്ലുയ്യത്ത് | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | 9 | ഉദീഷ് യു, വേട്ടപ്പറമ്പിൽ | പ്ളസ് വൺ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥി |
| 7 | 1 | അർജ്ജുൻ എ പി, അടയ്ക്കാതോട്ടത്തിൽ | പ്ലസ് വൺ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥി |

13. പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കാത്തതു കാരണം പല വിദ്യാർത്ഥികൾക്കും കോഴ്സ് പൂർത്തീകരിച്ചതിനു ശേഷമാണ് ആനുകൂല്യം കൈമാറിയത് .

ഉദാ: ആഷ എം, പാലമുരുപ്പേൽ ഹൗസ്, വാർഡ്-23 , ടിയാൾ സിവിൽ എൻജിനീയറിംഗിൽ ത്രിവത്സര ഡിപ്ളോമയ്ക്ക് 2022-2025 കാലയളവിൽ പഠിച്ച വിദ്യാർത്ഥിനിയാണ്. ലാപ്പ്ടോപ്പ് കൈപ്പറ്റിയത് അക്കാദമിക് കാലയളവ് പൂർത്തീകരിച്ചതിനു ശേഷം 03.05.2025 തീയതിയിലാണ്.

14. എസ്.സി.ഡി.ഒ യെ നിർവ്വഹണോദ്യോഗസ്ഥനായി നിശ്ചയിച്ച മേൽ പ്രോജക്ടിൽ ബിൽ ബുക്ക് പ്രകാരം തുക മാറി നൽകിയിട്ടുള്ളത് സൂപ്രണ്ട് ആണെന്ന് കാണുന്നു. ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ എസ്.സി.ഡി.ഒ എന്ന് രേഖപ്പെടുത്തിയ ട്രഷറി ബിൽ ബുക്ക് ഇഷ്യൂ ചെയ്തിട്ടുള്ളത് സൂപ്രണ്ടിനാണ്. ബിൽ ബുക്ക് ഉപയോഗിച്ച് എല്ലാ പ്രോജക്ടുകൾക്കും തുക പിൻവലിച്ചിട്ടുള്ളതും സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറി ആണ്. ഇത് സംബന്ധിച്ച് ട്രഷറി ഓഫീസർക്ക് കത്ത് നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 20/24.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ലാപ്ടോപ്പുകളുടെ വാങ്ങൽ നടപടിക്രമം, സ്റ്റോക്കിൽ ഉൾപ്പെടുത്തൽ, വിതരണ രേഖകൾ എന്നിവയിൽ വ്യക്തതയില്ലായ്മയും അപാകതകളും കണ്ടെത്തിയിട്ടുണ്ട്. ഇതിലൂടെ പ്രോജക്ട് നിർവഹണത്തിൽ അവ്യക്തതയും വ്യാപകമായ ക്രമക്കേടുകളും ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പറഞ്ഞ അപാകതകൾ പരിഹരിയ്ക്കാൻ ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിനായി ചെലവഴിച്ച തുക 3942513 രൂപ തടസ്സത്തിൽ വയ്ക്കുന്നു.
വിഷയത്തിൽ ഭരണ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി, കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-29 മുൻകൂർ തുക നൽകി - സമയപരിധി കഴിഞ്ഞിട്ടും ഡി.പി.ആർ ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി/സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി മുട്ടാർ നീർച്ചാൽ ജലാശയം പുനരുജ്ജീവനത്തിനായി ഡി പി ആർ തയ്യാറാക്കുന്നതിന് (പ്രോജക്ട് നമ്പർ 745) ടെണ്ടർ ക്ഷണിച്ച് ഇക്വേറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡ്, താന്നിശ്ശേരി, പാലക്കാട് എന്ന സ്ഥാപനത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 499500 രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. നാളിതുവരെ ഡി പി ആർ തയ്യാറാക്കി നഗരസഭയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ അടങ്കൽ തുക 500000 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. അടങ്കൽതുക 500000രൂപയായി നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

2. പ്രോജക്ട് പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് നിശ്ചയിച്ചിട്ടില്ല. ടെണ്ടർ നോട്ടീസിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3.ടെണ്ടർ ക്ഷണിച്ചതിൽ ഇക്വേറ്റർ ജിയോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. സ്ഥാപനവുമായി കരാറിലേർപ്പെട്ടത് 12.03.2025 തീയതിയിലാണ്. എഗ്രിമെന്റ് പ്രകാരം മൂന്നുമാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. സമയബന്ധിതമായി ഡി പി ആർ തയ്യാറാക്കി ലഭ്യമാക്കാത്ത പക്ഷം ഫൈൻ ഇനത്തിൽ പ്രതിവാരം 1% നിരക്കിൽ പരമാവധി 10% തുക പലിശയിനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഫൈൻ ഈടാക്കിയത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. മുട്ടാർ നീർച്ചാലിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2023-24, 2024-25 വർഷങ്ങളിലായി 14.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് നീർച്ചാലിലെ നീരൊഴുക്ക് സുഗമമാക്കി ജലത്തിന്റെ ഒഴുക്ക് സ്വാഭാവിക രീതിയിലാക്കുന്നതിനാണെന്നിരിക്കേ ഡി പി ആർ തയ്യാറാക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചത് എന്തിനാണെന്ന് വിശദീകരിക്കപ്പെട്ടില്ല.

5. ചരക്കുസേവന നികുതി നിയമം വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിന് മുകളിൽ വരുന്ന പർച്ചേസ് ബില്ലുകളിൽ നിന്നും 2% തുക TDSആയി കുറവ് ചെയ്യേണ്ടതും 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000 രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക നൽകുമ്പോൾ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതുമാണ്. എന്നാൽ നികുതികൾ കുറവു ചെയ്യാതെയാണ് സ്ഥാപനത്തിന് തുക നൽകിയത്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 51/31.01.2026) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

സ്ഥാപനം കരാർ വ്യവസ്ഥകൾ പാലിക്കുന്നതിലും, DPR തയ്യാറാക്കുന്നതിലും, വീഴ്ച വരുത്തിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടും കരാർ ലംഘനത്തിനെതിരെ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.സ്രോതസ്സിൽ നിന്നും നികുതി കുറവു ചെയ്ത് സർക്കാരിലേക്ക് അടച്ചിട്ടുമില്ല.

കരാർ മാനേജ്മെന്റ്, പ്രോജക്ട് ആവിഷ്കരണം, നികുതി നിയമങ്ങൾ എന്നിവയിൽ കാര്യക്ഷമമായ നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഡി പി ആർ തയ്യാറാക്കുന്നതിനായി മുൻകൂർ നൽകിയ ഇനത്തിൽ ചെലവഴിച്ച തുക 499500 രൂപ മേൽകാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

അസിസ്ററന്റ് സെക്രട്ടറി/സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വീട് മെയിന്റനൻസ് പ്രോജക്ടുകളിൽ (പ്രോ.നം. 189, 283, 829) വാർഡ് സഭ അംഗീകരിക്കാത്ത നിരവധി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു. ഇവരെ പിന്നീടുള്ള വാർഡ് സഭകളിൽ ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 53/31.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| | | | |
|---|---|---|---|
| 1 | ഓമന, മലയുടെ തെക്കേതിൽ | 25 | 150000 |
| 2 | തങ്കമ്മ, വല്ലയേത്ത്, | 25 | 150000 |
| 3 | ശ്യാമള, കാഞ്ഞിര നിൽക്കുന്നതിൽ | 32 | 100000 |
| 4 | ഉഷ, മൂലയ്ക്ത്തറയിൽ | 12 | 100000 |
| 5 | വിജയകുമാരി, മൂലയ്ക്ത്തറയിൽ | 12 | 100000 |
| 6 | തങ്കമ്മ, മൂലയ്ക്ത്തറയിൽ | 12 | 100000 |
| 7 | ഷീജ കാർത്തികേയൻ | 31 | 100000 |
| 8 | രവീന്ദ്രൻ പി കെ | 31 | 100000 |
| 9 | ജയരാജ്, വേലൻ പറമ്പിൽ | 33 | 50000 |
| 10 | ഓമന പി കെ, പനയ്ക്കൽ വീട് | 33 | 50000 |
| 11 | നിർമ്മല സി, വള്ളിക്കാവിനാൽ | 23 | 100000 |
| 12 | രാധാമണി, കണ്ണാറേത്ത് | 11 | 100000 |
| 13 | സോമൻ പി, വൈശാഖം | 24 | 100000 |
| 14 | മണി പി പി, വല്ല്യേത്ത് | 24 | 50000 |
| | ആകെ | | 1350000 |

ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ വാർഡ് സഭയുടെ അംഗീകാരം നിർബന്ധമായ ഘടകമാണെന്നിരിക്കേ, വാർഡ് സഭയുടെ അംഗീകാരം ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ തുക 1350000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാർഡ് സഭയുടെ അംഗീകാരം ലഭിക്കാത്ത ഗുണഭോക്താക്കളുടെ പേരുവിവരം അതാത് വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ ശേഷം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് . അല്ലാത്ത പക്ഷം ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-31 വീട് മെയിന്റൻസ്-മുൻകൂർ നൽകിയത് വ്യത്യസ്ത നിരക്കിൽ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വീട് മെയിന്റനൻസ് പദ്ധതിയിൽ( പ്രോജക്ട് നമ്പർ 283) യൂണിറ്റ് കോസ്റ്റ് ₹1,50,000 ആയി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, ഗുണഭോക്താക്കൾക്ക് മുൻകൂറായി നൽകിയ തുകയിൽ ഏകീകൃത സ്വഭാവം പാലിക്കപ്പെട്ടിട്ടില്ല. ആകെ 102 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ, ഒന്നാം ഗഡുവായി 91 പേർക്ക് ₹50,000 വീതവും 11 പേർക്ക് ₹1,00,000 വീതവുമാണ് നൽകിയിട്ടുള്ളത്.

പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ്, ഗഡുക്കളായി തുക വിതരണം എന്നിവയിൽ ഏകീകൃതമായ മാനദണ്ഡം പാലിക്കാതെ വ്യത്യസ്ത നിരക്കിൽ ആനുകൂല്യം നൽകിയത്, പദ്ധതി നടത്തിപ്പിലെ സുതാര്യതയെ ബാധിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള ശ്രദ്ധയും നിയന്ത്രണ സംവിധാനങ്ങളും ഉറപ്പാക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-32 ജീവനക്കാർക്ക് നൽകുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

നഗരസഭയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി 2024-25 വർഷം ഉദ്യോഗസ്ഥർക്ക് മുൻകൂറായി നൽകിയ ചുവടെ ചേർക്കുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. 15/11/24-വരെ മാത്രമാണ് അഡ്വാൻസ് രജിസ്റ്റർ എഴുതിയിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04/10/2011-ലെ ജി.ഒ.(പി)നം.419/2011/ ധന, 09/01/2020-ലെ ജി.ഒ(പി)5/2020/ധന പ്രകാരം തുക അനുവദിച്ച് മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴപ്പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതാണ്. 2024-25 വർഷം നൽകിയതും ക്രമീകരണ രേഖകൾ ലഭ്യമല്ലാത്തതുമായ മുൻകൂറുകളുടെ വിശദാംശം കാണിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (3/09.02.2026) ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധ രേഖകളുടേയും അടിസ്ഥാനത്തിൽ നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | അഡ്വാൻസ് തുക കൈപ്പറ്റിയ ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര് | തുക (₹) | ഫയൽ നം/ ഉദ്ദേശ്യം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | P-M030400-24000032 17.05.24 | രാധിക എസ്, മുൻസിപ്പൽ എൻജിനീയർ | 30000 | കയ്യേറ്റം ഒഴിപ്പിക്കുന്നതിന് |
| 2 | P-M030400-24000037-20.05.24 | രാധിക എസ്, മുൻസിപ്പൽ എൻജിനീയർ | 70000 | കയ്യേറ്റം ഒഴിപ്പിക്കുന്നതിന് |
| 3 | P-M030400-24000088-6/6/24 | സിന്ധു ബി | 17000 | സ്കൂൾ പ്രവേശനോത്സവം |
| 4 | P-M030400-24000500-19/12/24 | രാജഗോപാൽ പി | 75000 | കേരളോത്സവം |

അഡ്വാൻസ് രജിസ്റ്ററിൽ 2011 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാനുണ്ട്. ജി.ഒ(പി)5/2020/ഫിനാൻസ് തീ.09/01/2020-ഉത്തരവ് പ്രകാരം മൂന്ന് മാസം കഴിഞ്ഞും മുൻകൂർ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് അടുത്ത മുൻകൂർ അനുവദിക്കരുത്. മാത്രമല്ല മുൻകൂർ ക്രമീകരിക്കാതെ ഉദ്യോഗസ്ഥർ ട്രാൻസ്ഫർ/റിട്ടയർ ആവുകയാണെങ്കിൽ അവരുടെ എൽ.പി.സി./എൻ.എൽ.സി-യിൽ ഇക്കാര്യം രേഖപ്പെടുത്തേണ്ടതുണ്ട്. നഗരസഭയിൽ നിന്നും ട്രാൻസ്ഫർ/ റിട്ടയർ ചെയ്ത ജീവനക്കാർക്ക് നൽകിയ മുൻകൂറുകളും ക്രമീകരിക്കാനുണ്ട്. മുൻകൂർ തുകകൾ അടിയന്തിരമായി ക്രമീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-33 ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ - നിർവഹണചുമതലയിൽ ഉണ്ടായിരുന്ന പദ്ധതികൾ നടപ്പാക്കിയില്ല.

2024-25 വർഷം ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണം നടത്തുന്നതിനായി നാല് പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. വിശദാംശങ്ങൾ താഴെപറയുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നം | ഫണ്ടിനം | അടങ്കൽ |
|---|---|---|---|
| 1 | സ്വയം തൊഴിൽ, വ്യക്തിഗതം, 211/25 | വികസന ഫണ്ട് (ജനറൽ) | 990000 |
| 2 | സ്വയം തൊഴിൽ - സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ, 212/25 | വികസന ഫണ്ട് (ജനറൽ) | 420000 |
| 3 | സ്വയം തൊഴിൽ, വ്യക്തിഗതം (എസ്.സി), 223/25 | വികസന ഫണ്ട് (എസ്.സി.പി) | 500000 |
| 4 | സ്വയം തൊഴിൽ - സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ (എസ്.സി), 224/25 | വികസന ഫണ്ട് (എസ്.സി.പി) | 550000 |

നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ പദ്ധതികൾ ഒന്നും തന്നെ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 03/16-01-26) ഡി.ഡി.ഓ കോഡ് ലഭിച്ചിട്ടില്ലാത്തതിനാലാണ് പദ്ധതി നിർവ്വഹണം നടത്താതിരുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കുന്നില്ല.

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയവ പ്രദാനം ചെയ്ത് ബാല സൗഹൃദമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് 19.04.2022-ലെ സ.ഉ (കൈ) 86/2022/എൽ.എസ്.ജി.ഡി നം. പദ്ധതി മാർഗ്ഗരേഖ 8.8.2 പ്രകാരം

നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ നിലവിലും അംഗൻവാടികൾ ബാലസൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏറെ പിന്നിലാണ്. നഗരസഭാ പ്രദേശത്ത് 48 അംഗൻവാടികളാണുള്ളത്. ഇതിൽ 20 എണ്ണം സ്വന്തം കെട്ടിടത്തിലും, 2 എണ്ണം സ്കൂൾ കെട്ടിടത്തിലും ബാക്കി 26 എണ്ണം വാടകക്കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 29 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല. 19 എണ്ണത്തിന് സ്വന്തമായി സ്ഥലം ഇല്ല. 1 എണ്ണത്തിന് സ്ഥലം ലഭിച്ചുവെങ്കിലും കെട്ടിട നിർമ്മാണത്തിന് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. 2 എണ്ണത്തിന് കെട്ടിടം നിർമ്മിയ്ക്കുന്നതിന് അനുമതിയായിട്ടുണ്ട്. 4 എണ്ണത്തിന് (No. 3,6,33,41) കുടിവെള്ളം ലഭ്യമല്ല. 3 അംഗൻവാടികൾക്കുമാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സംവിധാനമുള്ളത്.

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കുന്നതിന് നഗരസഭ ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി നഗരസഭ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 അംഗൻവാടി പോഷകാഹാര പദ്ധതിക്കുള്ള കേന്ദ്ര വിഹിതം- പൂർണ്ണമായി ചെലവഴിക്കുന്നില്ല

2020-21 വർഷം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ 1224202 രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | കേന്ദ്ര വിഹിതം ലഭിച്ചത് | ആകെ | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| 2021-22 | 1224202 | 1590794 | 2814996 | 812337 | 2002659 |
| 2022-23 | 2002659 | 2571964 | 4574623 | 630536 | 3944087 |
| 2023-24 | 3944087 | 2656490 | 6600577 | 1662591 | 4937986 |
| 2024-25 | 4937986 | 4446097 | 9384083 | 2094391 | 7289692 |

31.03.25 വരെ പ്രസ്തുത ഇനത്തിൽ ആകെ 7289692 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ടി തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 വൃത്തി 2025 പദ്ധതി -അധികം ട്രാൻസ്ഫർ ചെയ്ത തുക തിരികെ ലഭിച്ചില്ല

വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് പദ്ധതിക്കായി 7/3/2025-ലെ ജി.ഒ (പി) നം.645/2025/ എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം നഗരസഭകൾ രണ്ട് ലക്ഷം രൂപ വീതം നൽകുന്നതിന് ഉത്തരവുണ്ടായിരുന്നു. ഇത് പ്രകാരം നഗരസഭയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 2 ലക്ഷം രൂപ വകയിരുത്തി പദ്ധതി (836/25) ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ 2 ലക്ഷം രൂപയ്ക്ക് പകരം 29.03.2025-ലെ C032592007333, C032593767878 പി.എഫ്.എം.എസ്. ട്രാൻസാക്ഷനുകളിലായി ആകെ 4 ലക്ഷം രൂപ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അധികമായി 2 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്യാൻ ഇടയായ സാഹചര്യം വിശദീകരിക്കുന്നതിനും തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (43/29.01.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ ഉണ്ടായിരുന്ന പദ്ധതികളിൽ പകുതി പോലും നടപ്പിലാക്കിയില്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 38 പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും അവയിൽ 18 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. നടപ്പിലാക്കിയ പദ്ധതികളിൽ തന്നെ ഭൂരിപക്ഷവും ജി.ഒ. പ്രോജക്ടുകളും ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള പദ്ധതികളുമാണ്. നടപ്പിലാക്കാൻ അവശേഷിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിരുത്തിയ തുക |
|---|---|---|---|
| 1 | 226 | ലൈഫ് മിഷൻ ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് ജനറൽ | 700000 |
| 2 | 227 | ലൈഫ് മിഷൻ വായ്പ മുതൽ ഹഡ്കോ വായ്പ തിരിച്ചടവ് എസ്.സി.പി. | 800000 |
| 3 | 229 | എ.ബി.സി. | 200000 |
| 4 | 243 | അങ്കണവാടിക്ക് ഭൂമി വാങ്ങൽ | 350000 |
| 5 | 259 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ | 7960 |
| 6 | 270 | എ.ബി.സി. | 50000 |
| 7 | 271 | ദുരന്ത നിവാരണ രേഖ പുതുക്കൽ | 15000 |
| 8 | 274 | ലൈഫ് - പിഎംഎവൈ - മറ്റ് തദ്ദേശ സ്ഥാപനങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് തുക നൽകൽ എസ്സി | 400000 |
| 9 | 275 | സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസിൽ കർട്ടൻ കാർപ്പറ്റ് | 10000 |
| 10 | 278 | കാലാവസ്ഥ വ്യതിയാനം പ്രാദേശിക കർമ്മ പദ്ധതി | 30000 |
| 11 | 279 | ഐ എസ് ഒ പ്രവർത്തനങ്ങൾ | 300000 |
| 12 | 606 | തെരുവ് വിളക്ക് പരിപാലന സാമഗ്രികൾ വാങ്ങൽ | 1333000 |
| 13 | 607 | അങ്കണവാടിക്ക് ഭൂമി വാങ്ങൽ | 900000 |
| 14 | 608 | അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങൽ | 1000000 |
| 15 | 697 | ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ | 400000 |
| 16 | 724 | കെഎസ്ഡബ്ല്യുഎംപി അധിക പദ്ധതികൾ | 415587 |
| 17 | 734 | 14-ാം നം അങ്കണവാടിക്ക് സ്ഥലം വാങ്ങൽ വാർഡ് 8 | 500000 |
| 18 | 784 | അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് വീട് വാടക ഇനത്തിൽ തുക നൽകൽ | 60000 |
| 19 | 816 | പന്തളം നഗരസഭയിലെ വെൽനെസ് സെന്ററുകളുടെ പ്രവർത്തനം | 1700000 |
| 20 | 820 | നഗരസഭയിലേക്ക് ഇലക്ട്രിക് സ്കൂട്ടർ വാങ്ങൽ | 150000 |

പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കാതെയിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് 43/29.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-38 ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല, വേതനക്കുടിശ്ശിക ഇനത്തിൽ അധിക തുക അനുവദിച്ചു

നഗരസഭയിലെ മുടിയൂർക്കോണം, കുരമ്പാല ഹെൽത്ത് & വെൽനസ്സ് സെന്ററുകളുടെ പ്രവർത്തനത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി ഹെൽത്ത് ഗ്രാന്റിൽ നിന്നും 3352454രൂപ വകയിരുത്തി പദ്ധതി (726/25 സ്പിൽ ഓവർ) ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ആകെ 3120389രൂപ പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ജീവനക്കാരുടെ വേതനം, കെട്ടിട വാടക നൽകൽ എന്നീ ആവശ്യങ്ങൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. എൻ.എച്ച്.എം. ജീവനക്കാരുടെ പരിഷ്കരിച്ച വേതനം ഹെൽത്ത് &വെൽനസ്സ് കേന്ദ്രങ്ങളിലെ

ആരോഗ്യ പ്രവർത്തകർക്കും നൽകാവുന്നതാണെന്ന് സർക്കാർ സ്പഷ്ടീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2024 ജൂൺ മാസം മുതൽ ജീവനക്കാർക്ക് പുതിയ നിരക്കിൽ വേതനം അനുവദിക്കുകയും 2023 സെപ്റ്റംബർ മുതൽ 2024 മെയ് മാസം വരെയുള്ള വേതന കുടിശ്ശികയിനത്തിൽ 333000രൂപ (PFMS Advice No. C072446134951/31.07.2024) അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിനത്തിൽ ഒരു ജീവനക്കാരിക്ക് 6418രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേരും തസ്തികയും | പ്രതിമാസ വേതനം | മാസം | ജോലിയ്ക്ക് ഹാജരായ ദിവസങ്ങൾ | കൈപ്പറ്റിയ തുക | പരിഷ്കരിച്ച വേതനം | പരിഷ്കരിച്ച നിരക്കിൽ അർഹമായ വേതനം | അനുവദിക്കേണ്ട കുടിശ്ശിക തുക | അനുവദിച്ച കുടിശ്ശികതുക |
|---|---|---|---|---|---|---|---|---|
| അമ്മു എസ്., ജെ.എച്ച്.ഐ. | 14000 | 12/2023 | 0 | 0 | 17000 | 0 | 0 | 3000 |
| | | 01/2024 | 0 | 0 | | 0 | 0 | 3000 |
| | | 04/2024 | 27 | 12320 | | 15300 | 2980 | 3000 |
| | | 05/2024 | 27 | 12204 | | 14806 | 2602 | 3000 |
| ആകെ | | | | 24524 | | 30106 | 5582 | 12000 |
| അധികമായി അനുവദിച്ച തുക =12000-5582=6418 | | | | | | | | |

കൂടാതെ പദ്ധതിയ്ക്കായി ആകെ 3120389 ചെലവഴിച്ചതിൽ 2330689 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 789700 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ അവശേഷിക്കുന്നു.

വേതനക്കുടിശ്ശിക ഇനത്തിൽ അധിക തുക അനുവദിച്ചതിനും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് 42/29.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവിൽ 6418 രൂപ ഓഡിറ്റ് നിരാകരിക്കുകയും 789700 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുകയും ചെയ്യുന്നു. അധികമായി അനുവദിച്ച തുക തിരികെ ഈടാക്കിയും ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയും ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ഉപകരണങ്ങളും തൊഴിലാളികൾക്കുള്ള സുരക്ഷാ ഉപാധികളും വിതരണം നടത്താതെ സൂക്ഷിച്ചിരിക്കുന്നു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി കെ.എസ്.ഡബ്യു.എം.പി. ഫണ്ടിൽ നിന്നും 215632രൂപ വകയിരുത്തി സ്പിൽ ഓവർ പദ്ധതി (254/25) നടപ്പിലാക്കിയിരുന്നു. മുൻ വർഷം സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബാക്കിതുക നൽകുന്നതിനായി പദ്ധതിയിൽ നിന്നും 108978രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മുൻവർഷങ്ങളിൽ ഉൾപ്പെടെ ഇത്തരത്തിൽ വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പരും | വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ | എണ്ണം | സ്റ്റോക്കിൽ ചേർത്ത തീയതി | വിതരണം ചെയ്തത് | വിതരണം ചെയ്യാൻ അവശേഷിക്കുന്നവയുടെ എണ്ണം | സ്റ്റോക്കിൽ നിന്നും അവസാനം വിതരണം നടത്തിയ തീയതി |
|---|---|---|---|---|---|---|---|
| 1. | Procurement Of PPE & Sanitation Equipment, 522/2023-24 | ഫസ്റ്റ് എയ്ഡ് ടവൽ കിറ്റ് | 9 | 25.10.2023 | 3 | 6 | 16.04.2024 |
| 2 | KSWMP Extra | ഡിജിറ്റൽ വെയിംഗ് ബാലൻസ് | 2 | 25.10.2023 | 1 | 1 | 27.01.2024 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Projects, 521/2023-24 | | | | | | |
| 3 | Procurement Of PPE & Sanitation Equipment, 522/2023-24 | ഡിസ്ഇൻഫെക്ഷൻ സ്പ്രേ പമ്പ് | 3 | 25.10.2023 | 1 | 2 | 15.10.2024 |
| 4 | " | വാട്ടർ ഹൈ പ്രഷർവാഷർ | 2 | 19.01.2024 | 1 | 1 | 19.01.2024 |
| 5 | " | ലിക്വിഡ് ഹാൻഡ് വാഷ് 5ലി. | 50 | 19.01.2024 | 8 | 42 | 16.04.2024 |

നഗരസഭയിലെ ക്ലീൻസിറ്റി മാനേജരോടൊപ്പം ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത ഉപകരണങ്ങൾ എം.സി.എഫ്. ലേക്കും മറ്റും വിതരണം നടത്താതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 46/29.01.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങി സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ള ഉപകരണങ്ങൾ എം.സി.എഫിലേക്കും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്കായും ഉപയോഗപ്പെടുത്തുന്നതിനും സുരക്ഷാ ഉപാധികൾ തൊഴിലാളികൾക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റോക്കിൽ അവശേഷിക്കുന്ന സാധനങ്ങൾ വിതരണം ചെയ്ത് ഓഡിറ്റിന് മറുപടി ലഭ്യമാക്കിയില്ലായെങ്കിൽ ചെലവ് തുക തടസ്സപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-40 ടെണ്ടർ നടപടി കൂടാതെ ലാബ് സാമഗ്രികൾ വാങ്ങി

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നടപ്പിലാക്കിയ പ്രോജക്ടിൽ, വാങ്ങലുകൾ ക്രമപ്രകാരമല്ല നടത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0731/25, |
| ഫണ്ടിനം | ഹെൽത്ത് ഗ്രാന്റ് |
| അടങ്കൽ | 2258181 |
| ചെലവ് | 2222155 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

1) പ്രോജക്ട് പ്രകാരം കെം ബയോ സിസ്റ്റംസ്, ബയോ ലാബ് എന്നീ സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷത്തിൽ വിവിധ തീയതികളിലായി ലാബ് റീ ഏജന്റ്സ്, ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. കെം ബയോസിസ്റ്റംസിൽ നിന്നും ആകെ 358410 രൂപയുടെയും, ബയോ ലാബിൽ നിന്നും 143219 രൂപയുടെയും വാങ്ങൽ നടത്തിയിട്ടുള്ളത് ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ്. ബില്ലുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെം ബയോസിസ്റ്റംസ് | | | |
|---|---|---|---|
| ക്രമ നം | ഇൻവോയിസ് നം | തീയതി | തുക |
| 1 | CBS/24-25/466 | 11.06.2024 | 13594 |
| 2 | CBS/24-25/149 | 24.04.2024 | 14010 |
| 3 | CBS/24-25/486 | 14.06.2024 | 13272 |
| 4 | CBS/24-25/282 | 16.05.2024 | 13603 |
| 5 | CBS/24-25/369 | 30.05.2024 | 14621 |
| 6 | CBS/24-25/512 | 18.06.2024 | 7666 |
| 7 | CBS/24-25/949 | 08.08.2024 | 14610 |

| | | | |
|---|---|---|---|
| 8 | CBS/24-25/985 | 13.08.2024 | 12611 |
| 9 | CBS/24-25/878 | 01.08.2024 | 14739 |
| 10 | CBS/24-25/1117 | 03.09.2024 | 14507 |
| 11 | CBS/24-25/1045 | 23.08.2024 | 14823 |
| 12 | CBS/24-25/1180 | 10.09.2024 | 14295 |
| 13 | CBS/24-25/1260 | 25.09.2024 | 14464 |
| 14 | CBS/24-25/1411 | 16.10.2024 | 13144 |
| 15 | CBS/24-25/1317 | 05.10.2024 | 14895 |
| 16 | CBS/24-25/1487 | 28.10.2024 | 13148 |
| 17 | CBS/24-25/1801 | 11.12.2024 | 14116 |
| 18 | CBS/24-25/1773 | 06.12.2024 | 14376 |
| 19 | CBS/24-25/1649 | 20.11.2024 | 14032 |
| 20 | CBS/24-25/1563 | 06.11.2024 | 14508 |
| 21 | CBS/24-25/2046 | 17.01.2025 | 14954 |
| 22 | CBS/24-25/1927 | 03.01.2025 | 14488 |
| 23 | CBS/24-25/2089 | 24.01.2025 | 11950 |
| 24 | CBS/24-25/2084 | 23.01.2025 | 8758 |
| 25 | CBS/24-25/2259 | 13.02.2025 | 8659 |
| 26 | CBS/24-25/2484 | 21.03.2025 | 14778 |
| 27 | CBS/24-25/2363 | 06.03.2025 | 9789 |
| | | ആകെ | 358410 |

ബയോ ലാബ്

| ക്രമ നം | ഇൻവോയിസ് നം | തീയതി | തുക |
|---|---|---|---|
| 1 | Bio/24-25/1846 | 13.02.2025 | 57415 |
| 2 | Bio/24-25/2020 | 07.03.2025 | 41904 |
| 3 | Bio/24-25/2041 | 10.03.2025 | 43900 |
| | | ആകെ | 143219 |

2) കെം ബയോസിസ്റ്റംസിൽ നിന്നും 2024-25 സാമ്പത്തിക വർഷം ആകെ 358410 രൂപയുടെ (ജി.എസ്.റ്റി. കൂടാതെ 322437 രൂപ) ലാബ് ഐറ്റംസ് വാങ്ങിയിട്ടുണ്ടെങ്കിലും ബാധകമായ GST റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6, 19.01.2026) മറുപടി ലഭിച്ചില്ല. ടെണ്ടർ നടപടി സ്വീകരിക്കാത്തതിനും, GST റ്റി.ഡി.എസ്. ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-41 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്- ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് പ്രതി വർഷം അധികം നൽകുന്നത് 8.06 ലക്ഷം രൂപ

നഗരസഭയിലെ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 344933 രൂപയാണ്(കൺസ്യൂമർ നം.1146147000362). കെ.എസ്.ഇ.ബി പന്തളം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ഓഡിറ്റിന് ലഭ്യമാക്കിയ വൈദ്യുത ചാർജ് സ്റ്റേറ്റ്മെന്റ് പ്രകാരം ടി നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (പ്രതിദിനം 12 മണിക്കൂർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ നിരക്ക്) | ആകെ എനർജി ചാർജ് |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 2154 | 86 | 185244 |
| ഓർഡിനറി ബൾബ് | 60 | 158 | 131 | 20698 |
| മെർക്കുറിക് വേപ്പർ ലാംപ് | 250 | 11 | 573 | 6303 |
| മെർക്കുറിക് വേപ്പർ ലാംപ് | 125 | 4 | 286 | 1144 |
| ഫ്ലൂറസെന്റ് ട്യൂബ് | 80 | 545 | 171 | 93195 |
| സി.എഫ്.എൽ | 22 | 763 | 42 | 32046 |
| സോഡിയം വേപ്പർ ലാംപ് | 250 | 11 | 573 | 6303 |
| Total | | 3690 | | 344933 |

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു,

1) തെരുവ് വിളക്ക് മെയിന്റനൻസിനായി 2024-25 വർഷവും മുൻ വർഷങ്ങളിലും എൽ.ഇ.ഡി. ബൾബുകൾ മാത്രമാണ് നഗരസഭ വാങ്ങിയിരിക്കുന്നത്. ഓർഡിനറി ബൾബുകൾ, സി.എഫ്,എൽ, ഫ്ലൂറസെന്റ് ട്യൂബ്, മെർക്കുറിക് വേപ്പർ ലാമ്പ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ വർഷങ്ങളായി വാങ്ങുന്നില്ല.

2) 12W, 18W എൽ.ഇ.ഡി. ബൾബ് പ്രതിദിനം 12 മണിക്കൂർ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ പ്രതിമാസ നിരക്ക് യഥാക്രമം 17 രൂപയും 26 രൂപയും മാത്രമാണ്. ആ സാഹചര്യത്തിലാണ് ഉയർന്ന ഊർജ്ജ ഉപഭോഗമുള്ളതും നഗരസഭ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബിന് പ്രതിദിനം 131 രൂപ നിരക്കിലും ഫ്ലൂറസെന്റ് ട്യൂബിന് 171 രൂപ നിരക്കിലും കണക്കാക്കി പ്രതിമാസം 3.44 ലക്ഷം രൂപ നഗരസഭ കെ.എസ്.ഇ.ബി-യ്ക്ക് നൽകേണ്ടി വരുന്നത്.

3) ഓർഡിനറി ബൾബുകൾ, സി.എഫ്,എൽ, ഫ്ലൂറസെന്റ് ട്യൂബ്, മെർക്കുറിക് വേപ്പർ ലാംപ്, സോഡിയം വേപ്പർ ലാംപ് എന്നിങ്ങനെ ആകെ 3690 വിളക്കുകളുടെ വൈദ്യുത ചാർജായി 344933 രൂപയാണ് കെ.എസ്. ഇ.ബി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത്. എന്നാൽ 18 W എൽ.ഇ.ഡി.യുടെ നിരക്കിൽ വൈദ്യുത ചാർജ് കണക്കാക്കിയാൽ പോലും 3690 വിളക്കുകളുടെ പ്രതിമാസ ചാർജ് ഇനത്തിൽ നഗരസഭയ്ക്ക് ചെലവാകുന്നത് 95940 രൂപ മാത്രമാണ്. അതായത് പ്രതിമാസം 248993 രൂപയും പ്രതിവർഷം 806347 രൂപയും നഗരസഭയ്ക്ക് നഷ്ടമുണ്ടാകുന്നു.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതിനാൽ ഈ നഷ്ടം അധികൃതരുടെ ശ്രദ്ധയിൽപ്പെടാതെ പോയി. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/29.01.26)മറുപടിയായി ഇത് സംബന്ധിച്ച് സംയുക്ത പരിശോധനയ്ക്ക് കെ.എസ്.ഇ.ബി-യ്ക്ക് കത്ത് നൽകിയതായും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുന്നതാണെന്നും മറുപടി നൽകി. അപാകത പരിഹരിച്ച് വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-42 നൽകിയത് 3.4 കോടി രൂപ - വെള്ളക്കരം കുറവ് ചെയ്തത് 11.37 ലക്ഷം രൂപ മാത്രം

ധനകാര്യ വകുപ്പിന്റെ 27.03.25-ലെ ജി.ഒ(ആർ.ടി)3217/2025/ഫിൻ തീ. 27.03.25-ലെ ഉത്തരവ് പ്രകാരം 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ബേസിക്)നിന്നും ചെലവഴിക്കാതെ ശേഷിച്ച തുക തദ്ദേശ സ്ഥാപനങ്ങളുടെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ഉത്തരവായിരുന്നു. പന്തളം നഗരസഭയുടെ 30.09.24-വരെയുള്ള വാട്ടർചാർജ് കുടിശ്ശിക ഒടുക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ബേസിക്)നിന്നും ചെലവഴിക്കാതെ ശേഷിച്ച 34172758 രൂപ ടി ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ രേഖകൾ പ്രകാരം നഗരസഭയ്ക്ക് 30.09.24 വരെ കുടിശ്ശിക ഉണ്ടായിരുന്ന 1137448 രൂപ

മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ജനുവരി 2026-ലെ ബിൽ പ്രകാരം 98,05,228 രൂപ കുടിശ്ശികയുണ്ട്. എന്നാൽ 33035310 രൂപ നഗരസഭാ വിഹിതം ഇനത്തിൽ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അധികമായി ക്രഡിറ്റ് ചെയ്തിട്ടും ഇപ്പോഴും കുടിശ്ശിക ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. ഈ വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും വിശദാംശം അറിയിക്കേണ്ടതുമാണ്.

## 1-43 ഡിസ്കണക്ഷൻ ഫീസ് ഒടുക്കിയിട്ടും പൊതുടാപ്പുകളുടെ എണ്ണം യഥാസമയം കുറവ് ചെയ്യുന്നില്ല

പ്രവർത്തനരഹിതമായ സ്ട്രീറ്റ് ടാപ്പുകൾ ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് പ്രകാരം ആവശ്യപ്പെട്ട ഡിസ്കണക്ഷൻ ഫീസ് ഒടുക്കിയിട്ടും ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് നഗരസഭയ്ക്ക് വലിയ സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു

നഗരസഭയിലെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് കുടിശിക 2026 ജനുവരി മാസത്തെ കണക്ക് അനുസരിച്ച് ₹98,05,228 രൂപയാണ്. ഫൈൻ ഇനത്തിൽ മാത്രം ഡിമാന്റ് ചെയ്തിരിക്കുന്നത് ₹146299 ആണ്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭയിലെ സ്ട്രീറ്റ് ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം 7/2024 മുതൽ ₹1000954 യാണ്. പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം 550 എന്നു കണക്കാക്കിയാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ഡിമാന്റ് ചെയ്തുവരുന്നത്. 6/2024 വരെ 625 പൊതുടാപ്പുകൾക്ക് പ്രതിമാസം ₹1137448 എന്ന നിരക്കിലാണ് വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നത്. 2023 മെയ്മാസത്തിൽ വാട്ടർ അതോറിറ്റി അധികൃതരും നഗരസഭാ അധികൃതരും സംയുക്തമായി നടത്തിയ പരിശോധനയിൽ ആകെ പൊതുടാപ്പുകൾ 625 ആയി നിജപ്പെടുത്തുകയും അവയിൽ 550 എണ്ണം പ്രവർത്തനക്ഷമമാണെന്നും 75 എണ്ണം പ്രവർത്തന രഹിതമാണെന്നും കണ്ടെത്തിയിരുന്നു. വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 104400രൂപ ഡിസ്കണക്ഷൻ ഫീസ് ആയി ഒടുക്കിയിരുന്നുവെങ്കിലും (ചെക്ക് നം. 747910/17.10.2023) വെള്ളക്കരം കുറവ് ചെയ്തത് 7/24 മുതലാണ്.

2025 മെയ് മാസം 21, 22, 23, 24 തീയതികളിലായി വാട്ടർ അതോറിറ്റിയും നഗരസഭയും സംയുക്ത പരിശോധന നടത്തിയത് പ്രകാരം 550 ടാപ്പുകളിൽ പ്രവർത്തനക്ഷമമല്ലാത്ത 210 ടാപ്പുകളുണ്ടെന്ന് 31/05/2025-ലെ KWA/WSSC/Adoor/HC/Revenue/General കത്ത് മുഖേന അറിയിച്ചിരുന്നു. 468000 രൂപ ഡിസ്കണക്ഷൻ ഫീസ് ഒടുക്കുന്നതിനായി 19.08.25-ൽ ഡിസ്കണക്ഷൻ ഫീസ് ഒടുക്കുന്നതിന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് നൽകിയതിനെ തുടർന്ന് 12/25-ൽ തുക ഒടുക്കിയെങ്കിലും സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണത്തിൽ ഓഡിറ്റ് കാലയളവിലും കുറവ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ ഭരണതല നടപടികൾ സ്വീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

## 1-44 കൗൺസിൽ യോഗങ്ങളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം

1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം യോഗം കഴിഞ്ഞ് 24 മണിക്കൂറിനകം സെക്രട്ടറി മിനിട്ട്സിന്റെ നക്കൽ തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും മിനിട്ട്സ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനകം കമ്മിറ്റി തീരുമാനങ്ങൾക്കനുസൃതമായ തിരുത്തലുകളോടെയോ അല്ലാതെയോ അംഗീകരിച്ച് സെക്രട്ടറിയ്ക്ക് തിരിച്ചയയ്ക്കേണ്ടതുമാണ്. അദ്ധ്യക്ഷൻ അംഗീകരിച്ച മിനിട്ട്സ് സെക്രട്ടറിയ്ക്ക് ലഭിച്ച് 48 മണിക്കൂറിനുള്ളിൽ കൗൺസിലിന്റെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷൻ ഒപ്പുവയ്ക്കേണ്ടതാണ്. കമ്മിറ്റി മിനിട്ട്സ് അംഗീകരിക്കുന്നതിന് ഇപ്രകാരം സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ, മിനിട്ട്സ് തയ്യാറാക്കി അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. 13/11/2024, 15/11/2024, 23/11/2024 തീയതികളിലെ കൗൺസിൽ യോഗങ്ങളുടെ മിനിട്ട്സ് എൻട്രി ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല.

മിനിട്ട്സ് തയ്യാറാക്കി സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 1 | 05/04/2024 | 21/06/2024 | 26/06/2024 |
| 2 | 22/04/2024 | 07/07/2024 | 15/07/2024 |

| | | | |
|---|---|---|---|
| 3 | 01/01/2025 | 16/04/2025 | 17/04/2025 |
| 4 | 16/01/2025 | 16/04/2025 | 17/04/2025 |
| 5 | 22/01/2025 | 16/04/2025 | 17/04/2025 |
| 6 | 27/01/2025 | 15/09/2025 | 15/09/2025 |
| 7 | 10/02/2025 | 16/04/2025 | 16/04/2025 |

1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മിനിട്ട്സ് ക്ലോസ് ചെയ്യാതിരിക്കുന്നതിന് കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (08/20.01.2026) നഗരസഭയിലെ ഉദ്യോഗസ്ഥരുടെ കുറവ് മൂലം ടൗൺ പ്ലാനിംഗ് ഉൾപ്പടെ നിരവധി ചുമതലകൾ നിർവ്വഹിക്കുന്ന ക്ലാർക്കിനാണ് കൗൺസിലിന്റെ ചുമതലയും നൽകിയിരിക്കുന്നതെന്നും ആയതാണ് കാലതാമസത്തിന് കാരണമെന്നും മറുപടി നൽകി. 13/11/2024, 15/11/2024, 23/11/2024 തീയതികളിലെ കൗൺസിൽ യോഗങ്ങളുടെ മിനിട്ട്സ് അംഗീകരിക്കുന്നതിന് മുൻപേ 03/12/24-ൽ നഗരസഭാ ചെയർമാൻ രാജിവെച്ചതിനാൽ ടി മിനിട്ട്സുകൾ അംഗീകരിക്കുവാൻ സാധിച്ചില്ലെന്നും 04/11/25-ലെ കൗൺസിൽ യോഗത്തിൽ ടി മിനിട്ട്സുകൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകി. മിനിട്ട്സിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഓഡിറ്റിന് ലഭ്യമാക്കി. കാലതാമസം ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാൻ സാധിക്കാതിരിക്കുന്നത് നിയമ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 പെൻഷൻ ഫണ്ട്- അവലോകനം

പന്തളം നഗരസഭയായി മാറിയത് 2015 നവംബർ മാസമാണ്. നഗരസഭയിൽ നിന്നും റിട്ടയർ ചെയ്ത 3 റഗുലർ ജീവനക്കാർക്ക് മാത്രമാണ് പെൻഷൻ നൽകുന്നത്. 7 കണ്ടിജന്റ് ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയത് 2025-26 വർഷമാണ്. പെൻഷൻ വിതരണത്തിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് (മുനിസിപ്പൽ പെൻഷൻ ഫണ്ട്) സൂക്ഷിക്കുന്നില്ല. തനത് ഫണ്ടിൽ നിന്നും നേരിട്ട് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്.

പെൻഷനുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പെൻഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

റിട്ടയർ ചെയ്ത ജീവനക്കാരുടെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം അർഹമായതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ റീസ്റ്റോറേഷൻ വിവരം, ഫാമിലി പെൻഷണർക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്ന കാലയളവ്, പെൻഷൻ റിവിഷൻ എന്നിവ രേഖപ്പെടുത്തി പെൻഷൻ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഓരോ ജീവനക്കാരനും അനുവദിക്കേണ്ടതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ഇരട്ടിപ്പ്, കുറവ് എന്നിവയുണ്ടായാൽ കണ്ടുപിടിക്കുന്നതിന് കഴിയാതെ വരുന്നു. മാത്രമല്ല കമ്മ്യൂട്ടേഷൻ കാലയളവിന് ശേഷമുള്ള പെൻഷൻ റീസ്റ്റോറേഷൻ, ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേയ്ക്ക് മാറ്റുന്നുണ്ടോ തുടങ്ങിയവ യഥാസമയം പരിശോധിക്കുന്നതിന് സാധിക്കാതെ വരും. സോഫ്റ്റ്‌വെയർ സഹായത്തോടെയല്ല നഗരസഭകളിലെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം നടത്തുന്നത്. നഗരസഭകളിൽ നിലവിൽ വിന്യസിച്ചിട്ടുള്ള K-SMART സോഫ്റ്റ്‌വെയറിൽ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിന് മൊഡ്യൂൾ സജ്ജമാക്കിയിട്ടില്ല.

2) പെൻഷൻ വിതരണം- സാക്ഷ്യപ്പെടുത്തിയ രേഖകളില്ല

പെൻഷൻ കൈപ്പറ്റുന്നവരുടെ ബാങ്ക് അക്കൗണ്ട് നം, IFSC കോഡ്, പെൻഷൻ തുക തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പത്രിക ഫയലിൽ ചേർത്തിട്ടുണ്ട്. ബാങ്കിന് കൈമാറുന്ന പത്രിക സാക്ഷ്യപ്പെടുത്തി വാങ്ങാത്തതിനാൽ ടി ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തന്നെയാണോ പെൻഷൻ തുക അനുവദിക്കുന്നത് എന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3)സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നില്ല; പെൻഷൻ ആനുകൂല്യങ്ങൾ തനത് ഫണ്ടിൽ നിന്നും നൽകുന്നു

പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നുണ്ടെങ്കിലും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. പെൻഷൻ ആനുകൂല്യങ്ങൾ

അനുവദിച്ചയിനത്തിൽ നാളിതുവരെ 3246716 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ.റജി ജോർജിന് പ്രൊവിഷണൽ പെൻഷനായി മിനിമം പെൻഷൻ(₹11500) രൂപ മാത്രമാണ് നൽകുന്നത്. വിജിലൻസ് കേസിലുൾപ്പെട്ടതിനാൽ മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

നഗരസഭയിലെ പെൻഷൻ ഫണ്ട് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( 15/21.01.26) അപാകതകൾ പരിഹരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. റിട്ടയർ ചെയ്ത ജീവനക്കാരുടെ ഡേറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും പെൻഷൻ വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-46 ചെലവഴിക്കാത്ത മുൻകൂർ തുക യഥാസമയം തിരിച്ചടച്ചില്ല-പലിശ ഈടാക്കാനുള്ളത് 40500രൂപ

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയിലെ സൂപ്രണ്ടും പദ്ധതിയുടെ നോഡൽ ഓഫീസറുമായിരുന്ന ശ്രീ. രാജഗോപാൽ പി-യ്ക്ക് 300000 രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയിരുന്നു(674939 തീ.01.10.24). 31.03.25-ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ഒന്നും നടത്താതിരുന്നതിനാൽ പലിശ സഹിതം തുക തിരികെ ഒടുക്കേണ്ടതായിരുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99, 04/10/2011-ലെ ജി.ഒ.(പി)നം.419/2011/ധന, 09/01/2020-ലെ ജി.ഒ(പി)5/2020/ധന പ്രകാരം തുക അനുവദിച്ച് മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പിഴപ്പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതാണ്.

അഡ്വാൻസ് നൽകിയ 3 ലക്ഷം രൂപ 26/06/25-ൽ നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപിക്കുന്ന കാനറാബാങ്ക് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ പലിശ ഇനത്തിൽ ഒടുക്കേണ്ടിയിരുന്ന 40500 രൂപ ടിയാനിൽ നിന്നും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(33/27.01.26) തുക തിരികെ ഒടുക്കുന്നതിന് കത്ത് നൽകിയെന്ന് മറുപടി നൽകി. ജീവനക്കാരൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാന്റെ ഡി.സി.ആർ.ജി-യിൽ നിന്നും ബാധ്യത തുക ഈടാക്കുന്നതിന് ബാധ്യതാ സംബന്ധിച്ച വിവരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത നഗരസഭയെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് തുക തിരികെ ഈടാക്കേണ്ടതും വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-47 ഓരോ ഇടപാടിനും ബാങ്ക് അധിക ചാർജ് ഈടാക്കുന്നു

ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ നിക്ഷേപിക്കുന്നതിനായി ഫെഡറൽ ബാങ്കിൽ 10/12/24-ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്(അക്കൗണ്ട് നം-14170200005465). പലിശ രഹിത കറന്റ് അക്കൗണ്ട് ആണ് ആരംഭിച്ചിരിക്കുന്നത്. ഈ ബാങ്ക് അക്കൗണ്ടിൽ കൂടിയുള്ള ഓരോ NEFT ഇടപാടുകൾക്കും 2 രൂപ വീതം അധിക ചാർജ് ഈടാക്കുന്നുണ്ട്. സർക്കാർ/തദ്ദേശ സ്ഥാപനങ്ങളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലെ ഇടപാടുകളെ ബാങ്ക് ചാർജ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കറന്റ് അക്കൗണ്ടിൽ തുക നിക്ഷേപിച്ചതു മൂലവും ബാങ്ക് ചാർജ് ഈടാക്കുന്നതു മൂലവും നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടാകുന്നുണ്ട്. അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(37/28.02.26) നൽകിയ മറുപടിയിൽ ഇത് സംബന്ധിച്ച് അടിയന്തിര തുടർനടപടികൾ ഫെഡറൽ ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

## 1-48 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഒടുക്കുന്നതിൽ കാലതാമസം-ഡാമേജ് ഒടുക്കിയത് 90292 രൂപ

952-ലെ എംപ്ലോയ്മെന്റ് പ്രൊവിഡന്റ് ഫണ്ട് സ്കീമിന് 2024 ജൂൺ14 പ്രാബല്യത്തിൽ വന്ന ഭേദഗതി പ്രകാരം വിഹിതം ഒടുക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് പ്രതിമാസം 1% നിരക്കിൽ ഇ.പി.എഫ് ഡാമേജ് ആയി ഈടാക്കും. ഓരോ മാസവും 15ാം തീയതിക്കകം പ്രൊവിഡന്റ് ഫണ്ട് വിഹിതം ഒടുക്കേണ്ടതുണ്ട്. എന്നാൽ നഗരസഭയിൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഒടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് കാരണം 2024-25 വർഷം ഡാമേജ് ഇനത്തിൽ 90292 രൂപ ഒടുക്കിയിട്ടുണ്ട്.(1365621/02.09.24).മുൻ വർഷങ്ങളിലും ഇ.പി.എഫ് ഡാമേജ് ഇനത്തിൽ തുക ഒടുക്കേണ്ടി വന്നിട്ടുണ്ട്. 2024 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ഇ.പി.എഫ് വിഹിതം ഒടുക്കിയത് 07.11.24-ൽ മാത്രമാണ്. ഡാമേജ് ഇനത്തിൽ തുക ഒടുക്കി നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായതിന് ശേഷവും ശേഷവും ഇ.പി.എഫ് വിഹിതം ഒടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കാലതാമസം ഒഴിവാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇങ്ങനെ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടാകുന്നത് ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ

ബാധ്യതയാകുമെന്നതിനാൽ ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 തനത് ഫണ്ടിലേയ്ക്ക് തുക റീക്കുപ്പ് ചെയ്യാൻ അവശേഷിക്കുന്നു

2024-25 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ശുചീകരണ സാമഗ്രികൾ വാങ്ങുന്നതിന് 182877 രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ശബരിമല ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റീക്കുപ്പ് ചെയ്യുന്നതിനും കൗൺസിലിന്റെ 11/03/25-ലെ 14(8) നമ്പർ തീരുമാന പ്രകാരം അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 700457/28.03.25 നമ്പർ ചെക്ക് പ്രകാരം തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. ഈ തുക തിരിച്ച് തനത് ഫണ്ടിലേയ്ക്ക് റീക്കുപ്പ് ചെയ്തിട്ടില്ല. ശബരിമല ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക റീക്കുപ്പ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി-41/28.01.26

## 1-50 തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) നഗരസഭയിലെ മുനിസിപ്പൽ ജീവനക്കാരുടെ 2024 സെപ്റ്റംബർ മാസത്തെ പെൻഷൻ കോൺട്രിബ്യൂഷൻ തുക 60384 രൂപ ചെക്ക് നമ്പർ 540571; 24-10-2024 പ്രകാരം നൽകിയതായാണ് ബന്ധപ്പെട്ട ഫയൽ 1258869-2024 ലും ബാങ്ക് ബുക്കിലും രേഖപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെ ഒരു തുക ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ഈ വൗച്ചർ ക്യാൻസൽ ചെയ്തതായി മറുപടി നൽകി. 9/24-ലെ പെൻഷൻ കോൺട്രിബ്യൂഷൻ പിന്നീട് ഒടുക്കിയിട്ടില്ല.

2) നഗരസഭയിലെ വാഹനങ്ങളുടെ ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. താത്കാലിക ഡ്രൈവർമാർ ഓടിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. 2024-ലെ ഫ്യുവൽ എഫിഷ്യൻസി സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തന്നെ ഇന്ധന ഉപഭോഗം സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ സുതാര്യതയില്ല. ഹെൽത്ത് വിഭാഗത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥൻ അക്കാര്യം സാക്ഷ്യപ്പെടുത്തുന്നില്ല. മാസാന്ത്യ പരിശോധന പോലും നടക്കുന്നില്ല.

3) ഓഫീസ് ആവശ്യത്തിന് മേശ ,കസേര ,ഗ്ലാസ് ടോപ്പ് എന്നിവ ക്വട്ടേഷൻ മുഖേന വാങ്ങിയ ഇനത്തിൽ ചെലവായ 48750/ രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ ക്യാഷ് ബിൽ കെ-സ്മാർട്ട് ഫയലിൽ ചേർത്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല(ഫയൽ നം.-2700943-2024, ചെക്ക് നം.MB540594/04,12.24)

4) ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 45200 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. ഈ തുക തിരികെ ഈടാക്കി ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.
5) ശുചിത്വമിഷൻ ഫണ്ട് 11 ലക്ഷം രൂപ PFMS അക്കൗണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. പി.എഫ്.എം.എസ് അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ട തുക നഗരസഭയുടെ തനത് ഫണ്ടിൽ നിക്ഷേപിച്ച സാഹചര്യം ഓഡിറ്റ് എൻക്വയറി നൽകിയിട്ടും വിശദീകരിച്ചിട്ടില്ല. ഈ ഇനത്തിൽ തനത് ഫണ്ടിൽ ശേഷിക്കുന്ന തുക സംബന്ധിച്ചും വ്യക്തതയില്ല.
6)തനത് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ശബരിമല ഫണ്ട് എന്നിവ ഉപയോഗിച്ച് ചെയ്ത മരാമത്ത് പ്രവൃത്തികളിൽ നിന്നും റിക്കവറി ഇനത്തിൽ(CGST, SGST, IT, KCWWF ), കുറവ് ചെയ്ത തുകകൾ യഥാസമയം ബന്ധപ്പെട്ട ഹെഡുകളിൽ അടച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും മറുപടി ലഭ്യമായില്ല.

അപാകതകൾ പരിഹരിച്ച് വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി- 44/29.01.26, 48/29.01.26

## 1-51 തനത് നികുതി സമാഹരണത്തിൽ കുറവ്- വികസന ഫണ്ടിൽ നിന്നും നഷ്ടമായത് 3.27 ലക്ഷം രൂപ

2023-24 വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90 ശതമാനമെങ്കിലും ശേഖരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റിൽ നിന്നും ഒരു ശതമാനം കുറവ് വരുത്തുന്നതിന് ആറാം ധനകാര്യക്കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ നടപ്പാക്കുന്നതിന് സ.ഉ.(കൈ) 179/2022/ധന/ 18.10.2022 പ്രകാരം ഉത്തരവായിട്ടുണ്ട്. പന്തളം നഗരസഭയ്ക്ക് സ.ഉ.(സാധാ) 1625/2025/ധന/ 20.2.2025 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ച പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ₹327220 കുറവ് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് ഡിമാന്റ് തുകയുടെ 90% പിരിവ് നടത്താതിരുന്നതിനാൽ ആണ് ഇപ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന

തുക നഷ്ടമായിട്ടുള്ളത്.

ഡിമാന്റ് ചെയ്യുന്ന തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-52 നഗരസഭയുടെ വികസനത്തിന് ലഭ്യമായ 5.15 കോടി രൂപ നഷ്ടപ്പെട്ടു

മുനിസിപ്പൽ എൻജിനീയർ ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് തുകകളിൽ വർഷാവസാനം ചെലവഴിക്കാതെ ശേഷിച്ച 5.15 കോടി രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിലാണ് വലിയ നഷ്ടം ഉണ്ടായത്. നഗരസഭയ്ക്ക് ഫണ്ട് നഷ്ടപ്പെട്ടു എന്ന് മാത്രമല്ല ഈ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് 2025-26 വർഷം ലഭ്യമായ പദ്ധതി വിഹിതം വിനിയോഗിക്കേണ്ടി വരികയും ചെയ്യും. ചെലവഴിക്കാതെ ലാപ്സായ ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 4417881 |
| വികസന ഫണ്ട്( എസ് സിപി) | 4325181 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 33317711 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 9457153 |
| ആകെ | 51517926 |

നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്ക് സർക്കാർ ലഭ്യമാക്കുന്ന കോടിക്കണക്കിന് രൂപയുടെ ധനസഹായം ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്ന നടപടി ശരിയല്ല. സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള സമയബന്ധിത പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൗൺസിലും ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-53 കരാറിലേർപ്പെടുന്നതിൽ ഉണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ടെണ്ടർ ക്ഷണിച്ച് കരാറിലേർപ്പെട്ട് നടപ്പാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ, കരാറിലേർപ്പെടുന്നതിനായി അനുവദിച്ച കാലാവധി ലംഘിച്ചിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട കരാറുകാരിൽ നിന്നും കരാർ വ്യവസ്ഥകൾ പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

വ്യവസ്ഥകൾ പ്രകാരം, അക്സപ്റ്റൻസ് ലെറ്റർ ലഭിച്ച തീയതി മുതൽ 14 പ്രവൃത്തി ദിവസങ്ങൾക്കകം കരാർ ഒപ്പിടാതിരുന്നാൽ, തുടർന്നുള്ള 10 ദിവസത്തേക്ക് കരാർ തുകയുടെ 1% വരെ പിഴ ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കാലതാമസം ഉണ്ടായിട്ടും പിഴ ഈടാക്കാതിരുന്നതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | കരാറുകാരൻ | അടങ്കൽ | പി.എ.സി. | അക്സപ്റ്റൻസ് ലെറ്റർ തീയതി | കരാർ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|
| 1 | 524/25 | നന്ദനാർ ക്ഷേത്രം റോഡ് റീ കോൺക്രീറ്റിംഗ് | പന്തളം ലേബർ കോൺട്രാക്ട് സൊസൈറ്റി | 258000 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 178634 | 11.10.2023 | 03.11.2023 | 1786 |
| 2 | 355/25 | ചാഗത്ത് തവളംകുളം വഞ്ചിമുക്ക് മൂലം തിട്ട ഐറിഷ് | സുരേഷ്കുമാർ കെ | 350000 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 239387 | 19.01.2024 | 78/AE/ LSGD/ PDM/23-24 Dt 09.02.2024 | 2394 |
| 3 | 573/25 | കടയ്ക്കാട് ടെമ്പിൾ നോർത്ത് സൈഡ് ഐറിഷ് | രതീഷ് കുമാർ എൻ | 137488 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 116160 | 31.01.2024 | 16.03.2024 | 1162 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 433/2025 | തൊണ്ടത്രപ്പടി റോഡ് കോൺക്രീറ്റിംഗ്- ഡിവിഷൻ 4 | ബിനുകുമാർ എം.ബി | 200000 (സി.എഫ്.സി ഗ്രാന്റ്) | 162460 | 16.06.2024 | 18/AE/ LSGD/ PDM/24-25dt 23.07.2024 | 1625 |
| 5 | 380/25 | തടത്തിൽപ്പടി മണ്ണിപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് ഡിവിഷൻ 30 | ശരവൺ ആർ നാഥ് | 1250000 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 931400 | 16.03.2024 | 26/AE/ LSGD/ PDM/24-25dt 01.08.2024 | 9314 |
| 6 | 494/25 | മവന്നൂർപടി മേലേത്ത് പടി റോഡ് ഇന്റർലോക്കിംഗ് ഡിവിഷൻ 18 | ബിനോയി വർഗ്ഗീസ് സ്നേഹഭവൻ ഉള്ളന്നൂർ | 300000(തനത് ഫണ്ട്) | 245477 | 12.06.2024 | 12/AE/ LSGD/ PDM/24-25dt 06.07.2024 | 2455 |
| 7 | 339/25 | മലമുകളിൽ - മെഡിക്കൽ മിഷൻ റോഡ് ഐറിഷ് ഡിവിഷൻ 25 | സുരേഷ് കുമാർ കെ | 146000 (വികസനഫണ്ട്- എസ്.സി,പി | 103194 | 13.01.2024 | 87/AE/ LSGD/ PDM/24-25dt 09.02.2024 | 1032 |
| 8 | 571/25 | ഇടകണ്ടത്തിൽ ഭാഗം റോഡ് പാർശ്വഭിത്തി നിർമ്മാണം ഡിവിഷൻ 7 | സുമ സജി | 300000 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 202531 | 11.10.2023 | 46/AE/ LSGD/ PDM/23-24dt 10.11.2023 | 2025 |
| 9 | 632/25 | വേലന്റെ തെക്കേതിൽ റോഡ് കോൺക്രീറ്റ് ഡിവിഷൻ 33 | സുരേഷ്കുമാർ | 300000 (മെയിന്റനൻസ് ഫണ്ട്-റോഡ്) | 202531 | 11.10.2023 | 46/AE/ LSGD/ PDM/23-24dt 10.11.2023 | 2025 |
| 10 | 425/25 | മുളയ്ക്കൽ പടി-തയ്യിൽ പടി- പഴങ്ങോലക്കുന്ന് പടി റോഡ് കോൺക്രീറ്റിംഗ് | ശരവൺ ആർ നാഥ് | 100000 (വികസന ഫണ്ട്) 300000 (തനത് ഫണ്ട്) | 253851 | 12.10.2023 | 89/AE/ LSGD/ PDM/23-24dt 12. 02.2024 | 2539 |
| 11 | 694/25 | ആനക്കുഴി റോഡ് കോടാലിപ്പറമ്പ് ഭാഗം റോഡ് റീ കോൺക്രീറ്റിംഗ് ചാമപണിക്കന്റെയ്യത്ത് മുട്ടാർ റോഡ് റീ കോൺക്രീറ്റ് കഴുത്തുംമൂട്ടിൽ റോഡ് സൈഡ് കെട്ട് ഡിവിഷൻ 30 | കെ.എൻ പ്രസന്നകുമാർ | 770000 (റോഡ് മെയിന്റനൻസ് ഫണ്ട്) | 320561 | 18.02.2025 | 144/AE/ LSGD/ PDM/24-25dt 10. 03.2025 | 3206 |
| 12 | 466/25 | കൊച്ചുപഴയാറ്റിൽ പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | ഷാജു. റ്റി | 75000 (റോഡ് മെയിന്റനൻസ് ഫണ്ട്) | 62454 | 16.03.2024 | 10/AE/ LSGD/ PDM/24-25dt 03. 07.2024 | 1000 |
| 13 | 496/25 | കൊച്ചുപഴയാറ്റിൽ പടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | ഷാജു. റ്റി | 75000 (റോഡ് മെയിന്റനൻസ് ഫണ്ട്) | 62454 | 16.03.2024 | 10/AE/ LSGD/ PDM/24-25dt 03. 07.2024 | 1000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | 568/25 | ചാങ്ങയിൽ കാസിം റോഡ് കോൺക്രീറ്റ് ഡിവിഷൻ-9 | പന്തളം ലേബർ കോപ്പറേറ്റീവ് സൊസൈറ്റി | 550000 (റോഡ് മെയിന്റനൻസ് ഫണ്ട്) | 183146 | 11.10.2023 | 42/AE/ LSGD/ PDM/23-24dt 03. 11.2023 | 1831 |
| 15 | 400/25 | ചരുവിള ഏലക്കോട് ബംഗ്ളാവിൽ പടി ഭാഗം സംരക്ഷണഭിത്തി നിർമ്മാണം | ഉണ്ണികൃഷ്ണൻ കെ | 600000 (റോഡ് മെയിന്റനൻസ് ഫണ്ട്) | 403523 | 21.02.2024 | 137/AE/ LSGD/ PDM/23-24dt 16. 03.2024 | 4035 |
| 16 | 725/25 | വെൽനെസ്സ് സെന്റർ അറ്റകുറ്റപ്പണി ഡിവിഷൻ 3&19 | എം.ബി ബിനുകുമാർ | 1430000 (സംസ്ഥാന വിഹിതം) | 1130228 | 18.06.2023 | 06/AE/ LSGD/ PDM/23-24dt 24. 07.2023 | 11302 |
| 17 | 578/25 | ചൂരക്കോട് വലിയതുരുത്ത് ബാക്കി ഭാഗം പുനരുദ്ധാരണം ഡിവിഷൻ -32 | കെ.വി.സുദിൻ | 250000 (വികസനഫണ്ട്-ജനറല്) | 203762 | 24.07.2024 | 98/AE/ LSGD/ PDM/23-24dt 03.02.2025 | 2038 |
| 18 | 572/25 | വേലശ്ശേരിൽ ഭാഗം റോഡ് റീ കോൺക്രീറ്റിംഗ് ഡിവിഷൻ -11 | രതീഷ് കുമാർ ആർ | 70488 (റോഡ് മെയിന്റനൻസ് ഫണ്ട്) | 59710 | 02.03.2024 | 150/AE/ LSGD/ PDM/23-24dt 14.03.2025 | 1000 |

പരിശോധനയിൽ, 18 പ്രവൃത്തികളിലായി ₹51,769/- രൂപ പിഴ ഈടാക്കേണ്ടിയിരുന്നുവെങ്കിലും, ഇത് ഈടാക്കാതെയാണ് ബില്ലുകൾ പാസാക്കിയിരിക്കുന്നത്. കേരള പൊതുമരാമത്ത് വകുപ്പ് ചട്ടങ്ങളുടെ ലംഘനം മൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈടാക്കാതിരുന്ന 51,769/- (രൂ. അൻപത്തി ഒന്നായിരത്തി ഏഴുനൂറ്റി അറുപത്തിയൊമ്പത് രൂപ മാത്രം ) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും അടിയന്തിരമായി ഈടാക്കേണ്ടതും അല്ലാത്ത പക്ഷം വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽ നഷ്ടോത്തരവാദിത്തം നിർണ്ണയിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-54 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകളില്ല

പ്രോജക്ട് നമ്പർ 329/2025 (543/23) പ്രകാരം നഗരസഭയുടെ 28-ാം ഡിവിഷനിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ₹50,000/ എസ്.സി.പി. ഫണ്ട് വകയിരുത്തി വിവിധ ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാമഗ്രികളുടെ വിശദാംശങ്ങൾ ചുവടെ:

| ഇനം | എണ്ണം | തുക (₹) |
|---|---|---|
| 18 W LED ബൾബ് | 161 | 32,063.15 |
| അലൂമിനിയം ബൾബ് ഷേഡ് | 161 | 4,092.62 |
| പെൻഡന്റ് ഹോൾഡർ | 158 | 1,987.64 |
| 2.5 Mm അലൂമിനിയം വയർ | 5 | 3,390.00 |
| ജി.എസ്.ടി | – | 7,476.02 |
| ആകെ | | 49,009.43 |

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഇലക്ട്രിക്കൽ സാമഗ്രികൾ 18.07.2024-ന് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും, അവ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ / പ്രവൃത്തി പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ പർച്ചേയ്സിനായി മാത്രമാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് 19.02.2026-ന് 19-ാം നമ്പർ എൻക്വയറി നൽകിയെങ്കിലും സ്റ്റോക്ക് ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കുകയോ, സ്ഥാപിച്ചതിന്റെ രേഖകൾ സമർപ്പിക്കുകയോ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഇത് സാമ്പത്തിക ചട്ടങ്ങളുടേയും പൊതു ധനത്തിന്റെ ഉപയോഗത്തിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കേണ്ട സർക്കാർ നിർദേശങ്ങളുടേയും ലംഘനമാണ്. സാമഗ്രികൾ യഥാസമയം ഉപയോഗിക്കപ്പെടാതെയും, അവയുടെ സുരക്ഷ

ഉറപ്പാക്കാതെയും സൂക്ഷിച്ചതിനാൽ നഷ്ടം, ദുരുപയോഗം, മോഷണം എന്നീ സാധ്യതകൾ നിലനിൽക്കുന്നു.

ആയതിനാൽ, ചെലവഴിച്ച ₹49,009/-( ബിൽ റഫറൻസ് നമ്പർ24050647001500669869 12/09/2024) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സാധനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്/ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്. സ്ഥാപിച്ചിട്ടില്ലെങ്കിൽ, സ്റ്റോക്ക് ഭൗതിക പരിശോധനയ്ക്ക് ഉടൻ ഹാജരാക്കുകയും നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം നിർണ്ണയിച്ച് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

---

## 1-55 ഹെൽത്ത് ഗ്രാന്റ്-അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബ ക്ഷേമം എന്നീ മേഖലകളിൽ ഫലപ്രദമായി ഇടപെടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV / FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപദ്രേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021-ലെ സ.ഉ.(പി) നം.169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

മേൽ സൂചിപ്പിച്ചവയിൽ 5, 6 സ്കീമുകളിലായിട്ടാണ് പന്തളം നഗരസഭയ്ക്ക് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു. ക്രമ നം.

| | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് (+ബാങ്ക് ചാർജ്) | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ | 0 | 3135000 +21421 (പലിശ) | 0 +94582 (പലിശ) | 3251003 | 0 | 0 +18 | 1703665 +3 | 1703686 | 1547317 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഏർപ്പെടുത്തൽ. | | | | | | | | | |
| 2 | സ്കീം 6– അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ . | 8200000 +126854 (പലിശ) | 2894000 +280624 (പലിശ) | 2813000 +94920 (പലിശ) | 14409398 | 326683 +37 | 6232605 +2 | 4429874 | 10989201 | 3420197 |
| | ആകെ | | | | 17660401 | | | | 12692887 | 4967514 |

പന്തളം നഗരസഭയിൽ എഫ്.എച്ച്.സി മെഡിക്കൽഓഫീസർ, മുനിസിപ്പൽ സെക്രട്ടറി, എ.ഇ(എൽ.എസ്.ജി.ഡി) എന്നിവർ പദ്ധതികളുടെ നിർവഹണം നടത്തിയിട്ടുണ്ട്.

<u>ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിവരം</u>

| ക്രമ നം. | പ്രോജക്ടിന്റെ പേരും, നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| | 2022-23 | | | |
| 1 | പന്തളം നഗരസഭയിലെ വെൽനെസ് സെന്ററുകളുടെ പ്രവർത്തനം (S0426/23) | 8200000 | 0 | സെക്രട്ടറി, മുനിസിപ്പാലിറ്റി |
| | 2023-24 | | | |
| 1 | പന്തളം നഗരസഭയിലെ വെൽനെസ് സെന്ററുകളുടെ പ്രവർത്തനം (S0535/24) | 6500000 | 3147546 | സെക്രട്ടറി, മുനിസിപ്പാലിറ്റി |
| 2 | പന്തളം നഗരസഭയിലെ വെൽനെസ് സെന്റർ കെട്ടിടങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ (S0536/24) | 1700000 | 920315 | എ.ഇ (എൽ.എസ്.ജി.ഡി) |
| 3 | പാലിയേറ്റീവ് കെയർ (S0559/24) | 2400000 | 2386265 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 4 | കുടുംബാരോഗ്യ കേന്ദ്രം ദൈനംദിന ചെലവുകൾ (S0560/24) | 289000 | 287951 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 5 | ക്യാൻസർ കെയർ പദ്ധതി (S0561/24) | 205000 | 205000 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 6 | കുടുംബാരോഗ്യ ഉപകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ കുടുംബാരോഗ്യ കേന്ദ്ര ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (S0562/24) | 3135000 | 876819 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| | 2024-25 | | | |
| 1 | പന്തളം നഗരസഭയിലെ വെൽനെസ് സെന്റർ കെട്ടിടങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ (S0725/25) | 779685 | 116179 | എ.ഇ (എൽ.എസ്.ജി.ഡി) |
| 2 | പന്തളം നഗരസഭയിലെ വെൽനെസ് സെന്ററുകളുടെ പ്രവർത്തനം (S0726/25) | 3352454 | 3120389 | സെക്രട്ടറി, മുനിസിപ്പാലിറ്റി |
| 3 | കുടുംബാരോഗ്യ ഉപകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ കുടുംബാരോഗ്യ കേന്ദ്ര ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (S0731/25) | 2258181 | 2222155 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 4 | പന്തളം നഗരസഭയിലെ വെൽനെസ് സെന്ററുകളുടെ പ്രവർത്തനം (S0816/25) | 1700000 | 0 | സെക്രട്ടറി, മുനിസിപ്പാലിറ്റി |
| 5 | ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ (S0817/25) | 350000 | 0 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 6 | ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം (S0818/25) | 150000 | 0 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 7 | ഹെൽത്ത് വെൽനെസ് ഫീൽഡ് തല പ്രവർത്തനങ്ങൾ (S0819/25) | 613000 | 0 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

2024-25 വരെ സ്കീം-5, സ്കീം-6 എന്നിവയ്ക്കായി ആകെ 12692887 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം അടച്ചതിന്റെ വിവരം

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*(ശരാശരി) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 18 | 85500 | 85500 | 0 | |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 11/2024 | - | 2000 | 2000 | കുടിശ്ശിക തുക അടച്ചിട്ടില്ല. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| അമൃത് മിഷൻ | AMRUT മിഷൻ | 48000000 | 0 | 48000000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പത്തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY KURDFC | 81400000 | 68266666 | 0 | 6826667 | | 61439999 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6785836 |
| തൻവർഷം നിക്ഷേപിച്ച തുക | 7100000 |
| ലഭിച്ച പലിശ | 458910 |
| ആകെ | 14344746 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14344746 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ഐ.സി.ഐ.സി.ഐ ബാങ്ക് | 10/03/2025 | 15 മാസം | 7100000 |
| 2 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | 11/06/24 | 12മാസം | 7244746 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2022-23 | 1-46 | 74947 | ശ്രീ.ബിനുകുമാർ എം.ബി. | RM0304002500278/29.05.2025 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2000-01 | 9 | 2004-05 | 3-4 | രസീതുകൾ ഹാജരാക്കിയിട്ടില്ല. | സമിതിയുടെ പരിഗണനയിൽ |
| 2000-01 | 17, 19 | 2004-05 | 3-3(5) | മുൻകൂർ വാങ്ങി പണി പൂർത്തിയാക്കിയിട്ടില്ല | പി.റ്റി.എ. കമ്മിറ്റി ചെയർമാൻ ശ്രീ ഭാർഗവൻപിള്ളയ്ക്കെതിരെ ആർ.ആർ. നടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശുപാർശ ചെയ്തു. |
| 2001-02 | 20 (എ) | 2004-05 | 3-1 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - പ്രവൃത്തി പൂർത്തീകരിച്ചില്ല | സമിതിയുടെ പരിഗണനയിൽ |
| | 20 (ബി) | | 3-3(2) | മരാമത്ത് പ്രവൃത്തികൾ പൂർത്തീയാക്കാതെ ഉപേക്ഷിച്ചു | സമിതിയുടെ പരിഗണനയിൽ |
| | 9 | | 3-4 | രസീതുകൾ ഹാജരാക്കിയിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| | 2-44 | 2007-08 | 3-13(1) | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | സമിതിയുടെ പരിഗണനയിൽ |
| | 2-21 | 2007-08 | 3-15(1) | കൊച്ചിൻ റിഫൈനറിയിൽ നിന്നും ടാർ വാങ്ങിയതിന്റെ വില ഡി.ഡി. ആയി നൽകി | സമിതിയുടെ പരിഗണനയിൽ |
| 2001-2002 | 20(a) | 2004-05 | 3.3.1.1(2) | മരാമത്ത് പണികൾ പൂർത്തിയായില്ല – പഞ്ചായത്തിന് 2.3 ലക്ഷം നഷ്ടം<br>പന്തളം ഗ്രാമപഞ്ചായത്തിൽ 2001-2002-ൽ മുൻകൂർ കൊടുത്ത മരാമത്ത് പ്രവൃത്തികൾ നാളിതുവരെയായിട്ടും ആരംഭിക്കാത്തതു വഴി 2,31,715 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. | കൺവീനർമാർക്കെതിരെയുള്ള ആർ. ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സമിതി ശുപാർശ ചെയ്തു. |
| 2002-03 ചെലവ് | 2-46 | 2007-08 | 3-15(2) | ആധുനിക അറവുശാല നിർമ്മാണം | SILK-ൽനിന്നും തുക തിരികെ ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| 2002-03 | 2-21 | 2007-08 | 3-15(1) | കൊച്ചിൻ | തുടർ നടപടി |

| | | | | | |
|---|---|---|---|---|---|
| ചെലവ് | | | | റിഫൈനറിയിൽ നിന്നും ടാർ വാങ്ങിയതിന്റെ വില ഡ്രാഫ്റ്റായി നൽകി 4,51,685 രൂപ തടസ്സപ്പെടുത്തുന്നു. | സ്വീകരിക്കാതിരുന്നതിനാൽ അടിയന്തിരമായി റിപ്പോർട്ട് നൽകുവാൻ സർക്കാരിനോട് സമിതി ശുപാർശ ചെയ്തു |
| 2002-03 ചെലവ് | 2-21 | 2007-08 | 3-13(1) | കാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തത് | സമിതി ശുപാർശ ചെയ്തതു പ്രകാരം സ്ഥല പരിശോധന നടത്തി ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകി. |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | | 2013-14 | 6.2.3 | വാടക/ ലേസൻസ് ഫീ- ഭീമമായ കടിശ്ശിക- വ്യവഹാരങ്ങൾ അനന്തമായി നീളുന്നു | സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തന ക്ഷമത റിപ്പോർട്ട് | | 2013-14 | 6.2.1 | പൊതുമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ബസ്സ്റ്റാന്റ് / കമ്മ്യൂണിറ്റി ഹാൾ- എന്നിവയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | സമിതിയുടെ പരിഗണനയിൽ |
| 2011-12 & 2012-13 | | 2012-13 | | മരാമത്ത് പ്രവൃത്തികൾക്ക് ടാർ ഉപയോഗിക്കാതെ തിരിമറി നടത്തി- ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് വിജിലൻസ് അന്വേഷണം | കുറ്റക്കാരനെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ട്, വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്ത് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു |
| | അനുബന്ധം | 2017-18 | 2-6 | തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർച്ചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 267875986.28 | 179098374 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 171758308 | 166919331 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6418 | |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6630722 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38 | 6418 | ശ്രീമതി അനിത ഇ ബി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 3942513 | ശ്രീ രാജഗോപാലൻ പി ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 499500 | ശ്രീ രാജഗോപാലൻ പി ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 1350000 | ശ്രീ രാജഗോപാലൻ പി ഐ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-38 | 789700 | ശ്രീമതി അനിത ഇ ബി, സെക്രട്ടറി |
| 1-54 | 49009 | രാധികാ എസ്സ് , അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 6630722 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രാജഗോപാലൻ പി ഐ, അസിസ്റ്റന്റ് സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | പുതുപ്പറമ്പത്ത് ഏറമംഗലം ബാലുശ്ശേരി പി ഒ |
| ശ്രീമതി അനിത ഇ ബി, സെക്രട്ടറി | സെക്രട്ടറി, പന്തളം നഗരസഭ | വെട്ടേത്ത്, കോന്നി താഴം വെട്ടൂർ പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1993-94 | നം. എൽ.എഫ്.പിറ്റിഎ.പി.3-635/01/31.12.2001 |
| 1994-95 | നം. എൽ.എഫ്.പിറ്റിഎ.പി.3-633/01/27.02.2002 |
| 1995-96 | നം. എൽ.എഫ്.പിറ്റിഎ.പി.4-1143/07/31.03.2009 |
| 1996-97 | നം. എൽ.എഫ്.പിറ്റിഎ.പി.4-1144/07/31.03.2009 |
| 1997-98 | നം. എൽ.എഫ്.പിറ്റിഎ.പി.4-1145/07/31.03.2009 |
| 2000-01 (ജനകീയാസൂത്രണം) | നം. എൽ.എഫ്.പിറ്റിഎ.പി.2-456/2003/10.09.2004 |
| 2001-02 (ജനകീയാസൂത്രണം) | നം. എൽ.എഫ്.പിറ്റിഎ.പി.2-457/2003/10.09.2004 |
| 2000-01 (ജനകീയാസൂത്രണം | നം.എൽ.എഫ്.പിറ്റിഎ.പി.2-471/2005/17.12.2005 |

| | |
|---|---|
| ഒഴികെ ചെലവ്) | |
| 2002-03 (ചെലവ്) | നം. എൽ.എഫ്.പിറ്റിഎ.പി.4-214/07/26.03.2007 |
| 2003-04 | നം. എൽ.എഫ്.പിറ്റിഎ.പി.7-8/2009/06.01.2010 |
| 2004-05 | നം. എൽ.എഫ്.പിറ്റിഎ.പി.-7-9/2009/06.01.2010 |
| 2005-06 | നം. എൽ.എഫ്.പിറ്റിഎ. പി.7-161/10/ 07.12.2010/23.08.2011 |
| 2006-07 | നം. എൽ.എഫ്.പിറ്റിഎ.പി.7-162/10/02.11.10/03.08.11 |
| 2007-08, 2008-09, 2009-10 | നം. എൽ.എഫ്.പിറ്റിഎ.പി..5-818/12/25.10.12/ 26.03.13 |
| 2010-11, 2011-12 | നം. എൽ.എഫ്.പി.റ്റിഎപി.11-171/14/02.05.14/ 30.08.14 |
| 2012-13, 2013-14 | നം. എൽ.എഫ്.പിറ്റിഎ.പി.11-296/15/25.07.15 |
| 2014-15 | നം. കെ.എസ്.എ.പിറ്റിഎ.പി.11-714/2015/10.08.15 |
| 2015-16 | നം. കെ.എസ്.എ.പിറ്റിഎ.പി.2-104/17/18.02.17 |
| 2016-17 | നം. കെ.എസ്.എ.പിറ്റിഎ.പി.2-1214/17 തീയതി 14.12.17 |
| 2017-18 | നം. കെ.എസ്.എ.പിറ്റിഎ.പി.2- 428/19 തീയതി 24.05.2019 |
| 2018-19 | നം. കെ.എസ്.എ.പിറ്റിഎ.പി2-17/2020 തീയതി 16.3.2020 |
| 2019-20 | നം. കെ.എസ്.എ.പിറ്റിഎ.പി2-496/2022 തീയതി 25.6.2022 |
| 2020-21 | നം. കെ.എസ്.എ.പിറ്റിഎ.പി2-/701/2022 തീയതി 17.08.2022 |
| 2021-22 | നം. കെ.എസ്.എ.പിറ്റിഎ.പി2-210/2023 തീയതി 30.03.2023 |
| 2022-23 | നം. കെ.എസ്.എ.പിറ്റിഎ.പി2-/131/24 തീയതി 30.03.2023 19/03/2024 |
| 2023-24 | നം. കെ.എസ്.എ.പിറ്റിഎ.പി2/91/25 തീയതി 28.03.2025 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , പത്തനംതിട്ട.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 21(7) dated 04-11-2025 and submitted on 06-01-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the PANDALAM Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of PANDALAM Municipality as on 31-03-2025

Date: 16/03/2026

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

**Audit Report appended to the Audit Certificate of PANDALAM Municipality for the Year 2024-2025 .**

**1.Major Observations**

1) The value of assets shown in the AFS are not correct & not traceble to asset register.
2)The financial statements do not reflect a true and fair picture of the actual income, expenditure, assets,

and liabilities of the institution due to inadequacies in accounting.

**2.Other Observations**

1)The mandatory financial statements prescribed in accounting rules such as notes to accounts as per the rules of accounts are not included in the AFS.
2)Bank reconciliation- Details of cheques issued are not available to audit.
3)Income and expenditure are not recorded in the appropriate heads.
4)Registers such as appropriation control register of specific purpose grant, deposit register, stock register are not maintained properly.
5)Accounting of grant amounts is not accurate.
6)Beneficiary contribution - Accuracy of the balance is not ascertained.
7)Finance Commission Grant- Expenditure amount does not match with Sulekha and AFS
8)Other liabilities-Accounts are not maintained in a proper way.
9)Fixed deposits-Accounting of fixed deposit is not correct.
10)Redemption- Balance shown is not accurate.
11)Property tax- Demand collection balance amounts do not match with AFS.
12)Receivables-No records were kept to check accuracy. The amount shown in head B-15
13)Advances given to employees- Amounts in the annual accounts and the register do not match.
14)Auction income is wrongly accounted in the liability head.
15)Ayyankali Employment guarantee scheme- income and expenditure amounts are not accounted in schedule I-14 and I-6.
16)Accuracy of deposits is not certified due to lack of deposit register.
17)Prior Period Items - No records available to check accuracy of adjustment entry and correction entry recorded in Prior Period items in schedule I-19

18)Social Security pension â Accounting of income expenditure is not accurate.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്